
# DECEMBER 2022 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 40000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram | Subscribe | GET IT ON Google Play

- **പരീക്ഷയോടു അടുക്കുമ്പോൾ മാത്രം കറണ്ട്അഫയർ നോക്കുമ്പോഴാണ് , കറണ്ട്അഫയർ പരസ്പരബന്ധമില്ലാത്ത വിവരങ്ങളുടെ വലിയൊരുശേഖരം ആയി തോന്നുന്നത്, സ്വാഭാവികമായി മടപ്പുവരും, എന്തൊക്കെയോ വായിച്ച് CA പഠിച്ചു എന്ന് വരുത്തിത്തീർക്കും**
- **ഓരോദിവസവും ആ ദിവസത്തെ കറണ്ട്അഫയർ പഠിച്ചു നോക്കൂ**
- **ഇന്നു പഠിച്ചു തുടങ്ങുന്നവർ ഇന്നത്തെ CA പഠിക്കുന്നതിനൊപ്പം പഴയ Daily CA കൂടെ കുറേശ്ശെ വായിച്ചു പഠിച്ചു നോക്കൂ – കൃത്യമായ ഇടവേളകളിൽ റിവിഷൻ ചെയ്യൂ പെട്ടെന്ന്തന്നെ ട്രാക്കിലേക്ക് വരാൻ സാധിക്കും☺**
- **അത്തരത്തിൽ തിരഞ്ഞെടുത്ത ഏതാനും ചോദ്യങ്ങൾ അടങ്ങിയ ഈ ഫയൽ നിങ്ങൾക്ക് ഉപകരിക്കട്ടെ**
- **വോയിസ്ടൈപ്പ്ചെയ്തതിനാൽ , അക്ഷരതെറ്റുകൾ** (ആശയം മനസിലാക്കുന്നതിനെ തടസ്സപ്പെടുത്തുന്നത്ത്) **ക്ഷമിക്കുക**

## DEC 1

- 1988 മുതൽ എല്ലാ വർഷവും ലോക എയ്ഡ്സ് ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 1**
- ഈ വർഷത്തെ ലോക എയ്ഡ്സ് ദിനത്തിന്റെ പ്രമേയം ?
  - **Equalize**
- ഉത്തരാഖണ്ഡ് സർക്കാർ ബ്രാൻഡ് അംബാസഡറായി നിയമിച്ചത് ആരെയാണ് ?
  - **പ്രസൂൺ ജോഷി**
- നവംബർ 29 ന് യുപിഎസ്സി അംഗമായി നിയമിക്കപ്പെട്ട മുൻ ആരോഗ്യ സെക്രട്ടറി ആരാണ് ?
  - **പ്രീതി സുദാൻ**
- ടൊയോട്ട കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡിന്റെ വൈസ് ചെയർമാൻ ഹൃദയാഘാതം മൂലം അന്തരിച്ചു. പേര് ?
  - **വിക്രം കിർലോസ്കർ (64)**
- 2024 മാർച്ചോടെ ഏത് എയർലൈൻസ് ആണ് എയർ ഇന്ത്യയുമായി ലയിപ്പിക്കുമെന്ന് ടാറ്റ സൺസ് കമ്പനി അറിയിച്ചത് ?
  - **വിസ്താര എയർലൈൻസ്**
- അന്താരാഷ്ട്ര ഗീതാ മഹോത്സവം ഉദ്ഘാടനം ചെയ്തത് ?
  - **ദ്രൗപദി മുർമു (കുരുക്ഷേത്ര,ഹരിയാന)**
- ഗുണഭോക്തൃതരായ കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ പരിശോധനയും വൈദ്യ സഹായവും ലഭ്യമാക്കുന്നതിന് ഹരിയാന ഗവൺമെന്റ് ആരംഭിച്ച പദ്ധതി ?
  - **നിരോഗി ഹരിയാന**

- നിലവിൽ ലോകത്തെ പ്രമുഖ സാമ്പത്തിക ശക്തികളുടെ കൂട്ടായ്മയായ ജി-20 അധ്യക്ഷത വഹിക്കുന്ന രാജ്യം ?
  - **ഇന്ത്യ**

- ഇന്ത്യയുൾപ്പെടെ 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ചേർന്ന കൂട്ടായ്മയായ ജി-20 നിലവിൽ വന്നത് ?
  - **1999 സെപ്റ്റംബർ 26**
- വടക്കു കിഴക്കിന്റെ സാംസ്കാരികത്തനിമ പ്രദർശിപ്പിക്കുന്ന ഏത് ഉത്സവത്തോടെയാണ് ജി-20 അധ്യക്ഷ പദവിയുമായി ബന്ധപ്പെട്ട ആഘോഷം ആരംഭിക്കുന്നത് ?
  - **നാഗാലാൻഡിലെ ഹോൺബിൽ ഉത്സവം**
- നടപ്പു സാമ്പത്തികവർഷം രണ്ടാം പാദത്തിൽ രാജ്യത്തെ വളർച്ച 6.3% എന്ന് പ്രസ്താവിച്ചത് ?
  - **നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്**
- സാമ്പത്തികരംഗത്ത് കുതിച്ചുചാട്ടത്തിന് കാരണമായ പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം നൽകിയ ചൈനയുടെ മുൻ പ്രസിഡന്റ് അന്തരിച്ചു. പേര് ?
  - **ജിയാങ് സെമിൻ (96)**
  - **രക്താർബുദത്തെത്തുടർന്ന് ചികിത്സയിലായിരുന്നു.**
- 2026 മുതൽ ജർമ്മനിയിലേക്ക് ദ്രവീകൃത പ്രകൃതി വാതകം അയയ്ക്കുമെന്ന് പ്രഖ്യാപിച്ച രാജ്യം ?
  - **ഖത്തർ**
- അറബ് ലോകത്തെ ആദ്യ ചാന്ദ്ര ദൗത്യം ആയ യുഎഇ യുടെ റാഷിദ് റോവർ വിക്ഷേപിക്കുന്നത് ?
  - **ഫാൽക്കൺ 9 റോക്കറ്റ്**
  - **ജാപ്പനീസ് കമ്പനിയായ ഐസ്പേസ് (i space) നിർമ്മിച്ച ഹകുട്ടോ-ആർ ലാൻഡറിലാണ് (Hakuto-R lander) റോവർ ചന്ദ്രനിലേക്ക് അയക്കുക.**
- ലോകത്തെ ഏറ്റവും നീളമുള്ളത് എന്നു കരുതുന്ന ജീവിയെ പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ കടലിനടിയിൽ 600 മീ. താഴെ പാറയിടുക്കിൽ കണ്ടെത്തി. ഏകദേശം 45 മീറ്റർ നീളമുള്ള ഇത് ചുറ്റുചുറ്റായി സർപ്പിളാകൃതിയാണ്. ഏതിനം ജീവിയാണ് ഇത് ?
  - **അപ്പോലെമിയ ജനുസ്സിൽ ഉൾപ്പെടുന്ന ജീവി**
- റഷ്യയിലെ സൈബീരിയ മേഖലയിലെ പെർമാഫ്രോസ്റ്റിൽ നിന്ന് ശേഖരിച്ച സാമ്പിളുകളിൽ നിന്ന് യൂറോപ്യൻ ഗവേഷകർ കണ്ടെത്തിയ 48500 വർഷം പഴക്കമുള്ള വൈറസുകൾ ?

- **സോംബി വൈറസുകൾ**

❖ ഛത്തീസ്ഗഢിലെ സുക്മയിൽ സി.ആർ.പി.എഫ്. ക്യാമ്പിനു നേരെയുണ്ടായ മാവോവാദി ആക്രമണത്തിൽ വീരമൃത്യു വരിച്ച പാലക്കാട് സ്വദേശിയായ ധീരജവാൻ ?

- **എസ്. മുഹമ്മദ് ഹക്കിം (35)**

❖ 2022 നവംബറിൽ മികച്ച കരകൗശല വിദഗ്ദർക്കുള്ള ശില്പഗുരു പുരസ്കാരത്തിന് രണ്ടാം തവണയും അർഹനായ മലയാളി ?

- **കെ. ആർ. മോഹനൻ (പുരസ്കാരത്തിന് അർഹനായത്- 2017,2022)**

❖ കേരള സംഗീത നാടക അക്കാദമിയും കേരള സാംസ്കാരിക വകുപ്പും സംയുക്തമായി നടത്തുന്ന 13-മത് രാജ്യാന്തര നാടകോത്സവത്തിന് വേദിയാകുന്നത് ?

- **തൃശൂർ**

❖ കേരളത്തിലെ മികച്ച കായികതാരത്തിനുള്ള ജിമ്മി ജോർജ് ഫൗണ്ടേഷൻ പുരസ്കാരത്തിന് അർഹനായ ബാഡ്മിന്റൺ താരം ?

- **എച്ച്. എസ്. പ്രണോയ് (1 ലക്ഷം ₹ യും ഫലകവും)**

## DEC 2

❖ ദേശീയ മലിനീകരണ നിയന്ത്രണ ദിനം ആചരിക്കുന്നത് ?

- **ഡിസംബർ 2**

❖ ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം ആചരിക്കുന്നത് ?

- **ഡിസംബർ 2**

❖ International Day for the Abolition of Slavery ആചരിക്കുന്നത് ?

- **ഡിസംബർ 2 (1986 മുതൽ)**

❖ യുഎസിലെ ഇന്ത്യൻ അംബാസഡറുടെ കാലാവധി 1 വർഷം കൂടി നീട്ടി. ആരാണ് നിലവിലെ യുഎസിലെ ഇന്ത്യൻ അംബാസഡർ ?

- **തരൺജിത് സിംഗ് സന്ധു**

❖ ഓസ്‌ട്രേലിയയിലെ ഏത് പവിഴപ്പുറ്റ് ശൃംഖലയെ അപകടാവസ്ഥയിലുള്ള പൈതൃക കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ യുഎൻ ശിപാർശ ചെയ്തത് ?

- **ഗ്രേറ്റ് ബാരിയർ റീഫ്**

❖ ട്വിറ്ററിലെ ഒരു ട്വീറ്റിൽ ഉപയോഗിക്കാവുന്ന അക്ഷരങ്ങളുടെ പരിധി എത്രയായാണ് ഉയർത്തുന്നത്?

- **1000**

- അടുത്തിടെ ചൈന ആശങ്ക അറിയിച്ച ഇന്ത്യ-യുഎസ് സംയുക്ത സൈനിക അഭ്യാസമായ യുദ്ധ അഭ്യാസ് 22 നടക്കുന്നത് ?
    - **ഉത്തരാഖണ്ഡ്**
- അടുത്തിടെ ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ (DCGI) അംഗീകാരം ലഭിച്ച ലോകത്തിലെ ആദ്യത്തെ ഇൻട്രാനേസൽ വാക്സിൻ ?
    - **INCOVACC**
- വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് INCOVACC വികസിപ്പിച്ചത് ?
    - **ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ്**
- വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളിൽ അന്താരാഷ്ട്ര വ്യാപാരം സംബന്ധിച്ച കൺവെൻഷന്റെ (CITES) അനുബന്ധം II-ൽ അടുത്തിടെ ഉൾപ്പെടുത്തിയ ഉരഗം ?
    - **ജെയ്പൂർ ഗ്രൗണ്ട് ഗെക്കോ (Jeypore Ground Gecko)**
- അടുത്തിടെ യുനെസ്കോ ഇൻടാഞ്ചിബിൾ കൾച്ചറൽ ഹെറിറ്റേജ് സ്റ്റാറ്റസ് നൽകിയ ബേക്കറി ഉൽപ്പന്നം ?
    - **ഫ്രഞ്ച് ബാഗെറ്റ് (French baguette)**
- അൾഷിമേഴ്സ് രോഗം കാരണമുള്ള സ്മൃതി നാശം സാവധാനത്തിൽ ആക്കാൻ യു.എസിലെ ബയോൻ, ജപ്പാനിലെ എയ്സായ് എന്നീ കമ്പനികൾ ചേർന്ന് നിർമ്മിച്ച മരുന്ന് ?
    - **ലെകാനെമാബ്**
- മുംബൈയിലെ ധാരാവി പുനർവികസന പദ്ധതിയിൽ നേതൃത്വം വഹിക്കുന്നത് ?
    - **അദാനി ഗ്രൂപ്പ്**
- പീപ്പിൾ റിസർച്ച് ഓഫ് ഇന്ത്യ കൺസ്യൂമർ എക്കണോമി റിപ്പോർട്ട് പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ മധ്യ വർഗ്ഗക്കാർ കൂടുതൽ ഉള്ളത് ?
    - **മലപ്പുറം**
- 1998-ൽ കേരള കലാമണ്ഡലം അവാർഡ്, 2003-ൽ കേരള സംഗീതനാടക അക്കാദമി അവാർഡ്, 2004-ൽ കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡ്, 2010-ൽ കലാമണ്ഡലം ഫെലോഷിപ്പ് എന്നിവ ലഭിച്ച അടുത്തിടെ അന്തരിച്ച പ്രശസ്ത കഥകളി നടൻ ?
    - **കലാമണ്ഡലം വാസു പിഷാരടി (79)**
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇമ്മ്യൂണോളജിയിൽ (NIA) നടത്തിയ ഗവേഷണത്തിൽ പെപ്റ്റൈഡ് കോംപ്ലക്സ് കണ്ടെത്തലിന് യു എസ് പേറ്റന്റ് ലഭിച്ചത് ?
    - **വിജി വിജയൻ, സരിക ഗുപ്ത**

- പരസ്യ ഏജൻസികളുടെ ദേശീയ സംഘടനയായ അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മലയാളി ?
    - **പ്രശാന്ത് കുമാർ**
- 53-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഐ.സി.എഫ്.ടി. - യുനെസ്കോ ഗാന്ധി മെഡലിന് അർഹമായ ചലച്ചിത്രം ?
    - **പായം എസ്കന്ദരി സംവിധാനം ചെയ്ത നർഗേസി എന്ന ഇറാനിയൻ ചിത്രം**
- ബാഡ്മിന്റൻ ലോക റാങ്കിങ്ങിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിന്റെ സ്ഥാനം ?
    - **6**
- റാവൽപിണ്ടിയിൽ പാക്കിസ്ഥാനെതിരായ ആദ്യ ടെസ്റ്റിന്റെ ആദ്യ ദിനത്തിൽ 506 റൺസ് നേടിയതോടെ ഏറ്റവും കൂടുതൽ റൺസ് നേടിയ രാജ്യം ?
    - **ഇംഗ്ലണ്ട്**
    - **ദക്ഷിണാഫ്രിക്കയ്ക്കെതിരെ സിഡ്നിയിൽ ഓസ്ട്രേലിയയുടെ 112 വർഷം പഴക്കമുള്ള 494-6 ആണ് ഇംഗ്ലണ്ട് മറികടന്നത്.**
- നാല് ഡബിൾ സെഞ്ചുറി നേടുന്ന അഞ്ചാമത്തെ ഓസ്ട്രേലിയൻ താരമായത് ?
    - **സ്റ്റീവ് സ്മിത്ത്**
- ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങളിൽ കളത്തിലിറങ്ങിയ ഗോൾകീപ്പറെന്ന റെക്കോഡ് സ്വന്തമാക്കിയത് ?
    - **ജർമനിയുടെ മാനുവൽ ന്യൂയർ (19 മത്സരങ്ങൾ)**
- ക്രൊയേഷ്യയോട് ഗോൾരഹിത സമനില വഴങ്ങി ലോകകപ്പിൽ നിന്ന് പുറത്തായതിന് പിന്നാലെ രാജി പ്രഖ്യാപിച്ച ബെൽജിയം കോച്ച് ?
    - **റോബർട്ടോ മാർട്ടിനസ്**

## DEC 3

- International Day of Persons with Disabilities ആചരിക്കുന്നത് ?
    - **ഡിസംബർ 3**
- ഈ വർഷത്തെ International Day of Persons with Disabilities ന്റെ പ്രമേയം ?
    - **Transformative solutions for inclusive development**
- മലയാളി ഗവേഷകർ അടങ്ങുന്ന സംഘം കൊച്ചി കായലിൽ നിന്നും കണ്ടെത്തിയ പിലുംനിനിഡെ കുടുംബത്തിൽപെട്ട ഞണ്ടിന് നൽകിയ പേര് ?

- **ബിജോയ്സ് ക്രാബ് (കുസാറ്റ് സ്കൂൾ ഓഫ് മറൈൻ സയൻസ് ഡീനും സീനിയർ പ്രഫസറും പരിസ്ഥിതി ഗവേഷകനുമായ ഡോ. എസ്. ബിജോയ് നന്ദനോടുള്ള ആദരസൂചകമായാണ് പേര് നൽകിയത്)**

❖ ശബരിമലയും പരിസരവും മാലിന്യ നിർമാർജനം ലക്ഷ്യമിട്ട് ആരംഭിച്ച 12-ആം വർഷത്തിലേക്ക് കടക്കുന്ന പദ്ധതി ?

- **പുണ്യം പൂങ്കാവനം**

❖ അടുത്തിടെ കേരളത്തിലെ ഇൻകം ടാക്സ് പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ ആയി നിയമിതയായത് ?

- **ഡോ. ജി. വി. ഹേമലതദേവി**

❖ 2022-ലെ 64-ാമത് സംസ്ഥാന സ്കൂൾ കായികോത്സവത്തിന് വേദിയാകുന്നത് ?

- **തിരുവനന്തപുരം**

❖ സംസ്ഥാന പൊതുമേഖലാ ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ.യുടെ മാനേജിങ് ഡയറക്ടറായി നിയമിതനായത് ?

- **ഡോ. എസ്. കെ. സനിൽ**

❖ അന്തർദേശീയ സഹകരണസഖ്യവും യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിൽ വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ടു പ്രകാരം ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചത് ?

- **കേരള ബാങ്ക്**
- **ലോകത്തെ ഏറ്റവുംവലിയ 300 സഹകരണസംഘങ്ങളുടെ പട്ടികയിൽ ധനകാര്യ സേവനമേഖലയിലെ പ്രവർത്തനത്തിനാണ് നേട്ടം.**

❖ അടുത്തിടെ ഇന്ത്യയിലെ വിമാനത്താവളങ്ങളിൽ ഡിജിറ്റലായി വിവരങ്ങൾ നൽകി പ്രവേശിക്കാൻ യാത്രക്കാർക്ക് അവസരം ലഭിക്കുന്ന പദ്ധതി ?

- **ഡിജി യാത്ര**

❖ Integrated Rocket Facility ആരംഭിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം ?

- **തെലങ്കാന**

❖ ആദ്യത്തെ ട്രൈബൽ വിന്റർ ഫെസ്റ്റിവൽ അടുത്തിടെ നടന്നത് ?

- **ബന്ദിപ്പോര, ജമ്മു കാശ്മീർ**

❖ ഇന്ത്യയുടെയും ബംഗ്ലാദേശിന്റെയും അയൽ പ്രദേശങ്ങൾ തമ്മിലുള്ള അടുത്ത സാംസ്കാരിക ബന്ധം ആഘോഷിക്കുന്ന പ്രഥമ സിൽഹറ്റ്-സിൽചാർ ഫെസ്റ്റിവൽ 2022 ഡിസംബർ 2 ന് ആരംഭിച്ചത് ?

  - **ബാരക് വാലി, അസം**

- 2022 ഡിസംബർ 3 മുതൽ 6 വരെ അന്താരാഷ്ട്ര ലൂസോഫോൺ ഫെസ്റ്റിവൽ നടക്കുന്നത് ?
  - **ഗോവ**
- ഐക്യരാഷ്ട്ര സഭ രക്ഷാസമിതിയുടെ 2022 ഡിസംബർ മാസത്തെ അദ്ധ്യക്ഷപദവി ഏറ്റെടുത്തത് ?
  - **ഇന്ത്യ (2021 ഓഗസ്റ്റിലും ഇന്ത്യ അദ്ധ്യക്ഷ പദവി വഹിച്ചിരുന്നു)**
  - **ഇന്ത്യയുടെ യുഎൻ അംബാസഡർ- രുചിരാ കംബോജ്**
- ഗുജറാത്തിലെ സോമനാഥ് ജില്ലയിലെ ഗിർ വനത്തിലെ പോളിംഗ് ബൂത്തിന്റെ പ്രത്യേകത എന്താണ് ?
  - **തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരൊറ്റ വോട്ടർക്ക് ആയി പോളിംഗ് ബൂത്ത് ഒരുക്കിയിരിക്കുന്നു.**
- കടുവകൾക്ക് വേണ്ടിയുള്ളത് പോലെ 'പ്രോജക്റ്റ് ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്' ആരംഭിക്കുന്നത് പരിഗണിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചത് ?
  - **സുപ്രീം കോടതി**
- അടുത്തിടെ One District One Sport scheme ആരംഭിച്ച സംസ്ഥാനം ?
  - **ഉത്തർപ്രദേശ്**
- ധനമന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര റവന്യൂ വകുപ്പിൽ പുതിയ സെക്രട്ടറിയായി ചുമതലയേറ്റ മുതിർന്ന IAS ഉദ്യോഗസ്ഥൻ ?
  - **സഞ്ജയ് മൽഹോത്ര**
- അമേരിക്കയിലെ 'The Emissary of Peace' അവാർഡ് ലഭിച്ചത് ?
  - **ശ്രീ രവിശങ്കർ**
- 'ദി ചിപ്കോ മൂവ്മെന്റ്: എ പീപ്പിൾസ് ഹിസ്റ്ററി' എന്ന പുസ്തകം 2022 ലെ കമലാദേവി ചതോപാധ്യായ എൻഐഎഫ് പുരസ്കാരം നേടി. രചയിതാവ് ആര് ?
  - **ശേഖർ പഥക് (15 ലക്ഷം ₹, ട്രോഫിയും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം)**
- അന്ധർക്കായുള്ള മൂന്നാം ടി20 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റ് നടക്കുന്നത് ?
  - **ഇന്ത്യ (ഡിസംബർ 5-17)**

- അന്ധർക്കായുള്ള മൂന്നാം ടി20 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന്റെ ബ്രാൻഡ് അംബാസഡർ ?
  - **യുവരാജ് സിംഗ്**
- ചരിത്രത്തിൽ ആദ്യമായി പൂർണ്ണമായും വനിതകൾ നിയന്ത്രിച്ച ആദ്യ പുരുഷ ഫുട്ബോൾ മൽസരം ?
  - **ജർമനി vs കോസ്റ്റാറിക്ക മത്സരം**
  - **റഫറിമാർ:: സ്റ്റെഫാനി ഫ്രാപ്പാർട്ട്, ന്യൂസ ബക്ക്, കാരെൻ ഡയസ്**
- വിജയ് ഹസാരെ ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ മഹാരാഷ്ട്രയെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി രണ്ടാം തവണയും ജേതാക്കളായത് ?
  - **സൗരാഷ്ട്ര**

## DEC 4

- ഹാസ്യത്തിലും കഥാപാത്രങ്ങളുടെ അവതരണത്തിലും പ്രത്യേകത പുലർത്തി മലയാളി മനസ്സിൽ ഇടം നേടിയ സിനിമ, സീരിയൽ,നാടക നടൻ കൊച്ചു പ്രേമൻ (66) അന്തരിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥ നാമം ?
  - **കെ. എസ്. പ്രേംകുമാർ ( ആദ്യ സിനിമ: ഏഴു നിറങ്ങൾ (1979) )**
- എറണാകുളം പ്രസ് ക്ലബ് മുൻ പ്രസിഡന്റായിരുന്ന പി. എസ്. ജോണിന്റെ പേരിലുള്ള എൻഡോവ്മെന്റ് പുരസ്കാരം (10,000 ₹) നേടിയ മുതിർന്ന കോൺഗ്രസ് നേതാവ് ?
  - **വയലാർ രവി**
- ദാർശനികനും എഴുത്തുകാരനും ഈശോസഭാ വൈദികനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **ഫാ. ഡോ. ഏബ്രഹാം അടപ്പൂർ (97)**
- 27-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ ജൂറി ചെയർമാനായ ജർമൻ സംവിധായകൻ ?
  - **വീറ്റ് ഹെൽമർ**
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ സജ്ജമാക്കിയ വേദിക് ഇ-സ്കൂൾ നിലവിൽ വരുന്ന കേരളത്തിലെ നഗരം ?
  - **കൊച്ചി**

- ചിത്രസംയോജകനും ദൂരദർശനിൽ അസിസ്റ്റന്റ് പ്രോഗ്രാം ഡയറക്ടറുമായിരുന്ന അടുത്തിടെ അന്തരിച്ച വ്യക്തി ?

- **മധു കൈനകരി (71)**

❖ സംസ്ഥാനത്തെ ആദ്യ ബാലവകാശ ക്ലബിന് തുടക്കം കുറിച്ചത് ?

- **വിതുര ഗവൺമെന്റ് വൊക്കേഷണൽ ഹൈസ്കൂൾ**

❖ മതപരിവർത്തനം നടത്തിയയാൾക്ക് മതംമാറ്റത്തിന് മുമ്പുണ്ടായിരുന്ന ജാതിയുടെ പേരിലുള്ള ആനുകൂല്യം അവകാശപ്പെടാനാവില്ലെന്ന് പ്രസ്താവിച്ചത് ?

- **മദ്രാസ് ഹൈക്കോടതി**

❖ ദേശീയ പിന്നാക്ക കമ്മീഷൻ ചെയർമാൻ ആയി ചുമതലയേറ്റത് ?

- **ഹൻസ് രാജ് അഹിർ**

❖ കൃത്യമായ രേഖകളില്ലാതെ ഓടുന്ന വാഹനങ്ങൾ പരിശോധിക്കാൻ ഇ-ഡിറ്റക്ഷൻ പോർട്ടൽ വികസിപ്പിച്ച സംസ്ഥാനം ?

- **ഒഡീഷ**

❖ ആൻഡമാൻ നിക്കോബാറിലെ 21 ദ്വീപുകൾക്ക് ഇനി അറിയപ്പെടുക പരംവീർ ചക്ര ലഭിച്ച സൈനികരുടെ പേരിൽ. എങ്കിൽ INAN 370 ദ്വീപ് ആരുടെ പേരിൽ ആണ് അറിയപ്പെടുക ?

- **മേജർ സോമനാഥ ശർമ**

❖ 2022 നവംബർ 30-ന് രാജസ്ഥാനിലെ മരുഭൂമിയിൽ സുദർശൻ പ്രഹാർ എന്ന അഭ്യാസം നടത്തിയത് ?

- **ഇന്ത്യൻ ആർമിയിലെ സുദർശൻ ചക്ര കോർപ്സ്**

❖ തെലങ്കാനയിലെ മഹ്ബൂബ് നഗർ ജില്ലയിൽ ലിഥിയം അയൺ ബാറ്ററികൾക്കായി അത്യാധുനിക ഗവേഷണ-നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്ന കമ്പനി ?

- **അമര രാജ ബാറ്ററീസ് ലിമിറ്റഡ്**

❖ ന്യൂയോർക്ക് ഫിലിം ക്രിട്ടിക്സ് സർക്കിളിന്റെ മികച്ച സംവിധായകനായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **എസ് എസ് രാജമൗലി (സിനിമ: RRR)**

❖ പരിസ്ഥിതി ഓസ്കർ എന്നറിയപ്പെടുന്ന പുരസ്കാരം ?

- **എർത്ത് ഷോട്ട് പുരസ്കാരം**

❖ ഇത്തവണത്തെ എർത്ത് ഷോട്ട് പുരസ്കാരം നേടിയത് ?

- തെലങ്കാനയി**ലെ സ്റ്റാർട്ടപ്പ് കമ്പനിയായ ഖെയ്തി**

❖ 'പരിസ്ഥിതി സംരക്ഷണവും പുനരുജ്ജീവനവും' എന്ന വിഭാഗത്തിലാണ് ഖെയ്തിക്ക് അവാർഡ്. പുരസ്കാരം ഏർപ്പെടുത്തിയത് ആരാണ് ?

- **ബ്രിട്ടണിലെ വില്യം രാജകുമാരൻ (10ലക്ഷം £ ~= 10 കോടി ₹)**

❖ വെയ്റ്റി യുടെ സഹസ്ഥാപകനും സിഇഒയും ആരാണ് ?

- **കൗഷിക് കപ്പഗണ്ഡലു**

❖ Wearables ടെക്നോളജി കമ്പനിയായ NOISE അതിന്റെ സ്മാർട്ട് വാച്ച് ശ്രേണിയുടെ പുതിയ ബ്രാൻഡ് അംബാസഡർ ?

- **വിരാട് കോഹ്‌ലി**

❖ ഫുട്ബോളിൽ ബ്രസീലിനെ തോൽപ്പിക്കുന്ന ആദ്യ ആഫ്രിക്കൻ രാജ്യം ?

- **കാമറൂൺ**

❖ അർജന്റീനയ്ക്കായി ഏറ്റവും കൂടുതൽ ലോകകപ്പ് ഗോളുകൾ നേടിയവരിൽ ഡീഗോ മറഡോണയെ മറികടന്ന് രണ്ടാമത് എത്തിയത് ?

- **ലയണൽ മെസ്സി**
- **( 1. ഗബ്രിയേൽ ബാറ്റിസ്റ്റ്യൂട്ട 10 ഗോൾ, 2. ലയണൽ മെസ്സി 9 ഗോൾ, 3. ഡീഗോ മറഡോണ 8 ഗോൾ)**

## DEC 5

❖ ഇന്ത്യൻ നാവികസേന ദിനം ആചരിക്കുന്നത് ?

- **ഡിസംബർ 4**

❖ ലോക മണ്ണ് ദിനം എല്ലാ വർഷവും ആചരിക്കുന്നത് ?

- **ഡിസംബർ 5**

❖ ഈ വർഷത്തെ ലോക മണ്ണ് ദിനത്തിന്റെ പ്രമേയം ?

- **Soils: Where food begins**

❖ അന്താരാഷ്ട്ര ചീറ്റ ദിനം ആഘോഷിക്കുന്നത് ?

- **ഡിസംബർ 4**

❖ ആഗോള ബാങ്കിംഗ് ഉച്ചകോടിയിൽ ബാങ്കേഴ്സ് ബാങ്ക് ഓഫ് ദ ഇയർ 2022 പുരസ്കാരം നേടിയത് ?

- **കാനറ ബാങ്ക്**

❖ കഴിഞ്ഞ ഒരു വർഷത്തിനിടെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ജീവിത ചിലവ് മെച്ചപ്പെട്ടതായി ഏത് ബാങ്കാണ് ഗവേഷണ റിപ്പോർട്ട് പുറത്തുവിട്ടത് ?

- **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**

❖ രണ്ടുമാസമായി തുടരുന്ന ഹിജാബ് വിരുദ്ധ പ്രക്ഷോഭങ്ങളുടെ ഫലമെന്നോണം രാജ്യത്തെ ഔദ്യോഗിക സദാചാര പോലീസിനെ പിരിച്ചുവിട്ട രാജ്യം ?

- **ഇറാൻ**

❖ ഇക്കണോമിസ്റ്റ് ഇന്റലിജൻസ് യൂണിറ്റിന്റെ ഗ്ലോബൽ കോസ്റ്റ് ഓഫ് ലിവിംഗ് സർവേ പ്രകാരം ജീവിക്കാൻ ഏറ്റവും ചെലവേറിയ 172 നഗരങ്ങളുടെ പട്ടികയിൽ ഒന്നാമത് എത്തിയത് ?

- **ന്യൂയോർക്ക് (2. സിംഗപ്പൂർ , 3. ടെൽ അവീവ്.... 171. ട്രിപ്പോളി, 172. ദമാസ്കസ്)**

❖ യുഎസിലെ ഇന്ത്യൻ അംബാസഡർ തരൺജിത് സിങ് സന്ധുവിൽ നിന്ന് പത്മഭൂഷൺ പുരസ്കാരം ഏറ്റുവാങ്ങിയത് ?

- **സുന്ദർ പിച്ചൈ (ഗൂഗിൾ, ആൽഫബെറ്റ് സിഇഒ)**

❖ മനുഷ്യ മസ്തിഷ്കത്തെ കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളുമായി ബന്ധിപ്പിക്കുന്ന ബ്രയിൻ കമ്പ്യൂട്ടർ ഇന്റർഫേസ് എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുന്ന ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള കമ്പനി ?

- **ന്യൂറലിങ്ക്**

❖ അനുമതി ലഭിച്ചാൽ തലച്ചോറിൽ സ്ഥാപിക്കുന്ന സൂക്ഷ്മോപകരണം (ഇംപ്ലാന്റ്) അടുത്ത ആറ് മാസത്തിനുള്ളിൽ മനുഷ്യരിൽ പരീക്ഷിക്കാൻ ലക്ഷ്യമിടുന്ന കമ്പനി ?

- **ന്യൂറലിങ്ക്**

❖ 2022 ഡിസംബറിൽ എല്ലാ സർക്കാർ സ്കൂളുകളുടെയും പേരിൽ നിന്ന് ജാതിപ്പേര് മാറ്റാൻ തീരുമാനമെടുത്ത സംസ്ഥാനം ?

- **പഞ്ചാബ്**

❖ മെന്റൽ ഹെൽത്ത് ആന്റ് സോഷ്യൽ കെയർ പോളിസി നടപ്പിലാക്കിയ ആദ്യ വടക്ക്-കിഴക്കൻ സംസ്ഥാനം ?

- **മേഘാലയ**

❖ കേരളത്തിലെ ഏറ്റവും നീളം കൂടിയ എലിവേറ്റഡ് (നാലുവരി മേൽപാത)ഹൈവേ ?

- **കഴക്കൂട്ടം, തിരുവനന്തപുരം (2.71 Km)**

❖ കുടുംബശ്രീ സംഘടനാ ശാക്തീകരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്യാമ്പയിൻ ?

- **സുദൃഢം-2022**

❖ സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതികവിദ്യ ഉപയോഗിച്ച് ഗവേഷണവും പിഎച്ച്ഡി യും നടത്തുന്ന ഇന്ത്യയിലെ ഏക ഗവേഷണ കേന്ദ്രമായി മാറിയത് ?

- **ഐസിഫോസ്**

- കലാരംഗത്തെ സമഗ്ര സംഭാവനയ്ക്ക് നൽകപ്പെടുന്ന സ്വരലയ കലാമണ്ഡലം രാമൻകുട്ടി നായർ പുരസ്കാരത്തിന് അർഹയായത് ?
  - **കലാമണ്ഡലം സരസ്വതി**
- അടുത്തിടെ ഗായകൻ പരമൻ അന്നമനടയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രഥമ പുരസ്കാരം നേടിയത് ?
  - **ശ്രീകുമാരൻ തമ്പി**
- സ്വരലയ വിജയ ജയരാജ് പുരസ്കാരം (25000 ₹) ലഭിച്ച വിപ്ലവഗായിക ?
  - **പി. കെ. മേദിനി**
- 72-ാമത് ദേശീയ സീനിയർ ബാസ്കറ്റ്ബോൾ ഫൈനലിൽ വെള്ളി മെഡൽ നേടിയത് ?
  - **കേരളം വനിതാ ടീം (ഫൈനലിൽ ഇന്ത്യൻ റെയിൽവേയോട് പരാജയപ്പെട്ടു)**
- 72-ാമത് ദേശീയ സീനിയർ ബാസ്കറ്റ്ബോൾ ഫൈനലിൽ പുരുഷ വിഭാഗത്തിൽ തമിഴ്നാടിനെ തോൽപ്പിച്ച് കിരീടം നേടിയത് ?
  - **പഞ്ചാബ്**
- 2003-ൽ ജെയിംസ് കിർട്ട്ലിക്ക് ശേഷം അരങ്ങേറ്റ ടെസ്റ്റിൽ ഇന്നിങ്സിൽ ആറ് വിക്കറ്റ് നേട്ടം കൈവരിക്കുന്ന ഇംഗ്ലണ്ട് ബൗളർ ?
  - **വിൽ ജാക്ക്സ്**

## DEC 6

- മഹാപരിനിർവാൻ ദിവസ് ആയി ആചരിക്കുന്നത് ?
  - **ഡിസംബർ 6, ഡോ. ബി. ആർ. അംബേദ്കറുടെ ചരമവാർഷികം**
- മൈത്രി ദിവസ് ആയി ആചരിക്കാൻ ഇന്ത്യയും ബംഗ്ലാദേശും തീരുമാനിച്ച ദിവസമേത്
  - **ഡിസംബർ 6**
- ഏത് പൊതുമേഖലാ ഖനന കമ്പനിയിൽ നിന്നാണ് കേന്ദ്രസർക്കാരിന് ഇടക്കാല ലാഭവിഹിതമായി 6138 കോടി ₹ ലഭിച്ചത് ?
  - **കോൾ ഇന്ത്യ**
- ഏറ്റവും നീളംകൂടിയ ഇരട്ട മേൽപാത ഒറ്റത്തൂണിൽ നിർമിച്ചതിന് ഗിന്നസ് ലോക റെക്കോഡ് ലഭിച്ചത് ?
  - **ദേശീയപാതാ അതോറിറ്റിക്കും മഹാരാഷ്ട്ര മെട്രോ റെയിൽ കോർപ്പറേഷനും**

- ദേശീയപാതയ്ക്ക് മുകളിൽ സമാന്തരമായി മേൽപ്പാതയും അതിനു മുകളിൽ മെട്രോപാതയും ആയി ഏറ്റവും നീളംകൂടിയ ഇരട്ടമേൽ പാത ഒറ്റത്തൂണിൽ നിർമ്മിച്ചിരിക്കുന്നത് എവിടെയാണ് ?
  - **നാഗ്പൂർ, മഹാരാഷ്ട്ര (3.14 Km നീളത്തിലാണ് ഇരട്ടമേൽപ്പാതകൾ നിർമിച്ചത്)**
- ഫ്രീഡം അറ്റ് മിഡ്നൈറ്റ് (സ്വാതന്ത്ര്യം അർധരാത്രിയിൽ), സിറ്റി ഓഫ് ജോയ് (ആനന്ദ നഗരം) തുടങ്ങിയ വിഖ്യാത കൃതികൾ രചിച്ച ഫ്രഞ്ച് സാഹിത്യകാരൻ അന്തരിച്ചു. പേര് ?
  - **ഡൊമിനിക് ലാപിയെർ (91)**
- ലാപിയെർക്ക് ഇന്ത്യ പദ്മഭൂഷൺ നൽകി ആദരിച്ചത് ?
  - **2008**
- കോവിഡ് 19നു കാരണമായ സാർസ്-കോവ്-2 വൈറസ് ചൈനയിലെ വുഹാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ (WIV) നിന്നു ചോർന്നതാണെന്ന് വെളിപ്പെടുത്തിയ ശാസ്ത്രജ്ഞൻ ?
  - **ആൻഡ്രൂ ഹഫ്**
- The Truth about Wuhan എന്ന പുസ്തകം രചിച്ചത് ?
  - **ആൻഡ്രൂ ഹഫ്**
- ബ്രിട്ടീഷ് ടെലികോം കമ്പനിയായ വോഡഫോണിന്റെ സി.ഇ.ഒ. സ്ഥാനമൊഴിയുന്നു. പേര് ?
  - **നിക് റീഡ്**
- ഊർജ്ജ പ്രതിസന്ധിയെ തുടർന്ന് 2022 ഡിസംബറിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ രാജ്യം ?
  - **സ്വിറ്റ്സർലൻഡ്**
- രാജ്യത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര യോഗാ കേന്ദ്രം ഇന്ത്യയിലെ ഏത് കേന്ദ്രഭരണ പ്രദേശത്താണ് ?
  - **മാന്തലൈ ഗ്രാമം, ഉധംപൂർ, ജമ്മു കാശ്മീർ**
- 701 KM ദൈർഘ്യമുള്ള 'ഹിന്ദു ഹൃദയസാമ്രാട്ട് ബാലാസാഹേബ് താക്കറെ മഹാരാഷ്ട്ര സമൃദ്ധി മഹാമാർഗ് ന്റെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്യുന്നത് ?
  - **ഡിസംബർ 11ന് പ്രധാനമന്ത്രി നരേന്ദ്ര മോദി**

- **നാഗ്പൂരും മുംബൈയും തമ്മിലുള്ള ദൂരം ഏഴ് മണിക്കൂർ വരെ കുറയ്ക്കാൻ സഹായിക്കുന്ന എക്സ്പ്രസ് വേ സമൃദ്ധി ഇടനാഴി എന്നും വിളിക്കപ്പെടുന്നു.**

❖ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ?

- **മഹാരാഷ്ട്ര**

❖ സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയത്തിന് കീഴിലുള്ള വികലാംഗരുടെ ശാക്തീകരണ വകുപ്പ് ദിവ്യാംഗ കലാകാരന്മാർക്കായുള്ള ആദ്യ 'ദിവ്യ കലാമേള' ആരംഭിച്ചത് ?

- **ന്യൂഡൽഹി (2022 ഡിസംബർ 2-7)**

❖ യുഎസ് തിങ്ക് ടാങ്ക്, എർലി വാണിംഗ് പ്രോജക്റ്റിന്റെ പുതിയ റിപ്പോർട്ട് പ്രകാരം ആൾക്കൂട്ട കൊലപാതകങ്ങൾക്ക് സാധ്യതയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം ?

- **പാകിസ്ഥാൻ (ഇന്ത്യ -8)**

❖ SMS (ഷോർട്ട് മെസേജിങ് സർവീസ്) നിലവിൽ വന്നിട്ട് 2022 ഡിസംബർ 3 ന് എത്ര വർഷം തികഞ്ഞു ?

- **30 വയസ്**

❖ സംഗീത രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ഗീതം സംഗീതം പ്രഥമ ദേശീയ പുരസ്കാരം (1 ലക്ഷം ₹) ലഭിച്ച ഗായകൻ ?

- **പി. ജയചന്ദ്രൻ**

❖ ഇന്ത്യയിലെ ആദ്യ സഹകരണ കയറ്റുമതി കേന്ദ്രം നിലവിൽ വരുന്നത് ?

- **കൊച്ചി**

❖ തമിഴ്നാട്ടിൽ ഉടനീളമുള്ള ക്ഷേത്രങ്ങൾക്കുള്ളിൽ മൊബൈൽ ഫോണുകൾ നിരോധിക്കാൻ ഉത്തരവിട്ടത് ?

- **മദ്രാസ് ഹൈക്കോടതി**

❖ 2022 ഡിസംബറിൽ അയ്യങ്കാളി-പഞ്ചമി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെട്ട കേരളത്തിലെ സ്കൂൾ ?

- **ഊരൂട്ടമ്പലം ഗവൺമെന്റ് യുപി സ്കൂൾ**

- ആകെ 1768 റൺസ് എന്ന റെക്കോഡ് സ്കോർ സൃഷ്ടിച്ച ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തിയത് ?
  - **ഇംഗ്ലണ്ട്**
- ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷൻ (ISSF) ഈ വർഷത്തെ മികച്ച അത്‌ലറ്റിന് നൽകുന്ന ഗോൾഡൻ ടാർഗറ്റ് അവാർഡ് ലഭിച്ചത് ?
  - **രുദ്രാങ്ക്ഷ് പാട്ടീൽ**
- ഈജിപ്തിലെ കെയ്‌റോയിൽ നടന്ന ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട്സ് ഫെഡറേഷന്റെ (ISSF) പ്രസിഡന്റ്സ് കപ്പ് നേടിയ ഇന്ത്യൻ താരം ?
  - **രുദ്രാങ്ക്ഷ് പാട്ടീൽ**
- തായ്‌ലൻഡിൽ നടന്ന ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പിന്റെ U17 വനിതാ സിംഗിൾസിൽ ഫൈനലിൽ കടന്ന ആദ്യ ഇന്ത്യൻ താരം ?
  - **ഉന്നതി ഹൂഡ**

## DEC 7

- സായുധ സേന പതാക ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 7**
- അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 7**
- ഈ വർഷത്തെ അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനത്തിന്റെ പ്രമേയം ?
  - **Advancing Innovation for global aviation development**
- ദേശീയപാത 66 കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ ആറുവരിപ്പാത വരുന്നതോടെ ഇന്ത്യയിലെ ഏറ്റവും നീളമേറിയ എലിവേറ്റഡ് ഹൈവേ ആവുന്നത് ?
  - **അരൂർ മുതൽ തുറവൂർ വരെ 12.752 KM**
  - **നിലവിൽ രാജ്യത്തെ ഏറ്റവും നീളമുള്ള എലിവേറ്റഡ് റോഡ് ഹൈദരാബാദ് PVNR 11.6 KM**

- ആകെ ശേഷി 100MW നേട്ടം കൈവരിച്ച KSEB യുടെ പുരപ്പുറ സൗരോർജ നിലയങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച പദ്ധതി ?
  - **സൗര**

- കലാമണ്ഡലം കല്പിത സർവകലാശാലയുടെ ചാൻസലറായി നിയമിതയായ വിഖ്യാത നർത്തകി ?
  - **മല്ലികാ സാരാഭായി**
- തിരുവനന്തപുരത്ത് സമാപിച്ച സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ ചാമ്പ്യന്മാരായത് ?
  - **പാലക്കാട് (269 പോയിന്റ്)**
- 64-ാം സ്കൂൾ കായികോത്സവത്തിൽ റണ്ണേഴ്സപ്പായത് ?
  - **മലപ്പുറം (149 പോയന്റ്)**
- സ്കൂൾ കായികോത്സവത്തിന്റെ ചാമ്പ്യൻ പട്ടമണിയുന്ന മലപ്പുറത്തെ ആദ്യ സ്കൂൾ ?
  - **കടകശ്ശേരി ഐഡിയൽ ഇ.എച്ച്.എസ്.എസ് (66 പോയന്റ്)**
- സ്കൂൾ കായികമേളയിലെ മികച്ച താരങ്ങൾക്കുള്ള മാതൃഭൂമി സ്വർണമെഡൽ ലഭിച്ചത്
  - **എസ്. മേഘ, പി. അഭിരാം**
- കൊടുങ്ങല്ലൂർ കെ.കെ.ടി.എം. കോളേജ് പൂർവ വിദ്യാർഥി സംഘം ഏർപ്പെടുത്തിയ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്മാരക പ്രഥമ പുരസ്ക്കാരത്തിന് അർഹനായ കവി ?
  - **കെ. സച്ചിദാനന്ദൻ (1 ലക്ഷം ₹)**
- നബാർഡിന്റെ ചെയർമാൻ ആയി നിയമിതനായ മലയാളി ?
  - **കെ. വി. ഷാജി (മുൻ കാനറ,ഗ്രാമീൺ ബാങ്ക് മേധാവി)**
- ബാങ്കിംഗ് ടെക്നോളജിയിൽ പ്രാദേശിക ഗ്രാമീണ ബാങ്കുകൾക്കുള്ള ഐബിഎ യുടെ ഏഴു അവാർഡുകളിൽ അഞ്ചു വിഭാഗത്തിലും നേട്ടം കൈവരിച്ചത് ?
  - **കേരള ഗ്രാമീൺ ബാങ്ക്**
- പ്രശസ്ത യക്ഷഗാന കലാകാരനും മുൻ എംഎൽഎയുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **കുംബ്ലെ സുന്ദർ റാവു (88)**
- ഇന്ത്യയിലെ ആദ്യത്തെ സ്വർണ്ണ എടിഎം അടുത്തിടെ സ്ഥാപിച്ചത് ?
  - **ബീഗംപേട്ട്, ഹൈദരാബാദ്**
- 'ബ്രേവ് ഹാർട്ട്സ് ഓഫ് ഭാരത്, വിഗ്നെറ്റ്സ് ഫ്രം ഇന്ത്യൻ ഹിസ്റ്ററി' എന്ന പുസ്തകം എഴുതിയത് ആരാണ് ?
  - **വിക്രം സമ്പത്ത്**
- കമ്പനിയുടെ ചരിത്രത്തിൽ ആദ്യമായി പ്രസിഡന്റ് സ്ഥാനംത്ത് ഒരു സ്ത്രീയെ നിയമിച്ചത് ?
  - **സാംസങ്ങ് (ലീ യങ് ഹീ)**

01

10th Main Full Syllabus Mock Test

02

5 - 10 SCERT Complete Mock Test

03

Daily Current Affair Updates

04

Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- ഓക്സ്ഫോർഡ് നിഘണ്ടുവിന്റെ 2022-ലെ വാക്കായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **ഗോബ്ലിൻ മോഡ് (Goblin Mode)**
    - **കോവിഡ് നിയന്ത്രണങ്ങൾക്കുശേഷം സാധാരണനിലയിലേക്കു തിരിച്ചുവരാനായി പലർക്കുമുള്ള താൽപര്യമില്ലായ്മയെ സൂചിപ്പിക്കുന്നതാണ് ഈ പ്രയോഗം.**
- അടുത്തിടെ പൊട്ടിത്തെറിച്ച ഇന്തോനേഷ്യയിലെ അഗ്നിപർവതം ?
    - **സെമേരു**
- ഫിഫ പുരുഷ ലോകകപ്പിൽ പ്രീകാർട്ടർ നിയന്ത്രിക്കുന്ന ആദ്യ വനിതാ അസിസ്റ്റന്റ് റഫറിയായ രസതന്ത്ര പ്രൊഫസർ ?
    - **കാതറിൻ നെസ്ബിത്**
- 2027ലെ ഏഷ്യൻ കപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കാനുള്ള ശ്രമത്തിൽനിന്ന് പിന്മാറിയത് ?
    - **ഇന്ത്യ**
- ഖത്തർ ലോകകപ്പിനുവേണ്ടി, റീസൈക്കിൾ ചെയ്ത 974 ഷിപ്പിങ് കണ്ടെയ്നറുകൾ കൊണ്ട് നിർമ്മിച്ച സ്റ്റേഡിയം പൊളിച്ചു നീക്കുന്നു. പേര് ?
    - **974 സ്റ്റേഡിയം**
- ടീം സ്ക്വാഡിലെ 26 താരങ്ങളും ഈ ലോകകപ്പിൽ കളിക്കാൻ ഇറങ്ങി റെക്കോർഡ് നേടിയത് ?
    - **ബ്രസീൽ ടീം**

## DEC 8

- കേരള പുനർനിർമ്മാണ പദ്ധതികൾക്കായി കേരള സർക്കാരുമായി 85.8 കോടി ₹ യുടെ വികസന വായ്പാ പദ്ധതി കരാറിൽ ഒപ്പുവയ്ക്കുന്ന ഫ്രഞ്ച് വികസന ബാങ്ക് ?
    - **AFD (AFD - Agence Française de Développement)**
- ഇൻഷുറൻസ് മേഖലയിലെ സമഗ്ര പരിവർത്തനം ലക്ഷ്യമിട്ട്, വ്യക്തികൾക്ക് പോളിസി നേരിട്ടെടുക്കുന്നതിനായി ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (IRDAI) ആരംഭിച്ച പോർട്ടൽ ?
    - **ഭാരതീയ ജീവൻ ബീമ സുഗം**
- പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും അസാന്നിദ്ധ്യത്തിൽ സഭ നിയന്ത്രിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട മൂന്നംഗ പാനലിൽ ഉൾപ്പെട്ട വനിതകൾ ?

- **യു. പ്രതിഭ, സി. കെ. ആശ, കെ.കെ. രമ**
- **( ചരിത്രത്തിലാദ്യമായാണ് സഭാധ്യക്ഷരുടെ 3 അംഗ പാനലിലേക്ക് വനിതകൾ മാത്രം തിരഞ്ഞെടുക്കപ്പെടുന്നത്)**

❖ ഫോബ്സിന്റെ ഏഷ്യയിലെ ജീവകാരുണ്യ ഹീറോകളുടെ പട്ടികയിൽ മൂന്ന് ഇന്ത്യൻ ശതകോടീശ്വരന്മാർ ?
- **ഗൗതം അദാനി (അദാനി ഗ്രൂപ്പ്), ശിവ നാടാർ(HCL Tech),**
- **അശോക് സൂത (Happiest mind)**

❖ ഓസ്ട്രേലിയയിലെ സെക്കൻഡറി സ്കൂളുകളിൽ ശാസ്ത്ര അധ്യാപനത്തിലെ മികവിനുള്ള 2022-ലെ Prime Minister's prize in Australia ലഭിച്ച ഇന്ത്യൻ വംശജയായ വനിത
- **വീണാ നായർ**

❖ ആർബിഐ റിപ്പോ നിരക്ക് 35 ബേസിസ് പോയിന്റ് വർധിപ്പിച്ചു. എത്രയാണ് പുതിയ റീപ്പോ നിരക്ക് ?
- **6.25 %**

❖ ഇന്ത്യയുടെ 77-ാമത്തെ ചെസ് ഗ്രാൻഡ്മാസ്റ്ററായത് ?
- **ആദിത്യ മിത്തൽ (16വയസ്, മുംബൈ)**

❖ സൗദി ക്ലബ് അൽ നാസറുമായി 200 മില്യൺ യൂറോയുടെ കരാർ ഒപ്പിട്ട സൂപ്പർ താരം ?
- **ക്രിസ്റ്റ്യാനോ റൊണാൾഡോ**

❖ റൊണാൾഡോയ്ക്ക് പകരക്കാരനായി വന്ന് ഖത്തർ ലോകകപ്പിലെ ആദ്യ ഹാട്രിക് ഗോൾ നേടിയ പോർച്ചുഗൽ താരം ?
- **ഗോൺസാലോ റാമോസ്**

❖ പെലെയ്ക്ക് ശേഷം നോക്കൗട്ട് ഘട്ടത്തിൽ ഹാട്രിക് നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരം ആയത് ?
- **ഗോൺസാലോ റാമോസ്**

❖ ജനുവരി 14 മുതൽ ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ഐസിസി (ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ) അണ്ടർ 19 വനിതാ ടി20 ലോകകപ്പിൽ ഇന്ത്യയെ നയിക്കുന്നത് ?
- **ഷെഫാലി വർമ**

❖ ഡിസംബർ 18 ന് ഖത്തർ ലോകകപ്പ് ഫൈനലിൽ ഫിഫ ട്രോഫി അനാവരണം ചെയ്യുന്ന ബോളിവുഡ് നടി ?
- **ദീപിക പദുക്കോൺ**

- ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ ബാറ്റിംഗ് പരിശീലകൻ ആയി നിയമിതനായത് ?
  - **ഹൃഷികേശ് കനിത്കർ**
- രഞ്ജി ട്രോഫിയിൽ ബിസിസിഐ നിയമിക്കുന്ന വനിതാ അംപയർമാർ ആരൊക്കെ
  - **വൃന്ദാ രതി, ജനനി നാരായൺ, ഗായത്രി വേണുഗോപാലൻ**
- "ഇയർ ഇൻ സെർച്ച് 2022" എന്ന തലക്കെട്ടിലുള്ള ഗൂഗിളിന്റെ വാർഷിക വർഷാവസാന റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ തുടർച്ചയായ മൂന്നാം വർഷവും ഏറ്റവുമധികം തിരഞ്ഞത് ?
  - **ഇന്ത്യൻ പ്രീമിയർ ലീഗ് (IPL)**
- അടുത്തിടെ ഇന്ത്യയിൽ Anti-Misinformation Campaign ആരംഭിച്ചത്?
  - **ഗൂഗിൾ**
- 2022 ടൈം പേഴ്സൺ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **വോളോദിമിർ സെലൻസ്കി (ഉക്രൈൻ പ്രസിഡന്റ്)**

## DEC 9

- ഇന്ത്യയുടെ ജി ഡി പി 2022-23 ൽ എത്രയാകുമെന്നാണ് ലോക ബാങ്ക് അനുമാനിച്ചത് ?
  - **6.9%**
- ഗുജറാത്ത് തിരഞ്ഞെടുപ്പിൽ ഏഴാം വട്ടവും റെക്കോഡ് വിജയം നേടിയത് ?
  - **ബിജെപി**
- ഹിമാചൽ പ്രദേശിലെ തിരഞ്ഞെടുപ്പിൽ വിജയിച്ചത് ?
  - **കോൺഗ്രസ് പാർട്ടി**
- മുനിസിപ്പൽ കോർപ്പറേഷൻ ഓഫ് ഡൽഹിയിലെ ആദ്യ ട്രാൻസ്ജെൻഡർ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ആം ആദ്മി പാർട്ടി അംഗം ?
  - **ബോബി കിന്നർ (Bobby Kinnar)**
- പൊതുമേഖലാ എണ്ണ ഖനനക്കമ്പനിയായ ഒ.എൻ.ജി.സി.യുടെ പുതിയ ചെയർമാനായി നിയമിച്ചത് ആരെയാണ് ?
  - **അരുൺ കുമാർ സിംഗ്**
  - **ആദ്യമായാണ് വിരമിച്ച ഒരാൾക്ക് മഹാരത്നക്കമ്പനിയുടെ ചെയർമാനായി നിയമനം ലഭിക്കുന്നത്.**
- സാമ്പത്തിക വിദഗ്ധനും 1996-98 കാലത്ത് ദേവഗൗഡ, ഐ.കെ. ഗുജ്റാൾ മന്ത്രിസഭകളിൽ ഊർജം, ആസൂത്രണം, പദ്ധതി നിർവഹണം, ശാസ്ത്രം

തുടങ്ങിയവയുടെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയും ആയിരുന്ന വ്യക്തി അന്തരിച്ചു. പേര് ?

- **യോഗീന്ദർ കെ. അലഗ് (83)**
- **JNU മുൻ വൈസ് ചാൻസലർ കൂടിയായിരുന്നു.**

❖ 'ഏഷ്യയിലെ ആദ്യത്തെ ഡ്രോൺ ഡെലിവറി ഹബ്' ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?

- **മേഘാലയ**

❖ സെപ്റ്റംബറിൽ മൺസൂൺ അവസാനിച്ച ശേഷം ബംഗാൾ ഉൾക്കടലിൽ രൂപപ്പെടുന്ന രണ്ടാമത്തെ ചുഴലിക്കാറ്റ് ?

- **മാൻഡൗസ് (Mandous) (സിത്രാങ് - ഒക്ടോബർ - തായ്‌ലൻഡ്)**

❖ മാൻഡൗസ് ചുഴലിക്കാറ്റിന് പേര് നിർദ്ദേശിച്ച രാജ്യം ?

- **യുഎഇ ( മാൻഡൗസ് എന്ന അറബി വാക്കിന്റെ അർത്ഥം - നിധിപ്പെട്ടി )**

❖ സിൻഡാല എന്ന ആഡംബര ദ്വീപ് നിർമ്മിക്കുന്ന രാജ്യം ?

- **സൗദി അറേബ്യ**

❖ പെറുവിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായി സ്ഥാനമേറ്റത് ?

- **ദിനാ ബൊലുവാർട്ട്**

❖ ആദ്യ വനിതാ പ്രധാനമന്ത്രിയും ആറാമത്തെ വ്യക്തിയും. യു.എസിലെ ഉന്നതബഹുമതികളിലൊന്നായ പ്രസിഡന്റിന്റെ ആജീവനാന്ത പുരസ്കാരം നേടിയ ഇന്ത്യൻ വംശജൻ ?

- **കൃഷ്ണ വാവിലാല**

❖ 2022-ലെ ഫോർബ്സിന്റെ ലോകത്തിലെ ഏറ്റവും ശക്തരായ 100 വനിതകളുടെ വാർഷിക പട്ടികയിൽ ഇന്ത്യയിൽ നിന്നും ഇടം നേടിയത് ?

- **Nirmala Sitharaman -36**
- **Roshni Nadar Malhotra (HCL Chairperson) - 53**
- **Madhabi Puri Buch (SEBI Chief) - 54**
- **Soma Mondal (SAIL Chief) - 67**
- **Kiran Mazumdar-Shaw (Biocon Executive Chairperson) - 77**
- **Falguni Nayar (Nykaa founder) - 89.**

❖ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ(BBC) 2022-ലെ ലോകത്തെ ഏറ്റവും സ്വാധീനമുള്ള 100 സ്ത്രീകളുടെ പട്ടിക പുറത്തിറക്കി.ഇന്ത്യയിൽ നിന്ന് ഇടം നേടിയത്

- **പ്രിയങ്ക ചോപ്ര (നടി), ഗീതാഞ്ജലി ശ്രീ (എഴുത്തുകാരി), സിരിഷ ബാണ്ട്ല (എഞ്ചിനീയറും ബഹിരാകാശ സഞ്ചാരിയും), സ്നേഹ ജാവ്ലെ (സാമൂഹിക പ്രവർത്തക).**

❖ 2022 വേൾഡ് അത്‌ലറ്റ് ഓഫ് ദി ഇയർ അവാർഡിൽ മികച്ച പുരുഷ താരം ആയത് ?
- **അർമന്റ് ഡുപ്ലന്റിസ്, സ്വീഡൻ (പോൾ വോൾട്ട്)**

❖ 2022 വേൾഡ് അത്‌ലറ്റ് ഓഫ് ദി ഇയർ അവാർഡിൽ മികച്ച വനിതാ താരം ആയത് ?
- **സിഡ്നി മാക്ലഫിൻ, അമേരിക്ക (ഹർഡിൽസ്)**

❖ രാജ്യാന്തര ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ 500 സിക്സുകൾ നേടുന്ന താരമായത് ?
- **രോഹിത് ശർമ (428 മത്സരങ്ങളിൽ നിന്ന് നിലവിൽ 502* സിക്സുകൾ)**

❖ വിൻഡീസ് താരം ക്രിസ് ഗെയിലിന് ശേഷം രാജ്യാന്തര ക്രിക്കറ്റിൽ 500 സിക്സ് നേടുന്ന താരമായത് ?
- **രോഹിത് ശർമ**

❖ BWF വനിതാ പാരാ-ബാഡ്മിന്റൺ പ്ലെയർ ഓഫ് ദ ഇയർ അവാർഡ് നേടിയത് ?
- **മനീഷ രാമദാസ്**

❖ BWF പുരുഷ ബാഡ്മിന്റൺ പ്ലെയർ ഓഫ് ദ ഇയർ അവാർഡ് നേടിയത് ?
- **വിക്ടർ അക്സെൽസൻ**

❖ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത ജില്ല ?
- **കൊല്ലം**

❖ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത പഞ്ചായത്ത് ?
- **കുളത്തൂപ്പുഴ**

❖ കേന്ദ്ര ടൂറിസം മന്ത്രാലയം പഞ്ചനക്ഷത്ര പദവിയും ക്ലാസിഫിക്കേഷനും നൽകിയ രാജ്യത്തെ ആദ്യ സഹകരണ റിസോർട്ട് ?
- **സപ്ത (വയനാട്)**

## DEC 10

❖ ലോക മനുഷ്യാവകാശദിനം ആചരിക്കുന്നത് ?
- **ഡിസംബർ 10**

❖ ഈ വർഷത്തെ ലോക മനുഷ്യാവകാശ ദിനത്തിന്റെ പ്രമേയം ?
- **എല്ലാവർക്കും അന്തസ്സ്,സ്വാതന്ത്ര്യം,നീതി (Dignity, Freedom and Justice for All)**

❖ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ എത്രാമത്തെ വാർഷികാചരണത്തിനാണ് തുടക്കമാവുന്നത് ?

- **75**

❖ ഇക്കൊല്ലം ഗൂഗിളിൽ ഏറ്റവും കൂടുതൽ പേർ തിരഞ്ഞ ഗെയിം ?
- **വേഡ്ൽ ഗെയിം (Wordle)**

❖ Macquarie ഡിക്ഷണറി 2022 ലെ വേഡ് ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തത് ?
- **Teal (Teal എന്നാൽ .. പ്രത്യയശാസ്ത്രപരമായി മിതമായ വീക്ഷണങ്ങൾ പുലർത്തുന്ന ഒരു സ്വതന്ത്ര രാഷ്ട്രീയ സ്ഥാനാർത്ഥി, എന്നാൽ പാരിസ്ഥിതിക, കാലാവസ്ഥാ പ്രവർത്തന നയങ്ങൾ, രാഷ്ട്രീയത്തിലെ സമഗ്രതയ്ക്ക് മുൻഗണന എന്നിവയുമായി ബന്ധപ്പെട്ട ശക്തമായ നടപടിയെ പിന്തുണയ്ക്കുന്നവൻ.)**

❖ യൂണിവേഴ്സൽ കവറേജ് ഡേ 2022 ഉദ്ഘാടനം ചെയ്യുന്നത് ?
- **ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേൽ 2022 ഡിസംബർ 10 ന്**

❖ കാർത്തിഗൈ ദീപം രഥോത്സവം നടക്കുന്നത് ?
- **തമിഴ്നാട്**

❖ ആർട്ടൺ ക്യാപിറ്റൽ പാസ്പോർട്ട് ഇൻഡക്സ് 2022ൽ ഇന്ത്യയുടെ റാങ്ക് എത്രയാണ്?
- **87 (1. യുഎഇ,2. ജർമനി 3.സ്വീഡൻ..24. ജപ്പാൻ.. )**

❖ ആർട്ടൺ ക്യാപിറ്റൽ പാസ്പോർട്ട് ഇൻഡക്സ് 2022 ൽ അവസാന സ്ഥാനത്തുള്ള രാജ്യം
- **അഫ്ഗാനിസ്ഥാൻ**

❖ ന്യൂയോർക്കിലെ ഫെഡറൽ റിസർവ് ബാങ്കിന്റെ ആദ്യ വൈസ് പ്രസിഡന്റും ചീഫ് ഓപ്പറേറ്റിങ് ഓഫീസറുമായി നിയമിതയായ ഇന്ത്യൻ വംശജ ?
- **സുസ്മിത ശുക്ല (54)**

❖ അന്താരാഷ്ട്ര മില്ലറ്റ് വർഷം ആയ 2023 ന്റെ ഉദ്ഘാടന ചടങ്ങ് നടന്നത് എവിടെയാണ്
- **റോമിലെ FAO ആസ്ഥാനത്തിൽ**

❖ ഭൂമിയെ പറ്റിയുള്ള മനു ഷ്യന്റെ സങ്കല്പങ്ങളെ മാറ്റിമറിച്ച ഭൂമിയുടെ വിഖ്യാത ഫോട്ടോകളിലൊന്ന് അടുത്തിടെ 50 വയസ് ആചരിക്കുന്നു. ഫോട്ടോയുടെ പേര്, ചിത്രം എടുത്തത് ??
- **ബ്ലൂ മാർബിൾ, 1972 ഡിസംബർ നാസയുടെ അപ്പോളോ 17 മിഷനിലെ യാത്രികരാണ് ഈ ചിത്രം പകർത്തിയത്.**

❖ ആറാം തലമുറ യുദ്ധവിമാനം സംയുക്തമായി നിർമിക്കാൻ ഒത്തുചേർന്ന രാജ്യങ്ങൾ ?
- **ജപ്പാനും ബ്രിട്ടനും ഇറ്റലിയും**

- ബംഗ്ലാദേശിലെ കോക്സ് ബസാറിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ഫ്ലീറ്റ് റിവ്യൂ (IFR) വിൽ പങ്കെടുക്കുന്നത് ?
  - **ഐഎൻഎസ് കൊച്ചി, കവരത്തി, സുമേധ**
- ഒമ്പതാമത് ലോക ആയുർവേദ കോൺഗ്രസും ആരോഗ്യ എക്സ്പോയും നടക്കുന്നത് ?
  - **പനാജി, ഗോവ**
- ദേശീയ പാർട്ടിയെന്ന പദവിയിലേക്ക് എത്തിയ പാർട്ടി ?
  - **ആം ആദ്മി പാർട്ടി**
  - **കുറഞ്ഞത് നാലു സംസ്ഥാനങ്ങളിൽ സംസ്ഥാന പാർട്ടിയെന്ന അംഗീകാരമാണു ദേശീയ പാർട്ടിയാകാനുള്ള പ്രധാന നിബന്ധന.**
- ടേബിൾ ടെന്നീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആദ്യ വനിതാ പ്രസിഡന്റായി നിയമിതയായത് ?
  - **മേഘ്ന അഹ്ലാവത്ത്**
- ആന്ദ്രെ ആഗസിയും മോണിക്ക സെലസും ഉൾപ്പെടെയുള്ള ഇതിഹാസ താരങ്ങളുടെ പരിശീലകനായിരുന്ന പ്രശസ്ത ടെന്നിസ് കോച്ച് അന്തരിച്ചു. പേര് ?
  - **നിക്ക് ബോളറ്റ്യേരി (91)**
- അടുത്തിടെ പുറത്തിറങ്ങിയ "സുൽത്താൻ എ മെമ്മയർ' എന്ന കൃതി ആരുടെ ആത്മകഥയാണ് ?
  - **വസീം അക്രം (മുൻ പാകിസ്ഥാൻ ക്രിക്കറ്റ് താരം)**
- ഒരു ഫുട്ബോൾ ലോകകപ്പ് മത്സരത്തിൽ ഗോൾ നേടുന്ന ഏറ്റവും പ്രായം കൂടിയ താരം എന്ന റെക്കോഡ് സ്വന്തമാക്കിയ പോർച്ചുഗൽ താരം ?
  - **പെപ്പെ**
- ഇംഗ്ലണ്ടിനെതിരായ അരങ്ങേറ്റ ടെസ്റ്റ് ക്രിക്കറ്റിൽ ഏഴ് വിക്കറ്റ് നേട്ടം കൈവരിച്ചത് ?
  - **അബ്റാർ അഹമ്മദ് (പാകിസ്ഥാൻ)**
- ഷൂട്ടൗട്ടിൽ ബ്രസീലിനെ കീഴടക്കി സെമിയിൽ കടന്നത് ?
  - **ക്രൊയേഷ്യ**
- ഗോൾഡൻ ഗ്ലോബ് റേസ് പായ് വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്ന മലയാളി ?
  - **അഭിലാഷ് ടോമി (പായ് വഞ്ചി:: ബയാനത്)**

- ലോക ബാഡ്മിന്റൺ ഫെഡറേഷൻ വേൾഡ് ടൂർ ഫൈനൽസിലെ പുരുഷ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം വിക്ടർ അക്സൽസനെ തോൽപ്പിച്ചത് ?

- **എസ്. എച്ച്. പ്രണോയ്**

❖ ആദിവാസി വികസന പദ്ധതിയുടെ കീഴിലുള്ള കുടുംബശ്രീ നേതൃത്വം നൽകുന്ന ഉടൻ പുറത്തിറങ്ങുന്ന കാപ്പി ബ്രാൻഡ് ?

- **കുട്ടമ്പുഴ കാപ്പി**

❖ രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാം ആയി പ്രഖ്യാപിക്കുന്നത് ?

- **ആലുവ തുരുത്തിലെ സംസ്ഥാന വിത്തുത്പാദനകേന്ദ്രം**

❖ സിംഗപ്പൂരിൽ നടന്ന മികച്ച സംവിധായകനുള്ള ഏഷ്യൻ അക്കാദമി ക്രിയേറ്റീവ് അവാർഡ്സിൽ മികച്ച സംവിധായകനുള്ള പുരസ്കാരം ലഭിച്ചത് ?

- **ബേസിൽ ജോസഫ് (സിനിമ: മിന്നൽ മുരളി)**

## DEC 11

❖ ഭ്രമണപഥത്തിൽ വർദ്ധിച്ചുവരുന്ന ബഹിരാകാശ ആവശിഷ്ടങ്ങൾ നീക്കം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കുന്നത് ?

- ഇന്റർ ഏജൻസി സ്പേസ് ഡബ്രിസ് കോ ഓർഡിനേഷൻ കമ്മിറ്റി (IADC)

❖ ഇന്ത്യയിൽ നേതൃത്വം നൽകുന്നത് ?

- **ISRO**

❖ ബഹിരാകാശ ക്യാപ്സ്യൂളുകൾ നിർമ്മിക്കുവാൻ ISRO ഏത് പ്രൈവറ്റ് കമ്പനിയുമായാണ് ധാരണയിൽ ഏർപ്പെട്ടത് ?

- **വ്യോം സ്പേസ്**

❖ 2022 ഡിസംബറിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ വിജയകരമായി പരീക്ഷിക്കപ്പെട്ട PSLV-XL വേരിയന്റിനുള്ള ബൂസ്റ്റർ മോട്ടോർ വികസിപ്പിച്ച സ്വകാര്യ സ്ഥാപനം ?

- **എക്കണോമിക് എക്സ്പ്ലോസീവ് പ്രൈവറ്റ് ലിമിറ്റഡ്, പൂനെ**

❖ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഹെഡ്ക്വാർട്ടേഴ്സ് ഓഫ് ഇന്റഗ്രേറ്റഡ് ഡിഫൻസ് സ്റ്റാഫ് ന്റെ സഹകരണത്തോടെ ശബ്ദത്തേക്കാൾ അഞ്ച് മടങ്ങ് വേഗത്തിൽ സഞ്ചരിക്കുന്ന ബഹിരാകാശ വാഹനത്തിന്റെ പരീക്ഷണം പൂർത്തിയാക്കിയത് ?

- **ISRO**

❖ ശബ്ദത്തേക്കാൾ നാല് മടങ്ങ് വരെ വേഗതയിൽ സഞ്ചരിക്കുന്ന ബഹിരാകാശ വാഹനങ്ങളുടെ ക്ഷമത പരീക്ഷണങ്ങൾക്കുള്ള സംവിധാനം വിജയകരമായി പരീക്ഷിച്ചത് ?

- **VSSC, തിരുവനന്തപുരം**

- തിരമാലയിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനായി സിന്ധുജ-1 എന്ന ഓഷ്യൻ വേവ് എനർജി കൺവെർട്ടർ വികസിപ്പിച്ചെടുത്ത സ്ഥാപനം ?
  - **IIT Madras**
- പൊതുസ്ഥലങ്ങളിൽ തുപ്പുന്നത് ഒഴിവാക്കുന്നതിനായി "നോ ഥൂ ഥൂ " എന്ന പേരിൽ കാംപയിൻ ആരംഭിച്ച ഇന്ത്യൻ നഗരം ?
  - **ഇൻഡോർ, മധ്യപ്രദേശ്**
- 2022 ഡിസംബറിൽ ജെ.സി. ബോസിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ജെ.സി. ബോസ്: എ സത്യാഗ്രഹി സയന്റിസ്റ്റ് എന്ന വിഷയത്തിൽ അന്താരാഷ്ട്ര സമ്മേളനത്തിന് വേദിയായ നഗരം ?
  - **ന്യൂഡൽഹി**
- ഹിമാചൽ പ്രദേശിലെ പുതിയ മുഖ്യമന്ത്രി ?
  - **സുഖ്വീന്ദർ സിങ് സുഖു (Sukhveendhar Singh Sukhu)**
- ഹിമാചൽ പ്രദേശിൽ ഉപമുഖ്യമന്ത്രി ആവുന്ന നിലവിലെ പ്രതിപക്ഷ നേതാവ് ?
  - **മുകേഷ് അഗ്നിഹോത്രി**
- ഓണേഴ്സ് ബിരുദ കോഴ്സുകൾ എല്ലാം എത്ര വർഷം ആക്കാൻ ആണ് യുജിസി തീരുമാനിച്ചത് ?
  - **4 വർഷം**
- ക്രിസ്ത്യാനികൾക്ക് ബാധകമായ വിവാഹമോചന നിയമപ്രകാരം പരസ്പര സമ്മതത്തോടെ വിവാഹമോചന ഹർജി നൽകാൻ വിവാഹശേഷം ഒരു വർഷം കാത്തിരിക്കണം എന്ന വ്യവസ്ഥ ഭരണഘടനാ വിരുദ്ധമാണെന്ന് വിധി പുറപ്പെടുവിച്ചത് ?
  - **കേരള ഹൈക്കോടതി**
- ഷെവലിയർ വി. സി. ആന്റണിയുടെ പേരിൽ വി.സി. ആന്റണി സെന്റർ ഏർപ്പെടുത്തിയ കർമ്മ ശ്രേഷ്ഠ പുരസ്കാരത്തിന് അർഹരായത് (15,111 ₹) ?
  - **പ്രൊഫ. എം.കെ. സാനു, ഫാ. വി.പി. ജോസഫ്**
- നെൽവയലിനെ പുരയിടമാക്കുന്ന ഭൂമി ഇനി ഏതു പേരിൽ രേഖപ്പെടുത്താനാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ചട്ടം ഭേദഗതി ചെയ്തത് ?
  - **തരം മാറ്റിയ ഭൂമി**
- 2020-ലെ ദക്ഷിണാമൂർത്തി നാദ പുരസ്ക്കാരം ലഭിച്ചത് ?
  - **പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യ**

- 2021-ലെ ദക്ഷിണാമൂർത്തി നാദ പുരസ്ക്കാരം ലഭിച്ചത് ?
    - **നഞ്ചിയമ്മ**
- 2022-ലെ ദക്ഷിണാമൂർത്തി നാദ പുരസ്ക്കാരം ലഭിച്ചത് ?
    - **ശിവമണി**
- നാട്യമയൂരി പുരസ്കാരം (50,000 ₹) ലഭിച്ചത് ?
    - **ഡോ. മേതിൽ ദേവിക**
- കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സൗത്ത് സോൺ കൾചറൽ സെന്റർ ഡയറക്ടർ ആയി നിയമിതനായത് ?
    - **കെ. കെ. ഗോപാലകൃഷ്ണൻ**
- ന്യൂയോർക്ക് ആസ്ഥാനമായ അന്താരാഷ്ട്ര പ്രസിദ്ധീകരണ കമ്പനിയായ പെൻഗ്വിൻ റാൻഡം ഹൗസിന്റെ ഇടക്കാല സി.ഇ.ഒ. ആയി നിയമിതനായ ഇന്ത്യൻ വംശജൻ ?
    - **നിഹാർ മാളവ്യ**
- 2023 ൽ ചന്ദ്രന് ചുറ്റാൻ പദ്ധതിയിടുന്ന സ്പേസ് എക്സിന്റെ ഡിയർ മൂൺ സ്പേസ് ടൂറിസം മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ ടെലിവിഷൻ നടൻ ?
    - **ദേവ് ജോഷി**
- ഫിഫ ഫുട്ബോൾ ലോകകപ്പിന്റെ സെമി ഫൈനലിൽ കടന്ന ആദ്യ ആഫ്രിക്കൻ രാജ്യം ആയത് ?
    - **മൊറോക്കോ (നിർണായക മത്സരത്തിൽ പോർച്ചുഗലിനെ തോൽപ്പിച്ചു)**
- ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ക്രൊയേഷ്യയോട് തോറ്റതിനു പിന്നാലെ സ്ഥാനം ഒഴിഞ്ഞ ബ്രസീൽ കോച്ച് ?
    - **ടിറ്റെ**
- ഏകദിനത്തിൽ ഒരു ഇന്ത്യക്കാരന്റെ ആറാമത്തെയും ആകെ പത്താമത്തെയും ഇരട്ടസെഞ്ചുറി നേടിയത് ?
    - **ഇഷാൻ കിഷൻ (131 പന്തിൽ 210 റൺസ്)**

- ബംഗ്ലാദേശിനെതിരായ മത്സരത്തിൽ 126 പന്തിൽ 200 റൺസ് തികച്ചതോടെ ഏകദിന ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ ഇരട്ട സെഞ്ചുറി എന്ന ആരുടെ നേട്ടം ആണ് ഇഷാൻ കിഷൻ മറികടന്നത് ?
    - **138 പന്തിൽ 200 എന്ന വെസ്റ്റിൻഡീസ് താരം ക്രിസ് ഗെയ്ലിന്റെ റെക്കോർഡ്**

- ഏകദിന ക്രിക്കറ്റിലെ ആദ്യ സെഞ്ചുറി ഇരട്ട സെഞ്ചുറിയാക്കിയ ഒരേയൊരു ബാറ്റർ ?
  - **ഇഷാൻ കിഷൻ**
- ഏകദിനത്തിലെ 44 ആം സെഞ്ചുറി നേടിയതോടെ ആകെ സെഞ്ചുറികളുടെ എണ്ണത്തിൽ ഓസ്ട്രേലിയയുടെ റിക്കി പോണ്ടിങ്ങിനെ (71) മറികടന്നത് ?
  - **വിരാട് കോഹ്‌ലി (ആകെ 72 സെഞ്ചുറി)**
- 1977 ൽ ബാഴ്സലോണയിലെ ജയിലിൽ നടന്ന സംഘർഷങ്ങൾ പ്രമേയമാക്കി സ്പാനിഷ് സംവിധായകൻ ആൽബർട്ടോ റോഡ്രിഗസ് സംവിധാനം ചെയ്ത സ്പാനിഷ് ത്രില്ലർ ചിത്രം അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ആദ്യ പ്രദർശനം നടത്തി. പേര് ?
  - **പ്രിസൺ- 77**
- ഇറാനിലെ യാത്രാ നിയന്ത്രണങ്ങൾ കാരണം നേരിട്ടെത്താൻ കഴിയാത്തതിനാൽ തന്റെ മുടി മുറിച്ച് കൊടുത്തുവിട്ടത് ?
  - **ഇറാനി സംവിധായിക മഹ്നാസ് മുഹമ്മദ്**
- ഇത്തവണത്തെ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് ജേതാവായ മഹ്നാസ് മുഹമ്മദിന്റെ മുടി 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഉദ്ഘാടനവേളയിൽ ഉയർത്തിക്കാട്ടിയത് ?
  - **ഗ്രീക്ക് ചലച്ചിത്രകാരിയും ജൂറി അംഗവുമായ അഥീന റേച്ചൽ സംഗാരി**

## DEC 12

- അന്താരാഷ്ട്ര പർവത ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 11**
- ഈ വർഷത്തെ അന്താരാഷ്ട്ര പർവത ദിനത്തിന്റെ പ്രമേയം ?
  - **Women moves Mountains**
- സുഖ്‌വീന്ദർ സിംഗ് സുഖു ഹിമാചൽ പ്രദേശിന്റെ എത്രാമത് മുഖ്യമന്ത്രിയായാണ് സത്യപ്രതിജ്ഞ ചെയ്തത് ?
  - **15**
- ഹിമാചൽ പ്രദേശിലെ ഗവർണർ ആരാണ് ?
  - **രാജേന്ദ്ര വിശ്വനാഥ് അർലേക്കർ**
- ഗുജറാത്തിൽ 18-ആമത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നത് ?
  - **ഭൂപേന്ദ്ര പട്ടേൽ**

- ❖ തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവിന്റെ നേതൃത്വത്തിലുള്ള തെലങ്കാന രാഷ്ട്ര സമിതി (ടി.ആർ.എസ്.) ഏത് പേരിലാണ് പുനഃസംഘടിപ്പിച്ച് നിലവിൽ വന്നത്
  - **ഭാരത രാഷ്ട്ര സമിതി (ബി.ആർ.എസ്.)**
- ❖ ഇന്ത്യയിലെ രണ്ടാമത്തെ സബ്മറൈൻ മ്യൂസിയം നിലവിൽ വരുന്ന സംസ്ഥാനം ?
  - **പശ്ചിമ ബംഗാൾ**
- ❖ ഏത് വിദേശ രാജ്യവുമായാണ് ഭാരതീയ റിസർവ് ബാങ്ക് അടുത്തിടെ കറൻസി കൈമാറ്റക്കരാറിൽ ഒപ്പുവച്ചത് ?
  - **മാലിദ്വീപ്**
- ❖ ദേശീയ ക്ഷീര വികസന ബോർഡിന്റെ (NDDB) മാനേജിംഗ് ഡയറക്ടർ ആയി നിയമിതനായത് ?
  - **മീനേഷ് സി. ഷാ**
- ❖ പൊതു നേതൃത്വത്തിനുള്ള 25-ാമത് SIES നാഷണൽ എമിനൻസ് അവാർഡ് 2022 ഏറ്റുവാങ്ങിയ മുൻ ഉപരാഷ്ട്രപതി ?
  - **എം. വെങ്കയ്യ നായിഡു**
- ❖ ആരെയാണ് സുപ്രീം കോടതി ജഡ്ജിയായി നിയമിക്കാനുള്ള ശിപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചത് ?
  - **ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ദീപാങ്കർ ദത്തയെ**
- ❖ രാജ്യത്തെ ആറാമത് വന്ദേഭാരത് ട്രെയിൻ പ്രധാനമന്ത്രി മോദി ഫ്ലാഗ് ഓഫ് ചെയ്തത് ?
  - **2022 ഡിസംബർ 11 ന് നാഗ്പൂർ-ബിലാസ്പൂർ**
- ❖ സ്വന്തമായി കാലാവസ്ഥാ വ്യതിയാന ദൗത്യം ആരംഭിക്കുന്ന ആദ്യ സംസ്ഥാനമായി മാറിയത് ?
  - **തമിഴ്നാട്**
- ❖ ഇന്ത്യയിലെ ഏറ്റവും വലുതും നാലാമത്തെതുമായ ബിസിനസ്സ് ജെറ്റ് ടെർമിനൽ കമ്മീഷൻ ചെയ്തത് ?
  - **കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ**
- ❖ ഡൽഹി, മുംബൈ, അഹമ്മദാബാദ് എന്നിവയ്ക്കുശേഷം സ്വകാര്യ ജെറ്റ് ടെർമിനലുകളുള്ള ഇന്ത്യയിലെ നാലാമത്തെ വിമാനത്താവളമായത് ?
  - **കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം**
- ❖ മനുഷ്യാവകാശ സംരക്ഷണം സ്കൂൾ തലം മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന് പ്രസ്താവിച്ചത് ?

- **കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് എസ്. മണികുമാർ**

❖ സ്ത്രീകളുടെ ഒപ്പോടുകൂടിയ നോട്ടുകൾ അച്ചടിക്കുന്ന ആദ്യ രാജ്യം ?
- **യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക**

❖ $1, $5 മൂല്യമുള്ള പുതിയ കറൻസി നോട്ടുകളിൽ ആരുടെയെല്ലാം ഒപ്പുകൾ ആണ് കാണാനാവുക ?
- **ജാനറ്റ് യെല്ലൻ(അമേരിക്കൻ ധനകാര്യ മന്ത്രി),**
- **ലിൻ മലെർബ(ഡിപ്പാർട്ട്മെന്റ് ഓഫ് ട്രഷറി, അമേരിക്ക)**

❖ 2023-ൽ നടക്കുന്ന പ്രഥമ ഐ.സി.സി. വുമൺ അണ്ടർ-19 ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന് വേദിയാകുന്നത് ?
- **ദക്ഷിണാഫ്രിക്ക ( ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ - ഷെഫാലി വർമ)**

❖ ഖത്തർ ലോകകപ്പിലെ മത്സരങ്ങളുടെ ഫലം പ്രവചിക്കുന്ന തായ്ലൻഡിലെ സിംഹത്തിന്റെ പേര് ?
- **ചാവോ ബോയ്**

## DEC 13

❖ ഇന്റർനാഷണൽ യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ദിനം ആചരിക്കുന്നത് ?
- **ഡിസംബർ 12**

❖ ഈ വർഷത്തെ ഇന്റർനാഷണൽ യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ദിനത്തിന്റെ പ്രമേയം ?
- **Build the world we want: A healthy future for all.**

❖ യുഎഇയുടെ ആദ്യ ചാന്ദ്രദൗത്യം വിക്ഷേപണം വിജയിച്ചു. പേര് ?
- **എമിറേറ്റ്സ് ലൂണാർ മിഷൻ(റാഷിദ് റോവർ)**

❖ ജാപ്പനീസ് ബഹിരാകാശ സ്റ്റാർട്ടപ്പായ Ispace വിക്ഷേപിച്ച ലോകത്തിലെ ആദ്യത്തെ വാണിജ്യ ചാന്ദ്ര ലാൻഡർ ?
- **HAKUTO-R (എമിറേറ്റ്സ് ലൂണാർ മിഷന്റെ ലാൻഡർ, യുഎഇ)**

❖ മനുഷ്യനെ വീണ്ടും ചന്ദ്രനിലെത്തിക്കാനുള്ള നാസയുടെ ദൗത്യമായ ആർട്ടെമിസിന്റെ ആദ്യഘട്ടത്തിൽ ആളില്ലാപേടകമായ ഓറിയോൺ 25 ദിവസത്തെ ബഹിരാകാശദൗത്യം പൂർത്തിയാക്കി തിരിച്ചിറങ്ങിയത് ?
- **മെക്സിക്കൻ തീരത്തിനടുത്ത് പസഫിക് സമുദ്രത്തിൽ**
- **(ഡിസംബർ 11ന് ഇന്ത്യൻ സമയം രാത്രി 11:15)**

- ചന്ദ്രനിലെ മണ്ണിന്റെ സ്വഭാവം,പ്ലാസ്മ,ശിലകൾ,പൊടി, ചന്ദ്രന്റെ ഫോട്ടോ ഇലക്ട്രോൺ കവചം തുടങ്ങിയവയെ കുറിച്ചുള്ള പഠനത്തിന് യുഎഇ അയച്ച റോവറിന് ആരുടെ പേരാണ് നൽകിയിരിക്കുന്നത് ?
    - **ദുബായ് ഭരണാധികാരി ഷെയ്ഖ് റാഷിദ് ബിൻ സായിദ് അൽ മക്തൂമിന്റെ സ്മരണാർത്ഥം**
- ബ്രിട്ടനിലെ ഗ്രേറ്റ് ഓമണ്ട് സ്ട്രീറ്റ് ആശുപത്രിയിലെ ഡോക്ടർ മാർ നടത്തിയ ബെയ്സ് എഡിറ്റിങ്' ജീൻ തെറാപ്പിയിലൂടെ  രക്താർബുദത്തെ അതിജീവിച്ച 13കാരി ?
    - **അലീസ**
- ക്ഷയരോഗ നിയന്ത്രണ പരിപാടിക്കുള്ള പുരസ്കാരം നേടിയ ഇന്ത്യൻ സംസ്ഥാനം ?
    - **മേഘാലയ**
- അടുത്തിടെ IUCN റെഡ് ലിസ്റ്റിൽ ഉൾപ്പെട്ട ഹിമാലയൻ ഔഷധ സസ്യങ്ങൾ ?
    - **Meizotropis penllita, Fritillaria cirrhosa, Dactylorhiza hatagiria**
- ISRO സ്ക്രാംജെറ്റ് എഞ്ചിന്റെ ഹോട്ട് ടെസ്റ്റ് വിജയകരമായി പരീക്ഷിച്ചത് ?
    - **തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ മഹേന്ദ്രഗിരിയിലുള്ള ഐഎസ്ആർഒ പ്രൊപ്പൽഷൻ റിസർച്ച് കോംപ്ലക്സിൽ നിന്ന്**
- കാലാൾപ്പടയുടെ പ്രവർത്തന വീര്യം വരച്ചുകാട്ടിക്കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ ഇൻഫൻട്രി മ്യൂസിയം ഉദ്ഘാടനം ചെയ്യപ്പെടുന്നത് ?
    - **മൊവ് കന്റോൺമെന്റ്, ഇൻഡോർ, മധ്യപ്രദേശ്**
- മോപ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്നത് ?
    - **ഗോവ**
- ഗോവയിലെ മോപ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഗോവ മുഖ്യമന്ത്രിയും മുൻ കേന്ദ്ര പ്രതിരോധ മന്ത്രിയുമായ ആരുടെ പേരാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയത് ?
    - **മനോഹർ പരീക്കർ**
- 2022 ഡിസംബറിൽ കൊച്ചി മുസിരിസ് ബിനാലെയുടെ എത്രാമത് പതിപ്പിനാണ് തുടക്കമാവുന്നത് ?
    - **അഞ്ചാം പതിപ്പ് (ഡിസംബർ 12-ഏപ്രിൽ 10)**
- കൊച്ചി മുസിരിസ് ബിനാലെയുടെ പ്രമേയം ?
    - **നമ്മുടെ സിരകളിൽ ഒഴുകുന്നത് മഷിയും തീയും**

- കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നടൻ മമ്മൂട്ടി പ്രകാശനം ചെയ്ത ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയുടെ നാല് പുസ്തകങ്ങൾ ?
  - **ഓറിയന്റേഷൻ ഓഫ് എജ്യുക്കേഷൻ.**
  - **ആന്തോളജി ഓഫ് ഓഫീഷ്യൽ അഡ്രസ്സ്.**
  - **മ്യൂസിങ്സ് ഓൺ സോഷ്യൽ ആൻഡ് ഇക്കണോമിക് ഇഷ്യൂസ്.**
  - **കഥാസമാഹാരമായ കഥയല്ലാക്കഥകൾ.**
- അടുത്തിടെ അന്തരിച്ച പ്രശസ്ത മറാത്തി ലാവണി ഗായിക ?
  - **സുലോചന ചവാൻ (92)**
- തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന പുരുഷ സിംഗിൾസ് BWF വേൾഡ് ടൂർ ഫൈനൽസ് 2022 ൽ കിരീടം നേടിയത് ?
  - **വിക്ടർ അക്സൽസെൻ (ഡെൻമാർക്ക്)**
- തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന വനിതാ സിംഗിൾസ് BWF വേൾഡ് ടൂർ ഫൈനൽസ് 2022 ൽ കിരീടം നേടിയത് ?
  - **അകാനെ യമാഗുച്ചി (ജപ്പാൻ)**
- ഐസിസിയുടെ 2022 നവംബർ മാസത്തെ പുരുഷ Player of the month പുരസ്കാരം നേടിയത് ?
  - **ജോസ് ബട്ട്ലർ (ഇംഗ്ലണ്ട്)**
- ഐസിസിയുടെ 2022 നവംബർ മാസത്തെ വനിതാ Player of the month പുരസ്കാരം നേടിയത് ?
  - **സിദ്രാ അമീൻ (പാകിസ്താൻ)**
- ഖത്തർ ലോകകപ്പ് ഫുട്ബോളിലെ സെമിഫൈനൽ, ഫൈനൽ മത്സരങ്ങളിൽ ഉപയോഗിക്കുന്ന പുതിയ പന്ത് ?
  - **അൽ ഹിം**
  - **അൽ ഹിം എന്ന വാക്കിന്റെ അർത്ഥം – സ്വപ്നം**

## DEC 14

- ദേശീയ ഊർജ്ജ സംരക്ഷണ ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 14**
- ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ (IOA) സീനിയർ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **അജയ് എച്ച്. പട്ടേൽ**

❖ കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **ഡോ. പി. സി. രഥ്**

❖ വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ശ്രീ ശാരദാ മഠത്തിന്റെയും രാമകൃഷ്ണ ശാരദാ മിഷന്റെയും പ്രസിഡന്റുമായ അടുത്തിടെ അന്തരിച്ച വ്യക്തി ?

- **പ്രവ്രാജിക ഭക്തിപ്രാണ (102)**

❖ ഡൽഹി എയർപോർട്ട് നൽകുന്ന 2022ലെ 'സേഫ്റ്റി പെർഫോമർ ഓഫ് ദ ഇയർ' അവാർഡ് ലഭിച്ചത് ?

- **സ്പൈസ്ജെറ്റ്**

❖ രാജ്യത്തുടനീളം കല, സംസ്കാരം, കരകൗശല വസ്തുക്കൾ എന്നിവ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സാംസ്കാരിക മന്ത്രാലയം സ്ഥാപിച്ച ഏഴ് സോണൽ സാംസ്കാരിക കേന്ദ്രങ്ങൾ എവിടെയെല്ലാം ?

- **പട്യാല, നാഗ്പൂർ, ഉദയ്പൂർ, പ്രയാഗ്‌രാജ്, കൊൽക്കത്ത, ദിമാപൂർ,തഞ്ചാവൂർ**

❖ 2022 ഡിസംബറിൽ സിക്ക വൈറസ് സ്ഥിരീകരിച്ച സംസ്ഥാനം ?

- **കർണാടക**

❖ കാർബൺ നിർഗമനം കുറച്ച്, കാലാവസ്ഥാ വ്യതിയാന ചെറുക്കാൻ ലക്ഷ്യമിടുന്ന ഊർജ സംരക്ഷണ ഭേദഗതി ബിൽ പാസാക്കിയത് ?

- **രാജ്യസഭ**

❖ വനിതാ വിമോചന പ്രസ്ഥാനങ്ങൾക്കു കരുത്തേകിയ ആഫ്രോ അമേരിക്കൻ വനിതയും കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതിയ സാമൂഹിക പ്രവർത്തകയുമായ വ്യക്തി അന്തരിച്ചു. പേര് ?

- **ഡോറോത്തി പിറ്റ്മാൻ ഹ്യൂസ് (84)**

❖ പോളണ്ടിലെ ആദ്യ ബഹിരാകാശ സഞ്ചാരി അന്തരിച്ചു.പേര് ?

- **മിറോസ്ലാവ് ഹെർമാസ്സെവ്സ്കി(81)**

❖ ധനമന്ത്രാലയവും RBI യും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന ജി20 ഫിനാൻസ് ആൻഡ് സെൻട്രൽ ബാങ്ക് ഡെപ്യൂട്ടീസ് യോഗത്തിന്റെ വേദി ?

- **ബെംഗളൂരു**

❖ 2006 മുതൽ ചൈന അവകാശവാദം ഉന്നയിക്കുന്ന ഏത് പ്രദേശത്ത് ആണ് ഇന്ത്യൻ സൈന്യം ചൈനയുടെ സംഘർഷത്തെ അടുത്തിടെ പ്രതിരോധിച്ചത് ?

 - **തവാങ്, അരുണാചൽ പ്രദേശ്**

❖ 2022 ഡിസംബറിൽ പൊട്ടിത്തെറിച്ച ഗ്വാട്ടിമാലയിൽ സ്ഥിതി ചെയ്യുന്ന അഗ്നിപർവ്വതം

 - **ഫ്യൂഗോ**

❖ ഗോൾഡൻ ഗ്ലോബ് പുരസ്കാരത്തിനായി 2 നാമനിർദേശങ്ങൾ നേടിയ അടുത്തിടെ പുറത്തിറങ്ങിയ തെലുങ്ക് സിനിമ ?

 - **RRR (സംവിധാനം - എസ്. എസ്. രാജമൗലി)**
 - **മികച്ച ഇംഗ്ലീഷ് ഇതര ചിത്രത്തിനും മികച്ച ഗാനത്തിനുമാണ് (നാട്ടു നാട്ടു..) നാമനിർദേശം**

❖ സിപിഐ നേതാവും എംഎൽഎയുമായിരുന്ന സി.കെ.വിശ്വനാഥന്റെ സ്മരണാർത്ഥം സി. കെ.വിശ്വനാഥൻ സ്മാരക ട്രസ്റ്റ് നൽകുന്ന പുരസ്കാരത്തിന് (25,000 ₹) അർഹയായ പരിസ്ഥിതി,മനുഷ്യാവകാശ പ്രവർത്തക ?

 - **മേധ പട്കർ**

❖ സൈബർ സുരക്ഷ, സൈദ്ധാന്തിക ഭൗതിക ശാസ്ത്രം, പോളിമർ മോഡലിങ് തുടങ്ങിയ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതികളിൽ കേരള സർവകലാശാലയുമായി സഹകരിക്കുന്നത് ?

 - **റഷ്യയിലെ നൊവോഗ്രായഡ് സ്റ്റേറ്റ് സർവകലാശാല**

❖ ടെസ്റ്റ് ക്രിക്കറ്റിൽ 10000 റൺസും 50 വിക്കറ്റും തികയ്ക്കുന്ന മൂന്നാമത്തെ ക്രിക്കറ്റ് താരമായത് ?

 - **ജോ റൂട്ട് (ഇംഗ്ലണ്ട്)**

❖ ക്രൊയേഷ്യയെ കീഴടക്കി ഖത്തർ ലോകകപ്പിന്റെ ഫൈനലിൽ കടന്നത് ?

 - **അർജന്റീന**

❖ 2022 നവംബർ 20 മുതൽ ഡിസംബർ 12 വരെ ഭോപ്പാലിൽ നടന്ന പിസ്റ്റൾ ഇനങ്ങളിലെ 65-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾസ്വർണം നേടിയത് ?

 - **ദിവ്യ ടി.എസ്. (കർണാടക)**

## DEC 15

❖ സാറ്റലൈറ്റ് സ്പെക്ട്രം ലേലം നടത്തുന്ന ആദ്യ രാജ്യമാകുന്നത് ?

 - **ഇന്ത്യ**

❖ ഭാവിതലമുറയെ പൂർണമായും പുകവലി മുക്തമാക്കാൻ കൗമാരക്കാർ സിഗരറ്റ് വാങ്ങുന്നത് നിയമം വഴി നിരോധിച്ച രാജ്യം ?

- **ന്യൂസിലൻഡ്**

❖ കാഠ്മണ്ഡു ഇന്റർനാഷണൽ മൗണ്ടൻ ഫിലിം ഫെസ്റ്റിവലിന്റെ എത്രാമത്തെ പതിപ്പ് ആണ് നേപ്പാളിലെ കാഠ്മണ്ഡുവിൽ അടുത്തിടെ സമാപിച്ചത് ?

- **20-ാമത്**

❖ ലോകാരോഗ്യ സംഘടനയുടെ ചീഫ് സയന്റിസ്റ്റായി ഇന്ത്യക്കാരിയായ ഡോ. സൗമ്യ സ്വാമിനാഥൻ ഒഴിഞ്ഞ ഒഴിവിൽ നിയമിതനായത് ?

- **ഡോ. ജെറമി ഫരാർ (74)**

❖ സ്ത്രീകളിലെ ഗർഭാ ശയഗള അർബുദത്തെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ ആദ്യ തദ്ദേശീയ വാക്സിൻ 2023 ഏപ്രിലിൽ വിപണിയിൽ എത്തും. വാക്സിന്റെ പേര്; വാക്സിൻ വികസിപ്പിച്ചത് ??

- **ക്വാഡ്രിലൻഡ് ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ -സെർവാവാക്ക് (ക്യു.എച്ച്.പി.വി.); സിറം ഇൻസ്റ്റിറ്റ്യൂട്ടും ബയോടെക്നോളജി വകുപ്പും**

❖ കേരള ഹൈക്കോടതിയിലെ ആരെയാണ് ഗുവാഹാട്ടി ഹൈക്കോടതി ചീഫ് ജസ്റ്റിസാക്കാൻ സുപ്രീം കോടതി കൊളീജിയം ശിപാർശ ചെയ്തത് ?

- **ജസ്റ്റിസ് കെ. വിനോദ്ചന്ദ്രൻ**

❖ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ മകനും ഡി.എം.കെ. യുവജനവിഭാഗം സെക്രട്ടറിയുമായ ഉദയനിധി സ്റ്റാലിൻ മന്ത്രിയായി അധികാരമേറ്റു. വകുപ്പ് ?

- **യുവജനക്ഷേമ വകുപ്പ്**

❖ ജനിതക വർദ്ധനയ്ക്കായി ഉത്തരാഖണ്ഡ് സർക്കാർ തിരഞ്ഞെടുത്ത പശു ഇനമേത് ?

- **ബദ്രി**

❖ കൊങ്കണിയിലുള്ള അധ്യാത്മരാമായണത്തിന്റെ ആദ്യ പൂർണ പരിഭാഷ ?

- **കുളുംബ്യാം രാമായൺ (രചയിതാവ്: പി. എസ്. മായ)**
- **കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാര ജേതാവായായ കൊങ്കണി സാഹിത്യകാരൻ ആർ.എസ്.ഭാസ്കറാണ് അവതാരിക എഴുതിയത്.**

❖ ഡിസംബർ 18ന് നടക്കുന്ന ഫിഫ ലോകകപ്പ് 2022 ഫൈനലിന് ശേഷം വിരമിക്കുമെന്ന് സ്ഥിരീകരിച്ചത് ?

- **ലയണൽ മെസ്സി (അർജന്റീന)**

❖ അൽ ബൈത്ത് സ്റ്റേഡിയത്തിൽ നടന്ന ഫിഫ ലോകകപ്പ് 2022-ന്റെ രണ്ടാം സെമിഫൈനലിൽ മൊറോക്കോയെ കീഴടക്കി ഫൈനലിൽ കടന്നത് ?

- **ഫ്രാൻസ് (2-0)**

- 2022ലെ ഡബ്ല്യുടിഎ പ്ലെയർ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ട ടെന്നീസ് താരം
    - **ഇഗ സ്വിയാറ്റെക് (പോളണ്ട്)**
- അടുത്തിടെ ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിലെ അരങ്ങേറ്റത്തിൽ സെഞ്ചുറി നേടിയത് ?
    - **അർജുൻ തെണ്ടുൽക്കർ**
    - **സച്ചിൻ തെണ്ടുൽക്കറുടെ മകൻ രഞ്ജി ട്രോഫി ക്രിക്കറ്റിൽ ഗോവയ്ക്കുവേണ്ടി രാജസ്ഥാനെതിരേ ആണ് സെഞ്ചുറി നേടിയത്**
- മികച്ച പ്രകടനത്തിലൂടെ രാജ്യത്തിന് പ്രചോദനം നൽകുന്ന കായിക താരത്തിനോ ടീമിനോ നൽകപ്പെടുന്ന ക്രിക്കറ്റ് ഇതിഹാസമായിരുന്ന ഡോൺ ബ്രാഡ്മാന്റെ പേരിലുള്ള ഡോൺ പുരസ്കാരം 2022 ൽ നേടിയ ടെന്നീസ് ഇതിഹാസം ?
    - **ആഷ്ലീ ബാർട്ടി**

## DEC 16

- കേന്ദ്ര സർക്കാർ അടുത്തിടെ 9 ഇനങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് നൽകി. നിലവിൽ ഇന്ത്യയിലെ മൊത്തം ജിഐ ടാഗുകളുടെ എണ്ണം ?
    - **432**
- കൂടുതൽ ജിഐ ടാഗുകൾ ഉള്ള സംസ്ഥാനങ്ങൾ ?
    - **കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ്**
- അടുത്തിടെ കേരളത്തിൽ നിന്നും കോഴിക്കോട് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ, ജിഐ ടാഗിന് അപേക്ഷ നൽകിയത് ?
    - **ബേപ്പൂർ ഉരു**
- ഏഴാമത് ഇന്ത്യ വാട്ടർ ഇംപാക്ട് സമ്മിറ്റ് (IWIS) ഉദ്ഘാടനം ചെയ്തത് ?
    - **ജൽശക്തി മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്**
- ന്യൂഡൽഹിയിൽ നടക്കുന്ന 2022 ഇന്ത്യ വാട്ടർ ഇംപാക്ട് ഉച്ചകോടിയുടെ പ്രമേയം ?
    - **Restoration and Conservation of Small Rivers in a Large Basin.**
- എല്ലാ കുടുംബങ്ങൾക്കും തനതായ ആൽഫ-ന്യൂമറിക് ഐഡന്റിഫിക്കേഷൻ നമ്പർ സമാരംഭിക്കാൻ നിർദ്ദേശിച്ചത് ?
    - **ജമ്മു കശ്മീർ**
- 5000 കി.മീ. വരെ ദൂരപരിധിയിൽ ആണവായുധ പ്രഹരം നടത്താൻ ശേഷിയുള്ള ഇന്ത്യ വിജയകരമായി പരീക്ഷിച്ച ബാലിസ്റ്റിക് മിസൈൽ ?
    - **അഗ്നി 5**

- **ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ് വരെ എത്താൻ ശേഷിയുള്ളതാണ് അബ്ദുൽ കലാം ഐലൻഡിൽ നിന്ന് 2022 ഡിസംബർ 15 ന് പരീക്ഷിച്ച അഗ്നി 5 മിസൈൽ.**

❖ 2022 ഡിസംബർ 15 മുതൽ 28 വരെ മേഘാലയയിലെ ഉംറോയിയിൽ സംഘടിപ്പിക്കുന്ന ആറാമത് ഇന്ത്യ-കസാക്കിസ്ഥാൻ സംയുക്ത പരിശീലന അഭ്യാസം ?

- **KAZIND-22**

❖ 16-ാമത് എഡിഷൻ ഇന്ത്യ-നേപ്പാൾ സംയുക്ത പരിശീലന അഭ്യാസം ഏത്, നടക്കുന്നത് എവിടെയാണ്, എന്ന് ??

- **സൂര്യ കിരൺ;Nepal Army Battle School;Dec16-29,2022**

❖ ന്യൂയോർക്കിലെ ഐക്യരാഷ്ട്ര സംഘടനാ ആസ്ഥാനത്ത് മഹാത്മാ ഗാന്ധിയുടെ പ്രതിമ അനാച്ഛാദനം ചെയ്തത് ?

- **ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്, ജയശങ്കറും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും ചേർന്ന്**

❖ അടുത്തിടെ സ്വവർഗവിവാഹം നിയമപരമാക്കിയ രാജ്യം ?

- **അമേരിക്ക**

❖ യുഎസ് വന്യജീവി ഉദ്യോഗസ്ഥർ വംശനാശഭീഷണി നേരിടുന്ന ഇനമായി പ്രഖ്യാപിച്ച പുഷ്പം ?

- **നെവാഡ വൈൽഡ് ഫ്ലവർ**

❖ സ്റ്റാൻഡിംഗ് വിത്ത് ദി ഉക്രേനിയൻ പീപ്പിൾ എന്ന പേരിൽ ഒരു അന്താരാഷ്ട്ര കോൺഫറൻസിന് ആതിഥേയത്വം വഹിക്കുന്നത് ?

- **പാരീസ്, ഫ്രാൻസ്**

❖ ഓൺലൈൻ റഫറൻസ് സൈറ്റായ ഡിക്ഷണറി ഡോട് കോമിന്റെ (Dictionary. com) ഈ വർഷത്തെ വാക്കായി തിരഞ്ഞെടുത്തത് ?

- **Woman**

❖ കാലത്തിനൊത്ത് വാക്കുകൾ അർഥസമ്പന്നമാകുമ്പോൾ Woman (സ്ത്രീ), Man (പുരുഷൻ) എന്നിവയുടെ പരമ്പരാഗത നിർവചനം പുതുക്കിയെഴുതിയത് ?

- **കേംബ്രിഡ്ജ് നിഘണ്ടു**
- **ട്രാൻസ്ജെൻഡർ വിഭാഗത്തെയും ഉൾപ്പെടുത്തിയാണ് നിർവചനം പുതുക്കിയെഴുതിയത്.**

❖ അണുസംയോജനത്തിലൂടെ ആദ്യമായി ശുദ്ധമായ ഊർജ്ജം നിർമ്മിച്ചത് ?

- **ലോറൻസ് ലിവർമോർ നാഷണൽ ലബോറട്ടറി, കാലിഫോർണിയ**

❖ 2025 ന് ശേഷം നിർമ്മിക്കുന്ന പുതിയ വീടുകൾക്ക് സോളാർ പാനലുകൾ നിർബന്ധമാക്കിയത് ?
- **ടോക്യോ, ജപ്പാൻ**

❖ അടുത്തിടെ അന്തരിച്ച ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ശിഷ്യനും കേരള കലാമണ്ഡലത്തിൽ ദീർഘകാലം സംഗീതാധ്യാപകനുമായിരുന്ന വ്യക്തി ?
- **കോദണ്ഡരാമ ഭാഗവതർ**

❖ ഗവർണറെ സംസ്ഥാനത്തിന്റെ ചാൻസലർ സ്ഥാനത്ത് നിന്ന് നീക്കുന്നതിനുള്ള ബിൽ അടുത്തിടെ പാസാക്കിയ സംസ്ഥാനം ?
- **കേരളം**

❖ മഹാരാഷ്ട്രയിലെ പൂനെയിൽ നടന്ന ടെന്നീസ് പ്രീമിയർ ലീഗ് 2022 കിരീടം നേടിയത്
- **ഹൈദരാബാദ് സ്ട്രൈക്കേഴ്സ്**
- **മുംബൈ ലിയോൺ ആർമിയെ തോൽപ്പിച്ചു.**

❖ കൊളംബിയയിൽ നടന്ന ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം ?
- **മീരാഭായ് ചാനു**

## DEC 17

❖ അഴിമതി തടയൽ നിയമപ്രകാരം പൊതുസേവകരെ ശിക്ഷിക്കാൻ അവർ കൈക്കൂലി ആവശ്യപ്പെട്ടതിൻെറയോ സ്വീകരിച്ചതിന്റെയോ നേരിട്ടുള്ള തെളിവുകൾ നിർബന്ധമില്ലെന്നും സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി സ്ഥിരീകരിച്ചാലും പൊതുസേവകരെ ശിക്ഷിക്കാമെന്ന് അടുത്തിടെ പ്രസ്താവിച്ചത് ?
- **സുപ്രീംകോടതി**

❖ 2023 ലെ India International Science Festival ന് വേദിയാകുന്ന ഇന്ത്യൻ നഗരം ?
- **ഭോപ്പാൽ, മധ്യപ്രദേശ്**

❖ പ്രധാനമന്ത്രി കൗശൽ കോ കാം കാര്യക്രം(PMKKK) ഏത് പദ്ധതിയായാണ് പുനർനാമകരണം ചെയ്തത് ?
- **പ്രധാൻ മന്ത്രി വിരാസത് കാ സംവർദ്ധൻ (പിഎം വികാസ്) സ്കീം**

❖ അതിർത്തിയിൽ ചൈനയുമായി സംഘർഷം നിലനിൽക്കുന്നതിനിടെ ഫ്രാൻസിൽ നിന്ന് അവസാന റഫാൽ പോർവിമാനവും ഇന്ത്യയിൽ എത്തിയത് എത്രാമത്തെ റഫാൽ പോർവിമാനമാണ് ?

- **36 ( ഇവ ഹരിയാനയിലെ അംബാലയിലും പശ്ചിമ ബംഗാളിലെ ഹസിമോരയിലുമുള്ള വ്യോമത്താവളങ്ങളിൽ വിന്യസിച്ചിരിക്കുന്നു. )**

❖ അടുത്തിടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ് (ഐകോൺസ്) ഡയറക്ടറായി നിയമിതനായത് ?
- **ഡോ. സഞ്ജീവ് വി. തോമസ്**

❖ ജനിച്ച് 24 മണിക്കൂറിനകം നവജാത ശിശുക്കൾക്ക് ശിശു ആധാർ നൽകാൻ തീരുമാനിച്ച സംസ്ഥാനം ?
- **തെലങ്കാന**

❖ ട്രാംജാത്ര ഇവന്റ്;മൂവിംഗ് ട്രാം കാർണിവൽ നടക്കുന്നത് ?
- **കൊൽക്കത്ത**

❖ മൂവി ഡാറ്റാബേസ് ആയ ഐഎംഡിബി തിരഞ്ഞെടുത്ത 2022-ലെ ജനപ്രിയ ചിത്രം; ജനപ്രിയ സീരീസ് ??
- **ജനപ്രിയ ചിത്രം:- RRR & ജനപ്രിയ സീരീസ് :- Panchayat**

❖ G4- രാജ്യങ്ങളുടെ (ആസ്ട്രേലിയ, ഇന്ത്യ, ജപ്പാൻ, യു.എസ്.എ.) നയതന്ത്ര നെറ്റ്വർക്കായ ക്വാഡ് ഓരോ വർഷവും തിരഞ്ഞെടുക്കപ്പെടുന്ന 100 വിദ്യാർത്ഥികൾക്ക് നൽകുന്ന രാജ്യാന്തര സ്കോളർഷിപ്പായ ക്വാഡ് ഫെലോഷിപ്പ് നേടിയ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിദ്യാർത്ഥിനി ?
- **പി. അനഘ**

❖ യുഎൻ ജൈവവൈവിധ്യ സമ്മേളനത്തിൽ (COP15) പുറത്തിറക്കിയ ഒരു റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയുടെ ഏത് പദ്ധതി ആണ് ലോകത്തിലെ പ്രകൃതി,പരിസ്ഥിതി പുനഃസ്ഥാപനത്തിനായി വ്യവസ്ഥ ചെയ്തിരിക്കുന്നവയിൽ ഏറ്റവും മികച്ച 10 സംരംഭങ്ങളിൽ ഉൾപ്പെടുത്തിയത് ?
- **നമാമി ഗംഗ പ്രോജക്ട്**

❖ യൂറോപ്യൻ യൂണിയൻ അടുത്തിടെ Candidate Status നൽകാൻ തീരുമാനിച്ചത് ഏത് രാജ്യത്തിനാണ് ?
- **ബോസ്നിയ**

❖ ഹൃദയാഘാതത്തെ തുടർന്ന് അടുത്തിടെ അന്തരിച്ച വിശ്വഹി നു പരിഷത് സംസ്ഥാന ഗവേണിങ് കൗൺസിൽ അംഗമായിരുന്ന മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ ?
- **കെ.എൻ. സതീഷ് (63)**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- ❖ ജലഗവേഷണത്തിലെ മികവിനുള്ള പ്രിൻസ് സുൽത്താൻ ബിൻ അബ്ദുൾ അസീസ് അന്താരാഷ്ട്ര പുരസ്കാരം (PSIPW) ലഭിച്ച ചെന്നൈ ഐ.ഐ.ടി.യിലെ ശാസ്ത്രജ്ഞനായ എടപ്പാൾ സ്വദേശി ?
  - **ഡോ. പ്രദീപ്**
- ❖ 2022 ഡിസംബർ 9-16 വരെ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവം(IFFK) എത്രാമത്തെ പതിപ്പ് ആണ് ?
  - **27th**
- ❖ 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം നേടിയ ബൊളീവിയൻ ചിത്രം ?
  - **ഉതമ**
  - **സംവിധാനം: അലെഹാൻഡ്രോ ലോയ്സ ഗ്രിസി**
- ❖ 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച മലയാള സിനിമയ്ക്കുള്ള NETPAC ജൂറി പുരസ്കാരം ലഭിച്ചത് ?
  - **അറിയിപ്പ്**
  - **സംവിധാനം: മഹേഷ് നാരായണൻ**
- ❖ 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച മലയാള സിനിമയ്ക്കുള്ള ഫിപ്രസി പുരസ്കാരം ലഭിച്ചത് ?
  - **ആർട്ടിക്കിൾ 19(1)(a)**
  - **സംവിധായിക: ഇന്ദു വി. എസ്.**
- ❖ 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച ജനപ്രിയ ചിത്രം ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **നൻപകൽ നേരത്ത് മയക്കം**
  - **സംവിധാനം: ലിജോ ജോസ് പെല്ലിശ്ശേരി**
- ❖ അടുത്തിടെ കേരളത്തിൽ നിന്നും ഭൗമസൂചിക പദവി (ജിഐ ടാഗ്) ലഭിച്ച കാർഷിക ഇനങ്ങൾ ?
  - **അട്ടപ്പാടി ആട്ടുകൊമ്പ് അമര**
  - **അട്ടപ്പാടി തുവര**
  - **കാന്തല്ലൂർ- വട്ടവട വെളുത്തുള്ളി**
  - **ഓണാട്ടുകര എള്ള്**
  - **കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി**

# DEC 18

- ഇന്ത്യയിൽ ന്യൂനപക്ഷ അവകാശ ദിനം ആചരിക്കുന്നത് ?
    - **ഡിസംബർ 18**
- അന്താരാഷ്ട്ര കുടിയേറ്റ ദിനം ആചരിക്കുന്നത് ?
    - **ഡിസംബർ 18**
- 2022 ലെ അന്താരാഷ്ട്ര കുടിയേറ്റ ദിനത്തിന്റെ പ്രമേയം ?
    - **Integrating migrants into primary health care.**
- ബി.സി. അഞ്ചാം നൂറ്റാണ്ട് മുതൽ സംസ്കൃത പണ്ഡിതന്മാരെ തോൽപ്പിച്ച വ്യാകരണ പ്രശ്നം അടുത്തിടെ പരിഹരിച്ച കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ഇന്ത്യൻ വിദ്യാർഥി ?
    - **ഋഷി രാജ്പോപത്**
    - **പ്രബന്ധത്തിന്റെ പേര് - In Panini, We Trust: Discovering the Algorithm for Rule Conflict Resolution in the Astadhyayi.**
- അടുത്തിടെ യു.എൻ വനിതാ സമിതിയിൽ നിന്നും പുറത്താക്കപ്പെട്ട രാജ്യം ?
    - **ഇറാൻ**
- ലോകത്തിലെ ഏറ്റവും ഉയരം കുറഞ്ഞ മനുഷ്യൻ എന്ന ഗിന്നസ് റെക്കോഡ് നേടിയ ഇറാൻ വംശജൻ ?
    - **അഫ്ഷീൻ ഇസ്മയിൽ ഘദേർസദേ (65.24 cm )**
- ഭൂമിയിലെ ജലാശയങ്ങൾ കാലാവസ്ഥാ വ്യതിയാനത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചുള്ള പഠനങ്ങൾക്കായി കാലിഫോർണിയയിൽ നിന്ന് സർഫേസ് വാട്ടർ ആൻഡ് ഓഷ്യൻ ടോപ്പോഗ്രഫി (SWOT) ഉപഗ്രഹം വിക്ഷേപിച്ചത് ?
    - **നാസ**
- സർഫേസ് വാട്ടർ ആൻഡ് ഓഷ്യൻ ടോപ്പോഗ്രഫി (SWOT) ഉപഗ്രഹ പദ്ധതിയിൽ നാസയോട് സഹകരിക്കുന്നത് ?
    - **CNES (ഫ്രഞ്ച് ബഹിരാകാശ ഏജൻസി)**
- 2022 ഡിസംബറിൽ അമേരിക്കയിലെ ഹാർവാഡ് സർവകലാശാലയുടെ തലപ്പത്തെത്തിയ ആദ്യ കറുത്ത വർഗ്ഗക്കാരി ?
    - **ക്ലോഡിൻ ഗേ (ഹാർവാഡ് സർവകലാശാലയുടെ 30-ാമത് പ്രസിഡന്റ്)**
- ഇന്ത്യൻ വംശജനായ ലിയോ വരദ്കർ ഏത് രാജ്യത്താണ് വീണ്ടും പ്രധാനമന്ത്രിയായത് ?

- **അയർലൻഡ്**

❖ ഐക്യരാഷ്ട്ര സഭയുടെ ആഗോള ജൈവവൈവിധ്യ ഉച്ചകോടിയ്ക്ക് (COP-15) വേദി ?
- **മോൺട്രിയോൾ, കാനഡ**

❖ ബാങ്കുകളുടെ പ്രവർത്തനം ആഴ്ചയിൽ എത്ര ദിവസം ആക്കാൻ ആണ് ധാരണയാവുന്നത് ?
- **അഞ്ച് ദിവസം**

❖ ചരക്ക് സേവന നികുതി നിയമത്തിനു കീഴിൽ ക്രിമിനൽ കുറ്റങ്ങളിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുള്ള പരിധി ഒരു കോടിയിൽ നിന്ന് എത്ര കോടിയാക്കാൻ ആണ് ജി.എസ്.ടി. കൗൺസിൽ യോഗം തീരുമാനിച്ചത് ?
- **2 കോടി ₹**

❖ ഫാസ്റ്റ് മൂവിങ് കൺസ്യൂമർ ഗുഡ്സ് (FMCG) രംഗത്ത് റിലയൻസ് അവതരിപ്പിച്ച പുതിയ ബ്രാൻഡ് ?
- **ഇൻഡിപെൻഡൻസ്**

❖ ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന 2022ലെ അന്ധർക്കായുള്ള ടി20 ക്രിക്കറ്റ് ലോകകപ്പിൽ ബംഗ്ലാദേശിനെ 120 റൺസിന് പരാജയപ്പെടുത്തി കിരീടം നേടിയത് ?
- **ഇന്ത്യ ( ഇന്ത്യയുടെ മൂന്നാം കിരീടം -2012,2017,2022)**

❖ പുരുഷന്മാരുടെ പ്രൊഫഷണൽ ടി20 ക്രിക്കറ്റ് മത്സരത്തിൽ ഏറ്റവും കുറഞ്ഞ സ്കോർ നേടിയ ടീം ?
- **സിഡ്നി തണ്ടർ**
- **ബിഗ് ബാഷ് ലീഗിൽ സ്ട്രൈക്കേഴ്സിനെതിരെ 5.5 ഓവറിൽ 15 റൺസിന് എല്ലാവരും പുറത്തായി**

❖ ഈ വർഷം ഏറ്റവും കൂടുതൽ ലേഖനങ്ങൾ എഴുതപ്പെട്ട താരം എന്ന നേട്ടത്തിൽ ഉസൈൻ ബോൾട്ടിനെ മറികടന്നത് ?
- **നീരജ് ചോപ്ര**

❖ ഖത്തർ ലോകകപ്പിന്റെ ലൂസേഴ്സ് ഫൈനലിൽ മൊറോക്കോയെ (2-1) കീഴടക്കി മൂന്നാം സ്ഥാനം നേടിയത് ?
- **ക്രൊയേഷ്യ**

❖ കേരളത്തിലെ ആദ്യത്തെ അതിവിദൂര സ്വയം നിയന്ത്രിത ഡ്രോൺ നിർമിച്ചത് ?

- **തൃശ്ശൂർ ഗവൺമെൻറ് എൻജിനിയറിങ് കോളേജ് വിദ്യാർഥികൾ.**
- **സൊസൈറ്റി ഓഫ് ഓട്ടോമോട്ടീവ് എൻജിനിയേഴ്സ് സംഘടിപ്പിച്ച ഏറോത്തോൺ' അഖിലേന്ത്യാ ഓട്ടോണോമസ് ഡ്രോൺ നിർമാണ മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി.**

❖ ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡ് ലഭിച്ചത് ?
- **കേരളം**

❖ ടൂറിസം രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡ് ലഭിച്ചത് ?
- **കേരളം**
- **കോവിഡനന്തര ടൂറിസത്തിൽ കേരളം നടത്തിയ പ്രവർത്തനങ്ങൾക്കാണ് അവാർഡ്. കാരവൻ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികൾ ചൂണ്ടിക്കാട്ടിയാണ് ഇന്ത്യാടുഡേയുടെ തിരഞ്ഞെടുപ്പ്.**

❖ 2022 ഡിസംബറിൽ കേരള സർക്കാർ ഏപ്പെടുത്തിയ അക്ഷയ ഊർജ്ജ പുരസ്കാരം നേടിയ സ്ഥാപനം ?
- **ഇൻകെൽ ലിമിറ്റഡ്**

## DEC 19

❖ Goa Liberation Day ആയി ആചരിക്കുന്നത് ?
- **ഡിസംബർ 19**

❖ ഏത് വർഷക്കാലയളവിലേക്കാണ് ഇന്ത്യയുടെ യുഎൻഎസ്സി സ്ഥാനാർത്ഥിത്വം വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പ്രഖ്യാപിച്ചത് ?
- **2028-29**

❖ പ്രോജക്ട് 15 ബിയുടെ ഭാഗമായി നിർമ്മിക്കുന്ന രണ്ടാമത്തെ യുദ്ധക്കപ്പലായ മുംബൈയിൽ കമ്മീഷൻ ചെയ്യപ്പെട്ട നാവികസേന തദ്ദേശീയമായി നിർമ്മിച്ച യുദ്ധക്കപ്പൽ ?
- **ഐഎൻഎസ് മോർമുഗാവോ**
- **മണിക്കൂറിൽ 56 കിലോമീറ്റർ പരമാവധി വേഗത കൈവരിക്കുന്ന അത്യാധുനിക റഡാർ സംവിധാനങ്ങളുള്ള കപ്പലിന് ബറാക്,ബ്രഹ്മോസ് മിസൈലുകൾ വഹിക്കാനുള്ള ശേഷിയുണ്ട്.**

- ❖ പ്രോജക്ട് 15 ബി യുടെ ഭാഗമായ ആദ്യ കപ്പൽ ?
  - **ഐഎൻഎസ് വിശാഖപട്ടണം**
- ❖ അടുത്തിടെ പുകയില വിമുക്ത മേഖലയായി പ്രഖ്യാപിച്ച ക്യാമ്പസ് ?
  - **ഡൽഹി എയിംസ്**
- ❖ അടൽ ഇന്നൊവേഷൻ മിഷൻ, NITI ആയോഗ് എന്നിവയുടെ പങ്കാളിത്തത്തോടെ UNDP ഇന്ത്യ 2019-ൽ ആരംഭിച്ച സംരംഭമായ യുവ സംരംഭകർക്കായുള്ള യൂത്ത് കോ: ലാബിന്റെ എത്രാം പതിപ്പ് ആണ് അടുത്തിടെ നടന്നത് ?
  - **5**
- ❖ ഇന്ത്യയിലെ ആദ്യ കാർബൺ ന്യൂട്രൽ പവർ എക്സ്ചേഞ്ച് ?
  - **Indian Energy Exchange**
- ❖ ഡെൻമാർക്ക് പ്രധാനമന്ത്രിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **മെറ്റെ ഫ്രെഡറിക്സൺ**
- ❖ 2022 ഡിസംബറിൽ പത്രപ്രവർത്തന മികവിന് മുംബൈ പ്രസ് ക്ലബ് ഏർപ്പെടുത്തിയ റെഡ് ഇങ്ക് ദേശീയ മാധ്യമ പുരസ്കാരം നേടിയ മലയാളി മാധ്യമ പ്രവർത്തക ?
  - **അനു എബ്രഹാം**
- ❖ അടുത്തിടെ അഖിലേന്ത്യ കിസാൻ സഭയുടെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മലയാളി ?
  - **വിജു കൃഷ്ണൻ (കണ്ണൂർ സ്വദേശി)**
- ❖ കേരളത്തിൽ അടുത്തിടെ അവതരിപ്പിച്ച സ്മാർട്ട് ഫോണിലൂടെ മീറ്റർ റീഡിംഗ് സ്വയമെടുത്ത് കുടിവെള്ള ബിൽ അടയ്ക്കാനുള്ള സെൽഫ് മീറ്റർ റീഡിംഗ് ആപ്ലിക്കേഷൻ
  - **കെ- സെൽഫ്**
- ❖ കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിക്കപ്പെട്ട, ഗോത്ര വർഗത്തിൽപ്പെട്ടവർ മാത്രം അഭിനയിച്ച ആദ്യ ചലച്ചിത്രം ?
  - **ധബാരി ക്യുരുവി ( ഭാഷ: ഇരുള ഭാഷ; സംവിധാനം: പ്രിയനന്ദനൻ)**
- ❖ കേരളത്തിലെ ഏറ്റവും വലിയ Food & Confectionery ഫാക്ടറി നിലവിൽ വന്നത് ?
  - **കോഴിക്കോട് (പേര്: ക്രേസ് ബിസ്ക്കറ്റ്)**
  - **Meaning:: Confectionery - Sweets,cakes, chocolates collectively called.**
- ❖ ബംഗ്ലാദേശിനെതിരായ ടെസ്റ്റ് മത്സരത്തിൽ ജയിച്ചതോടെ ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ എത്രാം സ്ഥാനത്താണ് ?

- **രണ്ടാം സ്ഥാനം (1. ഓസ്ട്രേലിയ)**

❖ ഹോക്കി ലോകകപ്പ് ട്രോഫി അനാവരണം ചെയ്തത് ?
- **അനുരാഗ് താക്കൂർ**

❖ 2023 ജനുവരി 13 മുതൽ 29 വരെ ഹോക്കി പുരുഷ FIH ലോകകപ്പ് 2023 ന് സംയുക്തമായി ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത് ?
- **ഭുവനേശ്വർ & റൂർക്കേല**

❖ അടുത്ത വർഷത്തെ ഫുട്ബോൾ ക്ലബ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം ?
- **മൊറോക്കോ (2023 ഫെബ്രുവരി 1 മുതൽ 11 വരെയാണ് ടൂർണമെന്റ് നടക്കുന്നത്.)**

❖ ഫുട്ബോൾ ക്ലബ് ലോകകപ്പിന്റെ നിലവിലെ ചാമ്പ്യൻ ?
- **ഇംഗ്ലണ്ടിലെ ചെൽസി ക്ലബ്**

❖ 22 ആമത് ഫിഫ ഫുട്ബോൾ ലോകകപ്പിന്റെ ഫൈനലിൽ മാറ്റുരച്ചത് ?
- **അർജന്റീന & ഫ്രാൻസ്**

❖ 22ആമത് ഫുട്ബോൾ ലോകകപ്പിലെ ആദ്യ ഗോൾ നേടിയത് ?
- **എന്നെർ വലെൻസിയ, ഇക്വഡോർ (ഖത്തറിനെതിരെ)**

❖ ആദ്യ ഹാട്രിക് ഗോൾ നേടിയത് ?
- **ഗോൺസാലോ റാമോസ് (പോർച്ചുഗൽ)**
- **സ്വിറ്റ്സർലൻഡിനെതിരായ മത്സരത്തിൽ**

❖ ഈ ലോകകപ്പിലെ വേഗമേറിയ ഗോൾ നേടിയത് ?
- **അൽഫോൻസോ ഡേവിസ് (കാനഡ).**
- **ക്രൊയേഷ്യക്കെതിരേ രണ്ട് മിനിറ്റിനുള്ളിൽ ഗോൾ നേടി.**

❖ ഏറ്റവും കൂടുതൽ ലോകകപ്പുകളിൽ ഗോൾ നേടിയ താരം ?
- **ക്രിസ്റ്റ്യാനോ റൊണാൾഡോ (പോർച്ചുഗൽ).**
- **തുടർച്ചയായി അഞ്ച് ലോകകപ്പുകളിൽ ഗോൾ നേടി.**

❖ പ്രായംകൂടിയ ഗോൾ സ്കോറർ ആയത് ?
- **പെപ്പെ (പോർച്ചുഗൽ).**
- **സ്വിറ്റ്സർലൻഡിനെതിരേ ഗോൾ നേടുമ്പോൾ പ്രായം 39 വയസ്സും 283 ദിവസവും.**

❖ പ്രായം കുറഞ്ഞ ഗോൾ സ്കോറർ ആയത് ?

  - **ഗാവി (സ്പെയിൻ).**
  - **കോസ്റ്ററിക്കയ്ക്കെതിരേ ഗോൾ നേടുമ്പോൾ പ്രായം 18 വർഷവും 109 ദിവസവും.**
- ലോകകപ്പ് സെമിയിലെത്തിയ ആദ്യ ആഫ്രിക്കൻ രാജ്യം ആയത് ?
  - **മൊറോക്കോ**
- പുരുഷ ലോകകപ്പ് മത്സരം നിയന്ത്രിച്ച ആദ്യ വനിതാ റഫറി ആയത് ?
  - **ഫ്രാൻസിന്റെ സ്റ്റെഫാനി ഫ്രാപ്പാർട്ട്.**
  - **ജർമനി-കോസ്റ്ററിക്ക മത്സരമാണ് നിയന്ത്രിച്ചത്.**
- ഉദ്ഘാടന മത്സരത്തിൽ തോൽക്കുന്ന ആദ്യ ആതിഥേയ ടീം ആയത് ?
  - **ഖത്തർ**
  - **ആദ്യകളിയിൽ ഇക്വഡോറിനോട് തോറ്റു.**
- ഈ ലോകകപ്പിൽ ഒരു പോയിന്റ് പോലും നേടാത്ത ടീമുകൾ ?
  - **ഖത്തർ, കാനഡ**
- ഈ ലോകകപ്പിലെ പ്രായംകൂടിയ പരിശീലകൻ ആയത് ?
  - **നെതർലൻഡ്സിന്റെ ലൂയി വാൻഗാൽ.**
  - **ക്വാർട്ടർ ഫൈനലിൽ അർജന്റീനയ്ക്കെതിരേ ടീമിനെ ഇറക്കിയപ്പോൾ പ്രായം 71 വയസ്സും 123 ദിവസവും.**
- 22 ആമത് ലോകകപ്പ് വിജയികളായത് ?
  - **അർജന്റീന (റണ്ണർ അപ്പ് - ഫ്രാൻസ്)**
  - **( അർജന്റീന - 4(3); ഫ്രാൻസ് - 2(3))**
- ഫൈനൽ മത്സരം നടന്ന വേദി ?
  - **ലുസൈൽ ഐക്കണിക് സ്റ്റേഡിയം**
- അർജന്റീന ക്യാപ്റ്റൻ ?
  - **ലയണൽ മെസ്സി ( കോച്ച്: ലയണൽ സ്കലോനി )**
- ഫ്രാൻസ് ക്യാപ്റ്റൻ ?
  - **ഹ്യൂഗോ ലോറിസ്**
  - **കോച്ച്: ദിദിയർ ഡെസ്ചാംപ്സ്**
- ടോപ്പ് ഗോൾ സ്കോറർക്കുള്ള ഗോൾഡൻ ബൂട്ട് അവാർഡ് ലഭിച്ചത് ?
  - **കൈലിയൻ എംബാപ്പെ (ഫ്രാൻസ്,8 ഗോളുകൾ)**
- മികച്ച താരത്തിനുള്ള ഗോൾഡൻ ബോൾ അവാർഡ് ലഭിച്ചത് ?

- **ലയണൽ മെസ്സി**

❖ FIFA യംഗ് പ്ലെയർ അവാർഡ് ലഭിച്ചത് ?
- **എൻസോ ഫെർണാണ്ടസ് (അർജന്റീന)**

❖ മികച്ച ഗോൾകീപ്പർക്കുള്ള ഗോൾഡൻ ഗ്ലോവ് അവാർഡ് ലഭിച്ചത് ?
- **എമിലിയാനോ മാർട്ടിനെസ് (അർജന്റീന)**

❖ 1966ലെ ഫൈനലിൽ ജെഫ് ഹർസ്റ്റിന് ശേഷം ലോകകപ്പ് ഫൈനലിൽ ഹാട്രിക് നേടുന്ന ആദ്യ കളിക്കാരനായത് ?
- **കൈലിയൻ എംബാപ്പെ (ഫ്രാൻസ്)**

❖ ഫിഫ ഫെയർ പ്ലേ അവാർഡ് ലഭിച്ചത് ?
- **ഇംഗ്ലണ്ട്**

❖ അർജന്റീനയുടെ എത്രാമത് കിരീട നേട്ടമാണ് ?
- **3 (1978,1986,2022)**

❖ അവസാന ലോകകപ്പ് മത്സരത്തിൽ ഇരട്ടഗോൾ നേടിയത് ?
- **ലയണൽ മെസ്സി**

❖ വാമോസ് എന്ന സ്പാനിഷ് പദത്തിന്റെ അർത്ഥം ?
- **നമുക്ക് മുന്നോട്ട് പോകാം**

## DEC 20

❖ അന്താരാഷ്ട്ര മനുഷ്യ ഐക്യദാർഢ്യ ദിനം (International Human Solidarity Day) ആയി ആചരിക്കുന്നത് ?
- **ഡിസംബർ 20**

❖ അന്താരാഷ്ട്ര മനുഷ്യ ഐക്യദാർഢ്യ ദിനത്തിന്റെ പ്രമേയം ?
- **Our Future Rests on Solidarity (നമ്മുടെ ഭാവി ഐക്യദാർഢ്യത്തിലാണ്)**

❖ പിഎ സാങ്മ ഫുട്ബോൾ സ്റ്റേഡിയം അടുത്തിടെ ഉദ്ഘാടനം ചെയ്തത് ?
- **മേഘാലയയിൽ മുഖ്യമന്ത്രി കോൺറാഡ് സാങ്മ**

❖ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ പുതിയ ചെയർമാനായി നിയമിതനായത് ?
- **പ്രതാപ് ജി. പവാർ**

❖ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതി ?
- **Swadhar Greh Scheme**

❖ മുഖ്യമന്ത്രിയും മന്ത്രിമാരും ലോകായുക്താ നിയമത്തിന്റെ പരിധിയിൽ വരുന്ന ബില്ലിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയത് ഏത് സംസ്ഥാനത്താണ് ?

- **മഹാരാഷ്ട്ര**

❖ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ച് പാസാക്കുമെന്ന് പ്രസ്താവിച്ച മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ?

- **ദേവേന്ദ്ര ഫഡ്നാവിസ്**

❖ അടുത്തിടെ സംരക്ഷണ മേഖലയാക്കിയ രാജസ്ഥാനിലെ വന്യജീവി സങ്കേതം ?

- **Tal Chhapar blackbuck sanctuary**

❖ അടുത്തിടെ സാംസ്കാരിക മന്ത്രാലയം എവിടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കലോത്സവത്തിന്റെ പ്രമേയമാണ് Where Bharath meets India എന്നത് ?

- **ഡൽഹിയിലെ കർത്തവ്യ പഥിൽ (ഡിസംബർ 16 മുതൽ 30 വരെയാണ് ഡൽഹി അന്താരാഷ്ട്ര കലോത്സവം)**

❖ മിസിസ് വേൾഡ് 2022 കിരീടം നേടിയ ഇന്ത്യക്കാരി ?

- **സർഗം കൗശൽ**
- **യുഎസിലെ ലാസ് വേഗസിൽ 63 രാജ്യങ്ങൾ പങ്കെടുത്ത മത്സരത്തിലാണ് ജമ്മുവിൽ ജനിച്ചു വളർന്ന ഇപ്പോൾ മുംബൈയിൽ താമസിക്കുന്ന സർഗം 21 വർഷങ്ങൾക്കു ശേഷം കിരീടം ഇന്ത്യയിൽ എത്തിച്ചത്.**

❖ 2001 ൽ മിസിസ് വേൾഡ് കിരീടം നേടിയത് ?

- **ഡോ. അദിതി ഗോവിത്രികർ**

❖ നിലവിലെ ബാലൺദ്യോർ പുരസ്കാര ജേതാവായ ഫ്രഞ്ച് ഫുട്ബോൾ താരം വിരമിച്ചു. പേര് ? **കരീം ബെൻസിമ**

❖ എടിപി ടെന്നീസ് പ്രൊഫഷണലുകളുടെ അസോസിയേഷനിൽ ഫാൻ ഫേവറിറ്റ് അവാർഡ് നേടിയത് ?

- **റാഫേൽ നദാൽ**

❖ ഈ വർഷത്തെ ഏറ്റവും മികച്ച കളിക്കാരനുള്ള എടിപി അവാർഡ് 2022 പുരസ്കാരം നേടിയത് ?

- **കാർലോസ് അൽകാരാസ് (സ്പെയിൻ)**

❖ 2022 ഡിസംബർ 11 മുതൽ 17 വരെ സ്പെയിനിലെ വലൻസിയയിൽ നടന്ന FIH വിമൻസ് നേഷൻസ് കപ്പ് 2022 ഫൈനലിൽ സ്പെയിനിനെ 1-0ന് തോൽപ്പിച്ച് കിരീടം നേടിയത് ?

- **ഇന്ത്യൻ വനിതാ ഹോക്കി ടീം**

❖ 2022 FIH നേഷൻസ് കപ്പ് ടൂർണമെന്റിന്റെ ഗോൾ കീപ്പർ ആയത് ?

- **സവിത പുനിയ(ഇന്ത്യ)**

❖ ശ്രീകുമാരൻ തമ്പി ഫൗണ്ടേഷൻ സംഗീതരംഗത്ത് നൽകുന്ന പ്രഥമ പുരസ്കാരം ലഭിച്ച ഗായകൻ ?

- **പി. ജയചന്ദ്രൻ**
- **ഒരു ലക്ഷം ₹യും പ്രശസ്തി പത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം.**

❖ സംരംഭകരെ കണ്ടെത്താനായി വ്യവസായ വകുപ്പ് നടപ്പാക്കുന്ന 'ഒരുവർഷം ഒരുലക്ഷം സംരംഭങ്ങൾ' പദ്ധതിയിൽ സംസ്ഥാനത്ത് 90 ശതമാനം നേട്ടം കൈവരിക്കുന്ന ആദ്യ ജില്ലയായത് ?

- **ആലപ്പുഴ**

## DEC 21

❖ മദ്രാസ് ഹൈക്കോടതിയുടെ അഡീഷണൽ സോളിസിറ്റർ ജനറലായി ആരാണ് നിയമിതനായത് ?

- **AR. L. Sundaresan**

❖ വായനാശീലം വളർത്തുന്നതിന് വേണ്ടി "Friends of Library" എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം ?

- **തമിഴ്നാട്**

❖ എല്ലാ കാലാവസ്ഥയിലും കണക്റ്റിവിറ്റി നൽകുന്നതിനായി സെല പാസ് ടണൽ നിർമ്മിക്കുന്നത് ഏത് സംസ്ഥാനത്താണ് ?

- **തവാങ്, അരുണാചൽ പ്രദേശ്**
- **ബോർഡർ റോഡ്സ് ഓർഗനൈസേഷൻ (ബിആർഒ) നിർമ്മിക്കുന്ന തുരങ്കം 2023 ജൂലൈയിൽ പൂർത്തിയാകും.**

❖ 2023 ഫെബ്രുവരിയിൽ എനർജി വീക്ക് പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്യുന്നത് ഏത് നഗരത്തിലാണ് ?

- **ബെംഗളൂരു**

❖ അഞ്ചാമത്തെ സ്കോർപീൻ ക്ലാസ് അന്തർവാഹിനി ഇന്ത്യൻ നാവികസേനയ്ക്ക് ഡിസംബർ 20-ന് മുംബൈയിലെ മാസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ് (എംഡിഎൽ) കൈമാറി. പേര് ?

- **വാഗിർ**

❖ വിദേശകാര്യമന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിലാകെ 7.2 ശതമാനം പേർക്ക് ആണ് പാസ്പോർട്ട് ഉള്ളത്. ഏറ്റവും കൂടുതൽ പാസ്പോർട്ട് ഉടമകൾ ഉള്ള സംസ്ഥാനങ്ങൾ ?
  ○ **കേരളം, മഹാരാഷ്ട്ര**
❖ 2022 ഡിസംബറിൽ ലഡാക്കിൽ നിന്നും ജി.ഐ ടാഗ് ലഭിച്ച ആപ്രിക്കോട്ട് ഇനം ?
  ○ **Raktsey Karpo Apricot ( ലഡാക്കിൽ നിന്നുള്ള ഉത്പന്നത്തിന് ആദ്യമായാണ് ജി.ഐ. ടാഗ് ലഭിക്കുന്നത്. )**
❖ ഗതി ശക്തി സർവ്വകലാശാലയുടെ ആദ്യ ചാൻസലറായി നിയമിതനായത് ആരാണ് ?
  ○ **അശ്വിനി വൈഷ്ണവ് (റെയിൽവേ മന്ത്രി)**
❖ അടുത്തിടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട ഗവേഷണത്തിന് ഒരു മില്യൻ ഡോളർ (1.2 കോടി ₹) ഗ്രാന്റ് ലഭ്യമായ ഇന്ത്യയിലെ ഗവേഷണ സ്ഥാപനം ?
  ○ **ഐഐടി മദ്രാസ്**
❖ G20 ഉച്ചകോടിക്ക് കീഴിലുള്ള അർബൻ-20 പ്രോഗ്രാമിന്റെ ചെയർമാൻ സ്ഥാനം നേടിയ നഗരം ?
  ○ **അഹമ്മദാബാദ്**
❖ കൗൺസിൽ ഓഫ് സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ചിന്റെ (CSIR) പുതിയ ടാഗ്ലൈൻ എന്താണ് ?
  ○ **The Innovation Engine of India**
❖ ശാസ്ത്ര പ്രസിദ്ധീകരണങ്ങളുടെ ആഗോളറാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ?
  ○ **മൂന്ന്**
❖ 2022 ലെ PETA India's Person of the year ആയി തിരഞ്ഞെടുത്തത് ?
  ○ **സോനാക്ഷി സിൻഹ**
  ○ **PETA - People for Ethical Treatment of Animals.**
❖ 1971 ലെ ഇന്ത്യ-പാക്ക് യുദ്ധത്തിലെ വീരയോദ്ധാവായ ബിഎസ് എഫ് (റിട്ട.) വിമുക്തഭടൻ അന്തരിച്ചു.പേര് ?
  ○ **നായിക് ഭൈരോൺ സിങ് രാത്തോഡ് (81)**
❖ രാജസ്ഥാനിലെ ലോംഗെവാലെ പോസ്റ്റിൽ പാക്ക് സേനയുടെ കടന്നാക്രമണത്തെ തടുത്തു നിർത്തിയ രാത്തോഡിന്റെ ധീരത പ്രമേയമായ ഹിന്ദി സിനിമ ?
  ○ **ബോർഡർ**
  ○ **സംവിധാനം: സുനിൽ ഷെട്ടി**

- ആഫ്രിക്കൻ നാഷനൽ കോൺഗ്രസിന്റെ (എഎൻസി) അധ്യക്ഷനായി പാർട്ടി ദേശീയ സമ്മേളനം വീണ്ടും തിരഞ്ഞെടുത്തത് ആരെയാണ് ?
    - **സിറിൽ റാമഫോസ**
- ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഫിഫ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം ?
    - **ബ്രസീൽ ( 2. അർജന്റീന)**
- 2027-ൽ നടക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം ?
    - **സൗദി അറേബ്യ**
- ഖത്തർ ഫുട്ബോൾ ലോകകപ്പിന്റെ പ്രീക്വാർട്ടറിൽ മൊറോക്കോയോട് പരാജയപ്പെട്ട് പുറത്തായതിനെ തുടർന്ന് രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച സ്പാനിഷ് ടീമിന്റെ ക്യാപ്റ്റൻ ?
    - **സെർജിയോ ബുസ്കെറ്റ്സ്**
- 2022 ഡിസംബറിൽ പുറത്തിറങ്ങിയ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ?
    - **6 (1. തമിഴ്നാട്, 2. ഗുജറാത്ത്)**
- 2022 ഡിസംബറിൽ കേരള സംസ്ഥാന വനിതാ കമ്മിഷൻ അംഗങ്ങളായി ചുമതലയേറ്റവർ ?
    - **പി. കുഞ്ഞായിഷ, വി. ആർ. മഹിളാമണി, എലിസബത്ത് മാമൻ മത്തായി**
- കാലാവസ്ഥാ മാറ്റത്തിന്റേയും പ്ലാസ്റ്റിക് മാലിന്യങ്ങളുടേയും പ്രത്യാഘാതങ്ങളിൽ നിന്ന് സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനുള്ള യൂറോപ്യൻ യൂണിയന്റെ പ്രോജക്ട് ?
    - **ഇക്കോമറൈൻ**
- ഇക്കോമറൈൻ പ്രോജക്ടിൽ പങ്കാളിയാവുന്ന കേരളത്തിൽ നിന്നുള്ള സർവകലാശാല
    - **കേരള സർവകലാശാല**
- എം. മുകുന്ദൻ രചിച്ച പുതിയ നോവൽ ? **നിങ്ങൾ**
- കേരളത്തിൽ 5G സേവനം നിലവിൽ വന്ന ആദ്യ നഗരം ?
    - **കൊച്ചി (റിലയൻസ് ജിയോ)**
- ടെലികമ്മ്യൂണിക്കേഷൻ - വിവരസാങ്കേതികവിദ്യ മേഖലകളിലെ മികച്ച സംഭാവനകൾക്ക് നൽകപ്പെടുന്ന ഒകാവ പുരസ്കാരത്തിന് അർഹനായ മലയാളി ?

- **ശ്രീ നായർ**
- **ജപ്പാനിലെ ഒകാവ ഫൗണ്ടേഷൻ നൽകുന്ന പുരസ്കാരം ഡിജിറ്റൽ ഫൊട്ടോഗ്രഫിക്ക് നൽകിയ സംഭാവനകളാണ് മുൻ മുഖ്യമന്ത്രി പട്ടം താണുപിള്ളയുടെ കൊച്ചുമകനെ അർഹനാക്കിയത്.**

## DEC 22

❖ ദേശീയ ഗണിത ദിനം ആചരിക്കുന്നത് ?
- **ഡിസംബർ 22 (2012 മുതൽ ആചരിക്കുന്നു.)**
- **ശ്രീനിവാസ രാമാനുജന്റെ ജന്മദിനം.**

❖ Winter Solstice 2022 ഏത് ദിവസമാണ് ?
- **ഡിസംബർ 22**

❖ ഗ്രാമവികസനത്തിനുള്ള സമഗ്രസംഭാവനയ്ക്കുള്ള പ്രഥമ രോഹിണി നയ്യാർ പുരസ്കാരം ലഭിച്ചത് ?
- **സെത്രിചെം സാംഗ്തം**
- **കിഴക്കൻ നാഗാലാൻഡിലെ പാർശ്വവൽക്കരിക്കപ്പെട്ട 1200 കർഷകരുടെ വരുമാനം മൂന്നിരട്ടിയാക്കാൻ തന്റെ സംഘടനയായ ബെറ്റർ ലൈഫ് ഫൗണ്ടേഷനിലൂടെ അദ്ദേഹത്തിന് കഴിഞ്ഞു.**

❖ യുനെസ്കോയുടെ താൽക്കാലിക പട്ടികയിൽ അടുത്തിടെ ഇടം നേടിയ ഇന്ത്യയിൽ നിന്നുള്ള സൈറ്റുകൾ ?
- **ഗുജറാത്തിലെ വഡ്നഗർ പട്ടണം, മൊധേരയിലെ സൂര്യക്ഷേത്രം, ത്രിപുരയിലെ ഉനകോട്ടി ശിൽപങ്ങൾ**

❖ വായു മലിനീകരണത്തെ തടുക്കാൻ സംസ്ഥാന അതിർത്തിയിൽ മരങ്ങൾ വെച്ചുപിടിക്കാൻ ഒരുങ്ങുന്ന സംസ്ഥാനം ?
- **പശ്ചിമ ബംഗാൾ**

❖ ഇന്ത്യയുടെ ആദ്യ മനുഷ്യ ബഹിരാകാശ ദൗത്യം നടക്കുക 2024 അവസാനത്തോടെ എന്ന് പ്രസ്താവിച്ചത് ?
- **കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്**

❖ ഇന്ത്യൻ ഇക്കണോമി മോണിറ്ററിങ് സെന്ററിന്റെ (സി.എം.ഐ.ഇ.) കണക്കുകൾപ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ ഏറ്റവും ഉയർന്ന നിരക്കിൽ എത്തി. എത്ര ?
- **9%**

- **ഓഗസ്റ്റിലെ 8.33% ആയിരുന്നു ഇതിനു മുമ്പത്തെ കൂടിയ നിരക്ക്. സെപ്റ്റംബറിൽ രേഖപ്പെടുത്തിയ 6.43% തൊഴിലില്ലായ്മയാണ് ഇക്കൊല്ലം രേഖപ്പെടുത്തിയ കുറഞ്ഞ നിരക്ക്.**

❖ ഈ വർഷത്തെ ഇന്ദിരാ ഗാന്ധി സമാധാന പുരസ്കാരം ലഭിച്ചത് ?

- **വൈദ്യശാസ്ത്രമേഖലയ്ക്ക് കോവിഡ് കാലത്തെ സമാനതകളില്ലാത്ത സേവനം പരിഗണിച്ച് വൈദ്യശാസ്ത്രമേഖലയുടെ പ്രതിനിധികളായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും പ്രത്യേക പരിശീലനം ലഭിച്ച നഴ്സുമാരുടെ സംഘടനയ്ക്കും പുരസ്കാരം നൽകും.**

❖ സമാധാന, നിരായുധീകരണ, വികസന രംഗത്തെ സംഭാവനകൾക്ക് ഇന്ദിരാഗാന്ധി സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരത്തിന്റെ തുക ?

- **ഒരു കോടി ₹യും പ്രശസ്തിപത്രവും ഫലകവും**

❖ ശാസ്ത്രസാങ്കേതിക, വ്യാവസായിക മേഖലകളിലെ പുരോഗതിക്ക് മികച്ച സംഭാവനകൾ നൽകുന്ന വികസ്വര രാജ്യങ്ങളിലെ ശാസ്ത്ര പ്രതിഭകൾക്ക് നൽകുന്ന വിൻഫ്യൂച്ചർ പുരസ്കാരം ലഭിച്ചത് ?

- **ഡോ. പ്രദീപ് തലാപ്പിൽ**

❖ നൊബേൽ ജേതാക്കൾ അടക്കം പ്രഗല്ഭരായ ശാസ്ത്രജ്ഞർ അടങ്ങുന്ന വിൻ ഫ്യൂച്ചർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരത്തിന് അദ്ദേഹത്തെ അർഹനാക്കിയത് ?

- **ആഴ്സനിക് വിമുക്തമായ കുടിവെള്ളത്തിന് ഉതകുന്ന പദാർഥങ്ങൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് കണ്ടെത്തി.**

❖ ചൈനയിലെ അതിവേഗ കോവിഡ് വ്യാപനത്തിന് കാരണമായ ഒമിക്രോൺ വകഭേദം ബി.എഫ്. 7 ഇന്ത്യയിൽ സ്ഥിരീകരിച്ചത് എവിടെയാണ് ?

- **ഗുജറാത്ത്**

❖ ഏത് ഒമിക്രോണിന്റെ ഉപവകഭേദം ആണ് ബി.എഫ്. 7 ?

- **ബി.എഫ്. 5**

❖ ഇറാന്റെ രഹസ്യസേനാവിഭാഗം തലവൻ ഖാസിം സുലൈമനി, അൽ ഖായിദ തലവൻ അയ്മൻ അൽ സവാഹിരി തുടങ്ങിയവരെ വധിക്കാൻ യു.എസ്. ഉപയോഗിച്ച ഏത് ഡ്രോണുകൾ ആണ് ഇന്ത്യ വാങ്ങുന്നത് ?

- **എം.ക്യു.-9 റീപ്പർ ഡ്രോണുകൾ**

- പ്രബോധ ട്രസ്റ്റ് ഏർപ്പെടുത്തിയ മലയാള സാഹിത്യത്തിലെ സമഗ്ര സാംസ്ക്കാരിക സംഭാവനയ്ക്കുള്ള പ്രഥമ പുരസ്ക്കാരം ലഭിച്ചത് ?
  - **പ്രൊഫ. എം. കെ. സാനു**
- ക്രിമിനൽ കേസിൽ പ്രതികളായ പോലീസുകാരെ കോടതിവിധിക്ക് കാത്തുനിൽക്കാതെ പിരിച്ചുവിടാൻ സർക്കാരിന് അധികാരം നൽകുന്ന നിയമഭേദഗതി നടത്തുന്നത് ഏത് നിയമത്തിൽ ആണ് ?
  - **കേരള പോലീസ് ഡിപ്പാർട്ട്മെന്റ് എൻക്വയറി റൂൾ 10**
- കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ പ്ലാറ്റിനം പുരസ്ക്കാരം നേടിയ കേരള നോളജ് ഇക്കണോമി മിഷന്റെ പോർട്ടൽ ?
  - **ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പോർട്ടൽ**
- രാജ്യത്ത് ഏറ്റവും കൂടുതൽ ഭൗമ സൂചികാ പദവി നേടിയെടുത്ത സർക്കാർ സ്ഥാപനം എന്ന ഖ്യാതി നേടിയത് ?
  - **കേരള കാർഷിക സർവകലാശാല**
- സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ 15 വർഷത്തിനിടെ 17 സൂചികാപദവിയാണ് നേടിയെടുത്തത്. ഇവയിൽ ഭക്ഷ്യ വർഗമല്ലാത്ത ഏക ഇനം ?
  - **നിലമ്പൂർ തേക്ക്**
- ഏറ്റവും കൂടുതൽ ഭൗമസൂചികാപദവി നേടിയ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം ?
  - **മൂന്ന് -35 ഇനങ്ങൾ ( 1. കർണാടക -45, 2. തമിഴ്നാട് -41)**
- കേരള കാർഷിക സർവ്വകലാശാലയിലെ വകുപ്പ് മേധാവി ആയിരുന്ന ആര് സമർപ്പിച്ച എല്ലാ ഇനങ്ങൾക്കും ആണ് സൂചിക ലഭിച്ചത് ?
  - **ഡോ. സി. ആർ. എൽസി**
- 2022 ലെ ഗ്ലോബൽ ഫുഡ് സെക്യൂരിറ്റി ഇൻഡക്സിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
  - **ഫിൻലൻഡ്**
- 2022 ലെ ഗ്ലോബൽ ഫുഡ് സെക്യൂരിറ്റി ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം ?
  - **68**
- പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ചെയർമാൻ സ്ഥാനത്തുനിന്ന് അടുത്തിടെ പുറത്തായത്
  - **റമീസ് രാജ**

- ഖത്തറിൽ മെസ്സിയും സംഘവും ലോകകിരീടം നേടിയതിന്റെ വാർത്തകളുമായി ഇറങ്ങിയ 60 ഭാഷകളിലെ 210 പത്രങ്ങൾ ശേഖരിച്ച ഫുട്ബോൾ ഗവേഷകനും എഴുത്തുകാരനുമായ വ്യക്തി ?
  - **ജാഫർഖാൻ**
- ലോകകപ്പ് ഫുട്ബോൾ ജേതാക്കളായ അർജന്റീനയുടെ നായകൻ ലയണൽ മെസ്സി സ്വന്തമാക്കിയ നാല് ഗിന്നസ് റെക്കോഡുകൾ ?
  - **ഫിഫ ലോകകപ്പിൽ ഏറ്റവുമധികം കളിയിലെ താരമായ വ്യക്തി (11 തവണ).**
  - **അഞ്ച് വ്യത്യസ്ത ലോകകപ്പുകളിൽ അസിസ്റ്റ് നൽകിയ ഏകതാരം.**
  - **ലോകകപ്പിൽ ഏറ്റവുമധികം ക്യാപ്റ്റനായ താരം (19).**
  - **ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങൾ കളിച്ച താരം (അഞ്ച് ലോകകപ്പുകളിലായി 26 തവണ )**
- 2023 വനിതാ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പ് മാർച്ച് 15 മുതൽ 31 വരെ നടക്കുന്നത് ?
  - **ഡൽഹി**
- BWF ലോക റാങ്കിംഗിൽ പുരുഷ ഡബിൾസ് വിഭാഗത്തിൽ ആദ്യ അഞ്ചിൽ ഇടം നേടിയത് ?
  - **സാത്വിക്സായിരാജ്, രങ്കിറെഡ്ഡിയും , ചിരാഗ് ഷെട്ടിയും**
- സമൂഹമാധ്യമമായ ഇൻസ്റ്റഗ്രാമിൽ ഏറ്റവും കൂടുതൽ ലൈക്കുകൾ നേടിയ ചിത്രം ?
  - **ഫിഫ ഫുട്ബോൾ ട്രോഫിയും ആയി നിൽക്കുന്ന മെസ്സിയുടെ ചിത്രം**
- 2022 ഡിസംബർ പ്രകാരം ഫിഫ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം ?
  - **106**
- മുംബൈ ആസ്ഥാനമായ പ്രമുഖ മൂല്യനിർണയ കമ്പനിയായ ഡി ആൻഡ് പി അഡ്വൈസറി പുറത്തുവിട്ട കണക്കുകൾ പ്രകാരം ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ (ഐ.പി.എൽ.) വിപണിമൂല്യം ?
  - **90000 കോടി ₹**

## DEC 23

- ദേശീയ കർഷക ദിനം ആചരിക്കുന്നത് ?
  - **ഡിസംബർ 23**
  - **മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിംഗ് ന്റെ ജന്മദിനം.**

- സ്ത്രീകളിലെ ഗർഭാശയഗള അർബുദം പ്രതിരോധിക്കാനുള്ള ഏത് പ്രതിരോധ വാക്സിൻ ആണ് ആരോഗ്യ മന്ത്രാലയവും വിദ്യാഭ്യാസ മന്ത്രാലയവും സംയുക്തമായി സ്കൂളുകളിലൂടെ നൽകാൻ ഒരുങ്ങുന്നത് ?
  - **ക്വാഡ്രിവാലൻഡ് ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ (QHPV)**
- അടുത്തിടെ ഡോൾഫിനുകളുടെ സെൻസസ് ആരംഭിച്ച ഒഡീഷയിലെ സങ്കേതങ്ങൾ ?
  - **ഭിട്ടാർകനിക നാഷണൽ പാർക്ക്, ഗാഹിർമാത മറൈൻ സാങ്ചറി**
- ഇന്ത്യയുടെ തീരപ്രദേശത്ത് നിന്ന് 200 നോട്ടിക്കൽ മൈലുകൾക്കപ്പുറവും കടൽക്കൊള്ളയെ ചെറുക്കുന്നതിന് ഫലപ്രദമായ നിയമനിർമാണത്തിന് സഹായകമാകുന്ന ഏത് ബിൽ ആണ് അടുത്തിടെ രാജ്യസഭയിൽ പാസാക്കിയത് ?
  - **ആന്റി മാരിടൈം പൈറസി ബിൽ 2019**
- കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ മിനി സ്നാക്ക് ബ്രേക്കുകൾ അവതരിപ്പിക്കാൻ തീരുമാനിച്ചത് ?
  - **ഡൽഹി സർക്കാർ**
- 1998-ൽ കർണാടക സർക്കാർ ശാന്തല നാട്യശ്രീ അവാർഡും 2022-ൽ കേന്ദ്ര സർക്കാർ പത്മശ്രീയും നൽകി ആദരിച്ച അടുത്തിടെ അന്തരിച്ച ഗമക വ്യാഖ്യാതാവ് ആരാണ് ?
  - **എച്ച്. ആർ. കേശവ മൂർത്തി (89)**
  - **കർണാടകയിൽ നിന്ന് ഉത്ഭവിച്ച പാട്ടിലൂടെയുള്ള കഥപറച്ചിലിന്റെ രൂപമാണ് ഗമക.**
- NAAC മുഖേന A++ ഗ്രേഡ് നേടുന്ന ഇന്ത്യയിലെ ഏക സർവ്വകലാശാലയായത് ?
  - **അമൃത്സറിലെ ഗുരു നാനാക്ക് ദേവ് സർവകലാശാല**
- കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളത്തിൽ പുരസ്കാരം നേടിയത് ?
  - **പ്രൊഫ. എം. തോമസ് മാത്യു (നിരൂപണം: ആശാന്റെ സീതായനം)**
- ഏത് കൃതി സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് മൊഴിമാറ്റിയതിനാണ് വിവർത്തനത്തിനുള്ള പുരസ്കാരം ചാത്തനാത്ത് അച്യുതനുണ്ണി നേടിയത് ?
  - **വാമനാചാര്യന്റെ കാവ്യാലങ്കാര സൂത്രവൃത്തി**
- എം. ടി. വാസുദേവൻ നായർക്കു ശേഷം കേന്ദ്ര സാഹിത്യ അക്കാദമിയിൽ വിശിഷ്ടാംഗത്വം ലഭിക്കുന്ന ആദ്യ മലയാളി ?
  - **സി. രാധാകൃഷ്ണൻ**
- ഇംഗ്ലീഷ് വിഭാഗത്തിലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചത് ?

- **അനുരാധ റോയ് (കൃതി: All the Lives We Never Lived)**

❖ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യതിനുള്ള പുരസ്കാരം നേടിയത് ?

- **എൻ. കല്യാണരാമൻ (പെരുമാൾ മുരുകന്റെ തമിഴ് നോവൽ പൂനാച്ചി യുടെ വിവർത്തനം)**

❖ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. തമിഴിൽ പുരസ്കാരം നേടിയത് ?

- **എം. രാജേന്ദ്രൻ (നോവൽ: കാലാപാനി)**

❖ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. തെലുങ്കിൽ പുരസ്കാരം നേടിയത് ?

- **മധുരാന്തകം നരേന്ദ്ര (നോവൽ: മനോധർമ പരാഗം)**

❖ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഹിന്ദിയിൽ പുരസ്കാരം നേടിയത് ?

- **ബദ്രി നാരായൻ (കവിത: തുമാടി കേ ശബ്ദ്)**

❖ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരത്തുക ?

- **ഒരുലക്ഷം ₹യും ഫലകവുമടങ്ങുന്നതാണ് സാഹിത്യപുരസ്ക്കാരം.**

❖ വിവർത്തനം പുരസ്കാരത്തിനുള്ള തുക ?

- **50,000 ₹യും ഫലകവുമടങ്ങുന്നതാണ് വിവർത്തന പുരസ്കാരം.**

❖ ഓസ്കർ ചലച്ചിത്ര പുരസ്കാരത്തിന്റെ ചുരുക്കപ്പട്ടികയിൽ ഇക്കുറി ഇന്ത്യയിൽ നിന്നുള്ള നാല് എൻട്രികൾ. ഏതൊക്കെ ?

- **ചെല്ലോ ഷോ (മികച്ച അന്താരാഷ്ട്ര ചല ചിത്രം)**
- **ആർ.ആർ.ആറിലെ 'നാട്ടു നാട്ടു' പാട്ട് (മികച്ച ഗാനം)**
- **ഓൾ ദാറ്റ് ബ്രീത്ത്സ് (ഡോക്യുമെന്ററി ഫീച്ചർ)**
- **ദി എലിഫന്റ് വിസ്പറേഴ്സ് (ഡോക്യുമെന്ററി ഷോർട്ട്)**

❖ 2024ലെ പാരീസ് ഒളിമ്പിക് ഗെയിംസിന്റെ സംപ്രേക്ഷണാവകാശം നേടിയത് ?

- **Viacom 18**

❖ 4 വർഷത്തെ ദൗത്യത്തിന് ശേഷം നാസ അവസാനിപ്പിച്ച റോബോട്ടിക് പേടകം ?

- **മാർസ് ഇൻസൈറ്റ് ലാൻഡർ**

❖ അർജന്റീന ക്യാപ്റ്റൻ ലയണൽ മെസ്സിയുടെ ചിത്രം കറൻസിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത് ?

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- **ബാങ്ക് ഓഫ് അർജന്റീന (ആയിരം പെസോയുടെ കറൻസിയിലാണ് മെസ്സിയുടെ ചിത്രം ഉൾപ്പെടുത്തുക.)**

❖ ഇന്ത്യൻ പ്രീമിയർ ലീഗ് മിനി താരലേലം നടക്കുന്നത് ?
- **കൊച്ചി (2022 ഡിസംബർ 23)**

❖ സന്തോഷ് ട്രോഫിക്കായുള്ള കേരള ടീമിനെ നയിക്കുന്നത് ?
- **വി. മിഥുൻ**

## DEC 24

❖ ദേശീയ ഉപഭോക്തൃ ദിനം ആചരിക്കുന്നത് ?
- **ഡിസംബർ 24**

❖ ലോക ഉപഭോക്തൃ അവകാശ ദിനം ആചരിക്കുന്നത് ?
- **മാർച്ച് 15**

❖ സാമൂഹിക നവോത്ഥാനത്തിനായി പോരാടിയ കവി ഗംഗാധർ മെഹറിന്റെ പേരിലുള്ള പുരസ്കാരം ?
- **ഒഡീഷ ഗംഗാധർ കവിതാ പുരസ്കാരം**

❖ ഒഡീഷ സാംബൽപൂർ സർവകലാശാല നൽകുന്ന ഗംഗാധർ ദേശീയ കവിത പുരസ്കാരം(1 ലക്ഷം ₹) ലഭിച്ച കവി ?
- **കെ. ജി. ശങ്കരപ്പിള്ള**

❖ ട്വിറ്ററിന്റെ ഇൻഫ്രാസ്ട്രക്ചർ ടീം ഹെഡ് ആയി നിയമിതനായ മലയാളി ?
- **ഷീൻ ഓസ്റ്റിൻ**

❖ റേഷൻകടകളിൽ നടത്തിയ വിജിലൻസ് പരിശോധനക്ക് നൽകിയ പേര് ?
- **ഓപ്പറേഷൻ സുഭിക്ഷ**

❖ കേരളത്തിൽ ആദ്യമായാണ് ഒരു സർവകലാശാല വിദ്യാർഥിനികൾക്ക് പ്രസവാവധി അനുവദിക്കുന്നത്. ഏത് സർവകലാശാല ആണ് 60 ദിവസം പ്രസവാവധി അനുവദിച്ചത് ?
- **മഹാത്മാഗാന്ധി സർവകലാശാല**

❖ മാത്തൂർ കളരി ട്രസ്റ്റ് ഏർപ്പെടുത്തിയ മാത്തൂർ ഗോവിന്ദൻ കുട്ടി ആശാൻ സ്മാരക കഥകളി പുരസ്കാരം നേടിയത് ?
- **കലാമണ്ഡലം രാമകൃഷ്ണൻ**
- **15,000 ₹യും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.**

❖ താളിയോല രേഖ മ്യൂസിയം പ്രവർത്തനം ആരംഭിച്ച നഗരം ?

- **തിരുവനന്തപുരം**

❖ സ്ത്രീകളിൽ അനീമിയ ഒരു രോഗമായി വളരുന്നു എന്ന ദേശിയ കുടുംബരോഗ്യ സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ തുടക്കംകുറിച്ച പദ്ധതി ?

- **വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് (വിവ)**

❖ ഐ.എസ്.ആ ർ.ഒ.യുടെ ഏത് വിശ്വസ്ത റോക്കറ്റിന്റെ നിർമാണം ആണ് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് ?

- **പി.എസ്.എൽ.വി.**

❖ ഇന്ത്യൻ വ്യോമസേനയിലെ ആദ്യ മുസ്ലിം വനിതാ യുദ്ധവിമാന പൈലറ്റാകാൻ തിരഞ്ഞെടുക്കപ്പെട്ട ഉത്തർപ്രദേശ് സ്വദേശിനി ?

- **സാനിയ മിർസ ( മിർസാപുറിലെ ജസോവർ ഗ്രാമമാണ് സാനിയയുടെ നാട്. സംസ്ഥാനത്തുനിന്ന് ആദ്യമായി വ്യോമസേനയിലെ പൈലറ്റാകുന്ന വ്യക്തിയും സാനിയയാണ്.)**

❖ വടക്കൻ സിക്കിമിലെ സെമയിൽ കരസേനയുടെ ട്രക്ക് മലയിടുക്കിലേക്കു മറിഞ്ഞ് 16 സൈനികർ മരിച്ചു. മരിച്ചവരിൽ ഉൾപ്പെട്ട മലയാളി സൈനികൻ ?

- **എസ്. വൈശാഖ് (27)**

❖ മൂക്കിലൂടെ നൽകുന്ന കോവിഡ് പ്രതിരോധ വാക്സിന് വിതരണാനുമതി നൽകിയതായി കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. വാക്സിന്റെ പേര് ?

- **ഇൻകോവാക് (ബി.ബി.വി.154) , വികസിപ്പിച്ചത്: ഭാരത് ബയോടെക്**

❖ അടുത്തിടെ ഫ്ലിപ്കാർട്ടിൽ നിന്ന് ഉടമസ്ഥാവകാശം വേർപെടുത്തി സ്വതന്ത്ര കമ്പനി ആവുന്നത് ?

- **ഫോൺപേ**

❖ ബ്രിട്ടീഷ് മാസികയായ എംപയർ മാസികയുടെ 50 മികച്ച അഭിനേതാക്കളുടെ പട്ടികയിൽ ഇടം നേടിയ ഏക ഇന്ത്യക്കാരൻ ?

- **ഷാരൂഖ് ഖാൻ**

❖ നേപ്പാളി കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തത് ആരെയാണ് ?

- **ഷെർ ബഹദൂർ ദ്യൂബ**

❖ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് മിനി താര ലേലത്തിൽ ഏറ്റവും ഉയർന്ന ലേലത്തുക നേടിയ ഇംഗ്ലണ്ട് ഓൾറൗണ്ടർ ?

- **സാം കറൻ (18.50 കോടി ₹, പഞ്ചാബ് കിങ്സ്)**
- **2021ൽ 16.25 കോടിക്ക് ദക്ഷിണാഫ്രിക്കൻ താരം ക്രിസ് മോറിസിനെ രാജസ്ഥാൻ റോയൽസ് നേടിയതായിരുന്നു നിലവിൽ ഐ.പി.എൽ. ലേലത്തിലെ റെക്കോഡ് തുക.**

❖ ഓസ്ട്രേലിയൻ ഓൾ റൗണ്ടർ ആയ കാമറൂൺ ഗ്രീനിനെ ലേലത്തിൽ നേടിയ ഫ്രാഞ്ചൈസി ?

- **മുംബൈ ഇന്ത്യൻസ് (17.50 കോടി ₹)**

❖ ഇംഗ്ലണ്ടിന്റെ ഓൾ റൗണ്ടർ ആയ ബെൻ സ്റ്റോക്സിനെ ചെന്നൈ സൂപ്പർകിങ്സ് ലേലത്തിൽ നേടിയത് ?

- **16.25 കോടി ₹**

❖ മലയാളി താരങ്ങൾ ആയ കെ.എം. ആസിഫ്, പി. എ. അബ്ദുൽ ബാസിത് എന്നിവരെ ലേലത്തിൽ നേടിയ ഫ്രാഞ്ചൈസി ?

- **രാജസ്ഥാൻ റോയൽസ്**
- **മറ്റൊരു മലയാളി താരം ആയ വിഷ്ണു വിനോദിനെ മുംബൈ ഇന്ത്യൻസ് സ്വന്തമാക്കി.**

❖ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 2023 ലോകകപ്പിനുള്ള ഹോക്കി ടീമിനെ നയിക്കുന്നത് ?

- **ഹർമൻപ്രീത് സിങ്**

❖ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 2023 ലോകകപ്പിനുള്ള ഹോക്കി ടീമിന്റെ ഭാഗമായ മലയാളി ഗോൾകീപ്പർ ?

- **പി. ആർ. ശ്രീജേഷ്**

❖ ഇന്ത്യയിൽ നടക്കുന്ന ആദ്യത്തെ ലോക ടേബിൾ ടെന്നീസ് (WTT) സീരീസ് ഇവന്റിന് ആതിഥേയത്വം വഹിക്കുന്ന സംസ്ഥാനം ?

- **ഗോവ**

## DEC 25

❖ മുൻ പ്രധാനമന്ത്രി വാജ്പേയിയുടെ ജന്മദിനമായ ഡിസംബർ 25 ആചരിക്കുന്നത് ?

- **ദേശീയ സദ്ഭരണ ദിനം (Good Governance Day)**

❖ നാവികസേന തദ്ദേശീയമായി നിർമ്മിച്ച ഏത് കപ്പൽ ആണ് അടുത്തിടെ പുറത്തിറക്കിയത് ?

- **അർനല (ചെന്നൈയിൽ ആണ് നീറ്റിൽ ഇറക്കിയത്)**

❖ ഇന്ത്യൻ നാവികസേന തദ്ദേശീയമായി നിർമ്മിക്കുന്ന എട്ട് anti-submarine warfare shallow water craft (ASW-SWC) ൽ ആദ്യത്തെ കപ്പൽ ?
- **അർനല**

❖ ഇന്ത്യൻ നേവിയുടെ 'അഭയ്' ക്ലാസ് എഎസ്ഡബ്ല്യു കപ്പലുകൾക്ക് പകരമായി 'അർനല' ക്ലാസ് കപ്പലുകൾ നിർമിക്കുന്നത് ?
- **ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സ് (GRSE)**

❖ സൗദി അറേബ്യയിലെ ഇന്ത്യൻ സ്ഥാനപതിയായി നിയമിച്ചത് ആരെയാണ് ?
- **സുഹേൽ അജാസ് ഖാൻ**

❖ 'വീർ ഗാർഡിയൻ 23' എന്ന പേരിൽ പ്രഥമ വ്യോമസേനാ അഭ്യാസം അടുത്ത മാസം (2023 ജനുവരി) ആരംഭിക്കുന്നത് ?
- **ഇന്ത്യയും ജപ്പാനും**

❖ സർവകലാശാലക ളിൽ പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ പ്രവേശനവിലക്കിനു പിന്നാലെ രാജ്യത്തിനകത്തും പുറത്തുമുള്ള സർക്കാരിതര സന്നദ്ധ സംഘടനകളിൽ (എൻ.ജി.ഒ.) പ്രവർത്തിക്കുന്നതിനും സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയത് ?
- **താലിബാൻ**

❖ ഫിജി യുടെ പുതിയ പ്രധാനമന്ത്രി ?
- **സിതിവേനി റബുക**

❖ വിവരച്ചോർച്ച കേസ് ഒത്തുതീർപ്പാക്കാനായി 72.5 കോടി $ (5988കോടി ₹) നഷ്ടപരിഹാരം ഇറക്കാൻ തീരുമാനിച്ചത് ?
- **മെറ്റ**

❖ പ്രകൃതിദത്ത വനങ്ങൾ പുനസ്ഥാപിക്കുക എന്ന ലക്ഷ്യവുമായി കേരള വനം വകുപ്പ് വയനാട്ടിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതി ?
- **വനീകരൺ പദ്ധതി**

❖ നിക്ഷേപങ്ങൾക്ക് ഉയർന്ന ആദായം പ്രദാനം ചെയ്യുന്നതിനായി നേട്ടം എന്ന പേരിൽ പുതിയ നിക്ഷേപ പദ്ധതി പ്രഖ്യാപിച്ചത് ?
- **KSFE**

❖ പ്രേം നസീർ കർമ്മ തേജസ് പുരസ്കാരം നേടിയത് ?
- **മജീഷ്യൻ ഗോപിനാഥ് മുതുകാട്**

❖ പ്രേം നസീർ ചലച്ചിത്ര ശ്രേഷ്ഠ പുരസ്കാരം നേടിയത് ?

- **കുഞ്ചൻ**

❖ പ്രഥമ കെ. ആർ. ഗൗരിയമ്മ ഫൗണ്ടേഷൻ അന്തർ ദേശീയ പുരസ്കാരം ലഭിച്ചത് ?

- **ചെഗുവേരയുടെ മകൾ ഡോ. അലൈഡ ഗുവേര**
- **3000$ (~രണ്ടരലക്ഷത്തോളം ₹) ആണ് പുരസ്കാരത്തുക.**

❖ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് റേറ്റിംഗ് നൽകുന്നതിനായി കേരള ടൂറിസം വകുപ്പ് ആരംഭിച്ച സംവിധാനം ?

- **ഡെസ്റ്റിനേഷൻ റേറ്റിംഗ്**

❖ ഡെസ്റ്റിനേഷൻ റേറ്റിംഗ് നടപ്പിലാക്കിയ ആദ്യ ജില്ല ?

- **തിരുവനന്തപുരം**

❖ ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന വനിതാ അത്‌ലറ്റുകളുടെ ഫോർബ്സിന്റെ വാർഷിക പട്ടികയിൽ ആദ്യ 25-ൽ ഇടം നേടിയ ഏക ഇന്ത്യൻ താരം

- **പി. വി. സിന്ധു (12ആം സ്ഥാനം)**

❖ ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന വനിതാ അത്‌ലറ്റുകളുടെ ഫോർബ്സിന്റെ വാർഷിക പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?

- **നവോമി ഒസാക്ക (ജാപ്പനീസ് ടെന്നീസ് താരം)**

❖ ഐ.പി.എൽ. ക്രിക്കറ്റിൽ കളിക്കുന്ന ആദ്യ അയർലൻഡ് താരമാകുന്നത് ?

- **ജോഷ്വാ ലിറ്റിൽ (ഗുജറാത്ത് ടൈറ്റൻസ്)**

❖ ഖത്തർ ലോകകപ്പിലെ മികച്ച ഗോൾ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?

- **ബ്രസീൽതാരം റിച്ചാലിസന്റെ ബൈസിക്കിൾ ഗോൾ**

## DEC 26

❖ സമാധാന സേനാംഗങ്ങൾ നേരിടുന്ന അതിക്രമങ്ങളിൽ കുടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായുള്ള ഗ്രൂപ്പ് ഓഫ് ഫ്രണ്ട്സ് എന്ന കൂട്ടായ്മയുടെ രൂപീകരണത്തിന് 2022 ഡിസംബറിൽ നേതൃത്വം നൽകിയ രാജ്യം ?

- **ഇന്ത്യ**

❖ സ്റ്റേറ്റ് മാനേജ്മെന്റ് ആൻഡ് റിസോഴ്സസ് ഡെപ്യൂട്ടി സെക്രട്ടറിയായി പ്രസിഡന്റ് ജോ ബൈഡൻ ശിപാർശ ചെയ്ത ഇന്ത്യൻ വംശജൻ ?

- **റിച്ച് വർമ (റിച്ചാർഡ് ആർ. വർമ)**

❖ അടുത്തിടെ ബോംബ് സൈക്ലോൺ എന്ന് വിശേഷിപ്പിക്കപ്പെട്ട മൂന്നു പതിറ്റാണ്ടിനിടയിലെ അതിശൈത്യം അനുഭവപ്പെട്ട രാജ്യം ?

- **യുഎസ്എ**

- തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങളിൽ ഭീതിവിതച്ച ഏത് ഫ്രഞ്ച് കുറ്റവാളിയെ ആണ് നേപ്പാൾ ജയിലിൽനിന്ന് മോചിപ്പിച്ച് ഫ്രാൻസിലേക്ക് നാടുകടത്തിയത് ?
  - **ചാൾസ് ശോഭരാജ്**
- 2022 ഡിസംബറിൽ യുഎൻ Peace Building Commission ലേക്ക് തിരഞ്ഞെടുക്കപ്പെട്ട രാജ്യം
  - **നേപ്പാൾ**
- ബംഗ്ലാദേശിലെ ഭരണകക്ഷിയായ അവാമി ലീഗിന്റെ പ്രസിഡന്റായി തുടർച്ചയായ 10-ാം തവണയും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഷെയ്ഖ് ഹസീന**
- 2022 ൽ ഏറ്റവും കൂടുതൽ ടെലിവിഷൻ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട ബോളിവുഡ് താരം ?
  - **അക്ഷയ് കുമാർ**
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്രിപ്റ്റോ കറൻസി ഉപയോഗിക്കുന്ന നഗരം ?
  - **ഡൽഹി**
- അടുത്തിടെ വിനോദസഞ്ചാര മേഖലയ്ക്ക് വ്യാവസായിക പദവി നൽകിയ സംസ്ഥാനം ?
  - **അസം**
- അടുത്തിടെ കേന്ദ്ര സ്റ്റീൽ വകുപ്പ് മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അനാവരണം ചെയ്ത ഇന്ത്യയിലെ ആദ്യ ഹരിത സ്റ്റീൽ ബ്രാൻഡ് ?
  - **കല്യാണി ഫെറസ്റ്റ**
- ഏത് ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കുമായി ലയിപ്പിക്കാൻ ആണ് സഹകരണസംഘം രജിസ്ട്രാർ നടപടികൾ അടുത്തിടെ ആരംഭിച്ചത് ?
  - **മലപ്പുറം ജില്ലാ സഹകരണ ബാങ്ക്**

- 2023 ഏപ്രിലിൽ വിരമിക്കുന്നതോടെ സംസ്ഥാനം മനുഷ്യാവകാശ കമ്മീഷൻ ചെയർമാനാവുന്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ?
  - **ചീഫ് ജസ്റ്റിസ് എസ്. മണികുമാർ**
- നിലവിൽ ആരാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ?
  - **ജസ്റ്റിസ് ആന്റണി ഡൊമനിക്ക്**
- 1966 ൽ ഫുട്ബോൾ ലോകകപ്പ് കിരീടം നേടിയ ഇംഗ്ലണ്ട് ടീമിൽ അംഗമായിരുന്ന അടുത്തിടെ അന്തരിച്ച പ്രശസ്ത ഫുട്ബോൾ താരം ?

- **ജോർജ് കോഹൻ**

❖ പാക്കിസ്ഥാൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ ചീഫ് സെലക്ടറായി നിയമിതനായ മുൻ താരം ?

- **ഷാഹിദ് അഫ്രീദി**

❖ 2022 ലെ BBC Sports Personality of the Year ആയി തിരഞ്ഞെടുത്ത ഇംഗ്ലീഷ് പ്രൊഫഷണൽ ഫുട്ബോളർ ?

- **ബെത് മെഡ്**

## DEC 27

❖ അന്താരാഷ്ട്ര ബോക്സിംഗ് ദിനം ആചരിക്കുന്നത് ?

- **ഡിസംബർ 26**

❖ ഇന്ത്യയിൽ വീർ ബൽ ദിവസ് ആചരിക്കുന്നത് എപ്പോഴാണ് ?

- **ഡിസംബർ 26**

❖ നാടകീയ സംഭവങ്ങൾക്കൊടുവിൽ നേപ്പാളിന്റെ പ്രധാനമന്ത്രി ആവുന്നത് ?

- **പുഷ്പ കമൽ ദഹൽ (പ്രചണ്ഡ)**

❖ നവംബർ 20-ന് നടന്ന തിരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ നേപ്പാൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഏഴുപാർട്ടികൾ ഉൾപ്പെട്ട സഖ്യം രൂപവത്കരിച്ചാണ് പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുത്തത്. എത്രാം തവണയാണ് പ്രചണ്ഡ നേപ്പാളിലെ പ്രധാനമന്ത്രി ആവുന്നത് ?

- **മൂന്നാം തവണ**

❖ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി (ആർ.എസ്.പി.) നേതാവും മുൻ ടെലിവിഷൻ അവതാരകനുമായ ആരാണ് നേപ്പാളിലെ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമാകുന്നത് ?

- **രബി ലമിച്ചാനെ**

❖ 'ദി ഇന്ത്യൻ നേവി@75 റെമിനിസ്സിംഗ് ദി വോയേജ്' എന്ന പുസ്തകത്തിന്റെ രചയിതാക്കൾ ?

- **കമ്മഡോർ രഞ്ജിത് ബി. റായിയും, പ്രതിരോധ ജേണലിസ്റ്റ് അരിത്ര ബാനർജിയും**

❖ നോർത്ത് ഈസ്റ്റ് ഫെസ്റ്റിവലിന്റെ പത്താം പതിപ്പ് നടക്കുന്നത് ?

- **ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ**

- ഇകിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ എംഡി & സിഇഒ ആയി വീണ്ടും നിയമിതനായത് ?
    - **പി. എൻ. വാസുദേവൻ**
- പ്യൂമ ഇന്ത്യയുടെ ബ്രാൻഡ് അംബാസഡറായി അടുത്തിടെ നിയമിതയായത് ?
    - **അനുഷ്ക ശർമ്മ**
- കിസാൻ ഡ്രോണുകൾക്ക് DGCA യുടെ ഇരട്ട സർട്ടിഫിക്കേഷൻ ലഭിക്കുന്ന ആദ്യ ഡ്രോൺ കമ്പനിയായത് ?
    - **ഗരുഡ എയ്റോസ്പേസ്**
    - **Directorate General of Civil Aviation (DGCA)**
- പൊതു ടാപ്പുകളിലെ വെള്ളം നേരിട്ട് ഉപയോഗയോഗ്യമാക്കുന്നതിനായി ഡ്രിങ്ക് ഫ്രം ടാപ്പ് എന്ന പേരിൽ പദ്ധതി ആരംഭിച്ച സംസ്ഥാനം ?
    - **ഒഡീഷ**
- ഈ സാമ്പത്തിക വർഷം (2022-23) ഇന്ത്യയുടെ ജിഡിപി വളർച്ചാ നിരക്ക് 6.8 ശതമാനമായിരിക്കുമെന്ന് പ്രവചിച്ചത് ?
    - **IMF**
- ദേശീയതല കബഡി ചാമ്പ്യൻഷിപ്പ് കർണാടകയിലെ ഉഡുപ്പിയിൽ ഉദ്ഘാടനം ചെയ്തത് ?
    - **കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി അനുരാഗ് സിംഗ് താക്കൂർ**
- മലേഷ്യയിലെ ക്വാലാലംപൂരിൽ സംഘടിപ്പിച്ച 2022-ലെ 9 വയസ്സിന് താഴെയുള്ളവരുടെ വിഭാഗത്തിൽ ജൂനിയർ ഇന്റർനാഷണൽ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് കിരീടം നേടിയത് ?
    - **ഗെറ്റോ സോറ**
    - **7 വയസ്, അരുണാചൽ പ്രദേശ്**
- യുവ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒഡീഷ സർക്കാർ എല്ലാ വർഷവും നൽകുന്ന 'ഏകലബ്യ പുരസ്കാരം' 2022 ൽ(30th) നേടിയത് ?
    - **സ്വസ്തി സിംഗ് (Cyclist)**
- യുണൈറ്റഡ് വേൾഡ് റെസ്ലിംഗ് റൈസിംഗ് സ്റ്റാർ ഓഫ് ദി ഇയർ ബഹുമതിക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഇന്ത്യൻ വനിതാ ഗുസ്തി താരം ?
    - **ആന്റിം പംഗൽ**

- സിനിമാ സംവിധായകനും കാർട്ടൂണിസ്റ്റും മനുഷ്യാവകാശ പ്രവർത്തകനുമായ അടുത്തിടെ അന്തരിച്ച വ്യക്തി ?
    - **കെ. പി. ശശി**
- അടുത്തിടെ ചണ്ഡിഗഢിൽ വച്ച് അന്തരിച്ച മുൻ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്
    - **ജസ്റ്റിസ് വി.കെ. ബാലി (77)**
    - **കേരള ഹൈക്കോടതിയുടെ സുവർണ ജൂബിലി ആഘോഷിച്ചതും പുതിയ മന്ദിരത്തിലേക്ക് ഹൈക്കോടതിയുടെ പ്രവർത്തനം മാറ്റിയതും ഇദ്ദേഹത്തിന്റെ കാലത്താണ്.**
- ദൃശ്യവേദി കനകജൂബിലി പുരസ്കാരം ലഭിച്ചത് ?
    - **കഥകളി ആചാര്യൻ കലാമണ്ഡലം ഗോപി (50000₹)**
- അഖില ഭാരത അയ്യപ്പസേവാസംഘത്തിന്റെ സ്വാമിപാദപുരസ്ക്കാരം ലഭിച്ചത് ?
    - **കെ. ജി. ജയൻ**
    - **ഭക്തി പ്രചാരണരംഗത്ത് നൽകിയ അതുല്യ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.**
- സ്വാമിപാദ പുരസ്ക്കാരത്തിന്റെ പുരസ്കാരത്തുക ?
    - **18,018 ₹യും ശില്പവും പ്രശസ്തിപത്രവുമാണ് അവാർഡ്.**
    - **പതിനെട്ടാം പടിയിലെ ഓരോ പടിയിലും 1,001 ₹ വീതം സമർപ്പിക്കുന്നുവെന്ന രീതിയിലാണ് പുരസ്ക്കാരത്തുക നൽകുന്നത്.**

## DEC 28

- അന്താരാഷ്ട്ര പകർച്ചവ്യാധി തയ്യാറെടുപ്പ് ദിനം ആചരിക്കുന്നത് ?
    - **ഡിസംബർ 27**
- നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (NHAI) ചെയർമാനായി കേന്ദ്ര സർക്കാർ നിയമിച്ചത് ആരെയാണ് ?
    - **സന്തോഷ് കുമാർ യാദവ്**
- Atomic Energy Regulatory Board ചെയർമാനായി അടുത്തിടെ നിയമിതനായത് ?
    - **ദിനേശ് കുമാർ ശുക്ല**
- 2023 ജനുവരി 1-ന് വിനയ് കുമാർ ത്രിപാഠി വിരമിക്കുന്ന ഒഴിവിൽ റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാനും സിഇഒ യും ആയി നിയമിതനായത് ?
    - **അനിൽ കുമാർ ലഹോട്ടി**

- കഠിനമായ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കൃത്രിമ ഹൃദയം വികസിപ്പിച്ചെടുത്തത് ഏത് IIT യിലെ ഗവേഷകർ ആണ് ?
  - **ഐഐടി കാൺപൂർ**
- ഭാരത് ബയോടെക് വികസിപ്പിച്ച, മൂക്കിലൂടെ നൽകുന്ന കോവിഡ് പ്രതിരോധ വാക്സിന്റെ വില നിശ്ചയിച്ചു. സർക്കാർ ആശുപത്രിയിലെ വില ?
  - **325 ₹**
- 2023-ലെ നാഷണൽ യൂത്ത് കോൺഫറൻസിന് വേദിയാകുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **കർണാടക**
- ഉത്തർപ്രദേശിലെ ഗോരഖ്പൂർ ജില്ലയിലെ മുണ്ടേര ബസാർ എന്ന മുനിസിപ്പൽ കൗൺസിലിന്റെ പുതിയ പേര് ?
  - **ചൗരി-ചൗര**
- വിദ്യാഭ്യാസ രംഗത്തെ ഓസ്കാറായി കണക്കാക്കപ്പെടുന്ന വാർട്ടൺ-ക്യുഎസ് റീമാജിൻ എഡ്യുക്കേഷൻ അവാർഡ് 2022 ൽ ലഭിച്ചത് ?
  - **ഐഐടി മദ്രാസ്**
- ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടം നിലവിൽ വരുന്നത് ?
  - **മുംബൈ**
- FSSAI ഫൈവ് സ്റ്റാർ റേറ്റിംഗ് നൽകുന്ന ഉത്തർപ്രദേശിലെ രണ്ടാമത്തെ ജയിലായി മാറിയത് ?
  - **ബുലന്ദ്ഷഹർ ജയിൽ ഫുഡ്സ് (ഫറൂഖാബാദ് ജയിൽ)**
- ആർബിഐയുടെ പുതുക്കിയ ബാങ്ക് ലോക്കർ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നത് ?
  - **2023 ജനുവരി 1 മുതൽ**
- ചൈന, പാകിസ്ഥാൻ അതിർത്തിയിൽ വിന്യസിക്കുന്നതിനായി 120 ഓളം വരുന്ന ഏത് മിസൈലുകൾ ആണ് DRDO നൽകുന്നത് ?
  - **പ്രളയ് മിസൈൽ**
- 2037-ഓടെ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് പ്രവചിച്ച യുണൈറ്റഡ് കിംഗ്ഡം ആസ്ഥാനമായുള്ള സാമ്പത്തിക ശാസ്ത്ര കൺസൾട്ടൻസി സ്ഥാപനം ?
  - **സെന്റർ ഫോർ ഇക്കണോമിക്സ് ആൻഡ് ബിസിനസ് റിസർച്ച് (CEBR)**
- 2027-28 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥ ആവുമെന്ന് പ്രവചിച്ചത് ?

- **IMF**

❖ 2023 ജനുവരി മുതൽ യൂറോപ്യൻ യൂണിയൻ കറൻസിയായ യൂറോ ഉപയോഗിക്കാൻ തീരുമാനിച്ച രാജ്യം ?

- **ക്രൊയേഷ്യ**

❖ ആറാമത് എലൈറ്റ് ദേശീയ വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പ് നടന്നത് ?

- **ഭോപ്പാൽ, മധ്യപ്രദേശ്**

❖ ബാഡ്മിന്റൺ ലോക ഫെഡറേഷൻ റാങ്കിങ്ങിൽ ഇന്ത്യൻ താരം എച്ച്.എസ്. പ്രണോയ് യുടെ സ്ഥാനം ?

- **8 (7. ലക്ഷ്യ സെൻ; 12. കിടംബി ശ്രീകാന്ത്)**

❖ ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ 5000 റൺസെന്ന നാഴികക്കല്ല് പിന്നിട്ട കേരള താരം ?

- **രോഹൻ പ്രേം**

❖ നൂറാം ടെസ്റ്റിൽ ഇരട്ട സെഞ്ചുറി നേടുന്ന രണ്ടാമത്തെ താരം ആയത് ?

- **ഡേവിഡ് വാർണർ (ഓസ്ട്രേലിയ) (1. ജോ റൂട്ട് (ഇംഗ്ലണ്ട്) )**

❖ ഓസ്ട്രേലിയയുടെ പുരുഷ ടെസ്റ്റ് പ്ലെയർ ഓഫ് ദ ഇയർ അവാർഡ് പുനർനാമകരണം ചെയ്തത് ആരുടെ പേരിൽ ആണ് ?

- **ഷെയ്ൻ വോൺ**

❖ ജനുവരി ആദ്യവാരം തുടങ്ങുന്ന ശ്രീലങ്കക്കെതിരായ ട്വന്റി 20 മത്സരത്തിൽ ഇന്ത്യൻ ടീമിനെ നയിക്കുന്നത് ?

- **ഹാർദിക് പാണ്ഡ്യ**

❖ ജനുവരി ആദ്യവാരം തുടങ്ങുന്ന ശ്രീലങ്കക്കെതിരായ ഏകദിന മത്സരത്തിൽ ഇന്ത്യൻ ടീമിനെ നയിക്കുന്നത് ?

- **രോഹിത് ശർമ**

❖ ഐ ലീഗ് ക്ലബ്ബ് ഗോകുലം കേരള എഫ്. സി. യുടെ പുതിയ പരിശീലകൻ ?

- **ഫ്രാൻസെസ് ബോണെറ്റ് (സ്പെയിൻ)**

❖ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ലൈബ്രറി നിയോജക മണ്ഡലമായി മാറിയത് ?

- **ധർമടം**

❖ അടുത്തിടെ കേരളത്തിലെ എത്ര റെയിൽവേ സ്റ്റേഷനുകളെയാണ് ആദർശ് സ്റ്റേഷനുകളായി ഉയർത്തുമെന്ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചത് ?

- **77**

- 2022 ഡിസംബറിൽ കേരളത്തിലെ ആദ്യ സ്മാർട്ട് മൊബൈൽ കമ്പോസ്റ്റിംഗ് യൂണിറ്റ് നിലവിൽ വന്നത് ?
  - **പള്ളിത്തോട്ടം (കൊല്ലം)**

## DEC 29

- 2022 ഡിസംബർ 27-ന് 200-ാം ജന്മവാർഷികം ആചരിക്കപ്പെട്ട പേവിഷത്തിന് പ്രതിരോധ കുത്തിവയ്പ് കണ്ടുപിടിച്ച പ്രശസ്ത ഫ്രഞ്ച് ശാസ്ത്രജ്ഞൻ ?
  - **ലൂയി പാസ്റ്റർ**
- കോൺഗ്രസിന്റെ 138ആമത് സ്ഥാപക ദിനം ആചരിച്ചത് ?
  - **2022 ഡിസംബർ 28**
- മുഖ്യമന്ത്രിയെയും മുൻ മുഖ്യമന്ത്രിമാരെയും മന്ത്രിമാരെയും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തി നിയമസഭ പാസാക്കിയ ബിൽ ഏതാണ് ?
  - **മഹാരാഷ്ട്ര ലോകായുക്താ ഭേദഗതിബിൽ (2022)**
- മറാത്തി സംസാരിക്കുന്ന 865 കർണാടക ഗ്രാമങ്ങളെ മഹാരാഷ്ട്രയിൽ ഉൾപ്പെടുത്താൻ നിയമസഭ പ്രമേയം പാസാക്കിയത് ?
  - **മഹാരാഷ്ട്ര**
- ഗ്ലാസ് പ്രതലത്തോടു കൂടിയ രാജ്യത്തെ നീളം കൂടിയ തൂക്കു പാലം വരുന്നത് ?
  - **മഹാരാഷ്ട്ര**
  - **അമരാവതിയിലെ ഹിൽസ്റ്റേഷനായ ചിഖൽദരയിൽ നിർമിക്കുന്ന പാലത്തിന്റെ നീളം -407 മീറ്റർ**
  - **ഇതിന്റെ നടുവിലായി 100 മീറ്ററിലാണ് ഗ്ലാസ് പ്രതലമൊരുക്കുന്നത്.**
- ഗ്ലാസ് പ്രതലമുള്ള രാജ്യത്തെ രണ്ടാമത്തെ തൂക്കുപാലമായ ഇത് പൂർത്തിയാകുന്നത് ?
  - **2023 ജൂലൈയിൽ**
  - **ഗ്ലാസ് പ്രതലമുള്ള രാജ്യത്തെ ആദ്യത്തെ തൂക്കുപാലം സിക്കിമിൽ ആണ്.**
- ദേഷ്യത്തിൽ സംസാരിക്കുമ്പോൾ പറഞ്ഞുപോയ വാക്കുകൾ ആത്മഹത്യക്ക് പ്രേരണയായതായി കണക്കാക്കാനാവില്ലെന്ന് അടുത്തിടെ പ്രസ്താവിച്ചത് ?
  - **മധ്യപ്രദേശ് ഹൈക്കോടതി**
- "Forks in the Road: My Days at RBI and Beyond" എന്ന പുസ്തകം രചിച്ച മുൻ റിസർവ് ബാങ്ക് ഗവർണർ ?
  - **സി. രംഗരാജൻ**
- ശാസ്ത്ര-ഗവേഷണ മേഖലകളിലെ മികവിന് അടൽ സമ്മാൻ പുരസ്കാരം ലഭിച്ചത് ?

- **പ്രഭു ചന്ദ്ര മിശ്ര**

❖ ഇന്ത്യൻ ആർമിയുടെ അടുത്ത എഞ്ചിനീയർ-ഇൻ-ചീഫായി ആരാണ് നിയമിതനായത്
- **ജനറൽ അരവിന്ദ് വാലിയ**

❖ Oil and Natural Gas Corporation ചെയർമാനായി നിയമിതനായത് ?
- **അരുൺകുമാർ സിംഗ്**

❖ G20 ഉച്ചകോടിയുടെ സയൻസ് വർക്കിംഗ് ഗ്രൂപ്പായ സെക്രട്ടേറിയറ്റ് ഫോർ സയൻസ് 20 (S20) ആയി തിരഞ്ഞെടുത്തത് ?
- **ഐഐഎസ്‌സി ബെംഗളൂരു**

❖ 2021-2022 വർഷത്തെ രബീന്ദ്രനാഥ് ടാഗോർ ലിറ്റററി പ്രൈസ് ലഭിച്ചത് ആർക്കെല്ലാം ?
- **സുദീപ് സെൻ, ശോഭന**

❖ ധനു യാത്ര / ധനു ജാത്ര ഫെസ്റ്റിവൽ നടക്കുന്നത് ?
- **ഒഡീഷ**

❖ ആന്ധ്രാപ്രദേശിലെ തീർഥാടന നഗരമായ ശ്രീശൈലത്തിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്ററിൽ 'പ്രസാദ്' പദ്ധതി ഉദ്ഘാടനം ചെയ്തത് ?
- **രാഷ്ട്രപതി ദ്രൗപദി മുർമു**

❖ ആധാറിന്റെ മാതൃകയിൽ തമിഴ്നാട്ടിൽ ആരംഭിക്കുന്ന തിരിച്ചറിയൽ കാർഡും നമ്പറും ഏത് പേരിലാണ് ?
- **മക്കൾ ഐഡി**

❖ ജനിതക പ്രശ്നങ്ങളെ തുടർന്നുണ്ടാകുന്ന മസ്തിഷ്ക തകരാറായ ജിഎൻബി എൻസഫലോപതി മരുന്നു കണ്ടെത്താൻ ടെൽ അവീവ്, കൊളംബിയ സർവകലാശാലകളുമായി ചേർന്ന് ഗവേഷണം നടത്തുന്നത് ?
- **ഐഐടി മദ്രാസ്**

❖ ഉത്തർപ്രദേശ് ആസ്ഥാനമായ മരിയോൺ ബയോടെക് നിർമിച്ച ഏത് ചുമ മരുന്ന് കഴിച്ചാണ് 18 കുട്ടികൾ മരിച്ചെന്ന് ഉസ്ബെകിസ്ഥാൻ ആരോഗ്യമന്ത്രാലയം കുറ്റപ്പെടുത്തുന്നത് ?
- **ഡോക് 1 മാക്സ്**

❖ അടുത്തിടെ മനുഷ്യന്റെ തലച്ചോറിനെ തകരാറിലാക്കുന്ന അമീബ മൂലമുള്ള അണുബാധ (നെഗ്ലേറിയ ഫൗലേറി) സ്ഥിരീകരിച്ചത് ?
- **ദക്ഷിണ കൊറിയ**

❖ 2022 ലെ ഗ്ലോബൽ ഏവിയേഷൻ സേഫ്റ്റി റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ?

- **48**
- **1.സിംഗപ്പൂർ**

❖ സംഗീതജ്ഞൻ ആലപ്പി രംഗനാഥിന്റെ പേരിലുള്ള ആലപ്പി രംഗനാഥൻ മാസ്റ്റർ ഫൗണ്ടേഷൻ ട്രസ്റ്റിന്റെ പ്രഥമ 'സ്വാമിസംഗീത' പുരസ്കാരം (25,000 ₹) ലഭിച്ച കവിയും ഗാനരചയിതാവും തിരക്കഥാകൃത്തും ആയ വ്യക്തി ?

- **കെ. ജയകുമാർ**
- **2023 ജനുവരി 15ന് അവാർഡ് സമ്മാനിക്കും.**

❖ കൊച്ചിക്കു പിന്നാലെ ജിയോ ട്രൂ 5G സേവനം ലഭിച്ചു തുടങ്ങിയത് ?

- **തിരുവനന്തപുരം**

❖ 2022 ഡിസംബറിൽ പ്രഥമ മലയാളി മാർഗഴി സാഹിത്യ പുരസ്കാരം നേടിയത് ?

- **വി. പി. ജോയ് (ചീഫ് സെക്രട്ടറി)**

❖ സഖാവ് എന്ന പുസ്തകത്തിന്റെ രചയിതാവ് ?

- **ടി. പത്മനാഭൻ**

❖ കൊല്ലം ആശ്രാമം മൈതാനത്ത് നടക്കുന്ന ദേശീയ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ഒഡിഷയെ തോൽപ്പിച്ച് സെമിഫൈനലിൽ കടന്നത് ?

- **കേരളം**

❖ 2022ലെ FIDE World Rapid Chess Championship ൽ ജേതാവായത് ?

- **മാഗ്നസ് കാൾസൻ**

❖ നാഷണൽ ബില്ല്യാർഡ്സ് ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയത് ?

- **ബ്രിജേഷ് ദമാനി**

❖ മെസ്സി ലോകകപ്പ് കാലത്ത് താമസിച്ച മുറി മ്യൂസിയമാക്കുന്നത് ?

- **ഖത്തർ സർവകലാശാല (മുറി : ബി 201)**

## DEC 30

❖ ആക്റ്റിംഗ് സെൻട്രൽ വിജിലൻസ് കമ്മീഷണറായി നിയമിതനായത് ?

- പ്ര**വീൺ കുമാർ ശ്രീവാസ്തവ**

❖ 2020 ൽ പത്മശ്രീ പുരസ്കാരം ലഭിച്ച ശ്രീഭാഷ്യം വിജയസാരഥി(86) അന്തരിച്ചു. ഏത് മേഖലയിൽ പ്രശസ്തനായ വ്യക്തി ആയിരുന്നു അദ്ദേഹം ?

- **ഇന്ത്യൻ എഴുത്തുകാരനും സംസ്കൃത വ്യാകരണജ്ഞനും തത്ത്വചിന്തകനും നിരൂപകനും**

- **തെലുഗു കാവ്യരൂപമായ സീസം സംസ്കൃത ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.**

❖ ലോകോത്തര കയാക്കിംഗ്-കനോയിംഗ് അക്കാദമി സ്ഥാപിക്കുന്നത് ഏത് സംസ്ഥാനത്താണ് ?
- **ഉത്തരാഖണ്ഡ്**

❖ ഏത് സംസ്ഥാന സർക്കാരാണ് 'ഇ-സുശ്രുത്' ആശുപത്രി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഉദ്ഘാടനം ചെയ്തത് ?
- **ഉത്തർപ്രദേശ്**

❖ സംസ്ഥാന മൃഗമായ നീലഗിരി താർ സംരക്ഷണത്തിന് 'പ്രോജക്ട് നീലഗിരി താർ' പദ്ധതി ആരംഭിച്ചത് ?
- **തമിഴ്നാട്**

❖ തമിഴ്നാട് നീലഗിരി താർ ദിനം ആയി ആചരിക്കാൻ തീരുമാനിച്ചത് ?
- **ഒക്ടോബർ 7**

❖ ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ചീഫ്സ് ഓഫ് പോലീസ് (IACP) 2022 അവാർഡ് ലഭിച്ച ഛത്തീസ്ഗഡ് പോലീസിന്റെ ക്യാമ്പെയിൻ ?
- **നിജാത്ത് (Nijaat)**
- **ഈ കാമ്പെയ്നിന് കീഴിൽ, നിയമവിരുദ്ധമായ മയക്കുമരുന്ന് വ്യാപാരികൾക്കെതിരെ കർശനമായ നടപടികൾ, തീവ്രമായ പൊതു അവബോധം എന്നിവ സ്വീകരിച്ചു.**

❖ ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് ഉപഭോക്താക്കളുടെ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിനായി റൈറ്റ് റ്റു റിപ്പെയർ പോർട്ടൽ ഉദ്ഘാടനം ചെയ്തത് ?
- **കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ**

❖ സ്വന്തം മണ്ഡലത്തിൽ സമ്മതിദാനം വിനിയോഗിക്കാൻ സൗകര്യമില്ലാത്തവർക്ക് വിദൂരദേശങ്ങളിലിരുന്ന് വോട്ടു ചെയ്യാനായി തയ്യാറാവുന്ന വിദൂര വോട്ട് സംവിധാനം
- **റിമോട്ട് ഇലക്ട്രോണിക് വോട്ടിങ് മെഷീൻ (ആർ.വി.എം.)**

❖ ആകാശത്തുനിന്ന് തൊടുക്കാവുന്ന ബ്രഹ്മോസ് മിസൈൽ വ്യോമസേന വിജയകരമായി പരീക്ഷിച്ചു. ഏത് വിമാനത്തിൽ നിന്നാണ് ബംഗാൾ ഉൾക്കടലിൽ നങ്കൂരമിട്ട കപ്പൽലക്ഷ്യം ഭേദിച്ചതായി വ്യോമസേന അറിയിച്ചത് ?
- **സുഖോയ് എസ്.യു.-30 എം.കെ.ഐ. വിമാനം.**

- കോവിഡ് വ്യാപനമുള്ള അഞ്ചു രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്കെത്തുന്ന യാത്രികർക്ക് RTPCR ജനുവരി 1 മുതൽ നിർബന്ധമാക്കി. ഏതെല്ലാം രാജ്യങ്ങൾ ?
  - **ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, ഹോങ്കോങ്, തായ്ലൻഡ്**
  - **RTPCR -റിവേഴ്സ് ട്രാൻസ്ക്രിപ്ഷൻ-പോളിമറേസ് ചെയിൻ റിയാക്ഷൻ ടെസ്റ്റ്**
- അടുത്തിടെ വിരമിക്കൽ പ്രഖ്യാപിച്ച ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് താരം ?
  - **ഫർഹാൻ ബെഹാർഡിയൻ**
- 'നിത്യ ലളിത: കെ.പി.എ.സി. ലളിതയുടെ അഭിനയജീവിതം' എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **എസ്. ശാരദക്കുട്ടി**
- മികച്ച പൊതുപ്രവർത്തകനുള്ള തമ്പാൻ തോമസ് ഫൗണ്ടേഷൻ പുരസ്കാരം(1 ലക്ഷം ₹) ലഭിച്ചത്
  - **തുഷാർ ഗാന്ധി ( മഹാത്മാഗാന്ധിയുടെ മകന്റെ കൊച്ചുമകൻ ആണ്. )**
- സംസ്ഥാനത്തെ മുഴുവൻ കോർപ്പറേഷനുകളിലും നഗരസഭകളിൽ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ?
  - **കെ- സ്മാർട്ട്**
- സംസ്ഥാന ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ വിജയികളായത് ?
  - **ആലപ്പുഴ**
  - **തിരുവനന്തപുരത്തെ പരാജയപ്പെടുത്തി**
- സംസ്ഥാന ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ വിജയികളായത് ?
  - **തിരുവനന്തപുരം**
  - **ആലപ്പുഴയെ പരാജയപ്പെടുത്തി**
- ഫുട്ബോൾ ഇതിഹാസം പെലെ അന്തരിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥ നാമം ?
  - **എഡ്സൺ അരാന്റസ് ഡൊ നാസിമെന്റോ**
- ഇതിഹാസ താരത്തിന്റെ നാട്ടിൽ വൈദ്യുതി എത്തിയ വർഷം ?
  - **അദ്ദേഹം ജനിച്ച 1940**
- 1995 മുതൽ 1999 വരെ ബ്രസീലിലെ കായികമന്ത്രി ആയിരുന്നത് ?
  - **പെലെ**
- എല്ലാ വർഷവും സാന്റോസുകാർ പെലെ ദിനം ആഘോഷിക്കുന്നത് ?

- **നവംബർ 19**

❖ പെലെ 1000 ഗോൾ തികച്ചത് ?

- **1969 നവംബർ 19 (**
- **That's why November 19 termed as Pele Day.**

❖ മൂന്ന് ഫുട്ബോൾ ലോകകപ്പ് കിരീടങ്ങൾ നേടിയ ഏക താരം ?

- **പെലെ (1958,1962,1970)**

❖ ഫുട്ബോൾ വേൾഡ് കപ്പിൽ ഹാട്രിക് നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരം ?

- **പെലെ ( ബ്രസീലിനായി 92 മത്സരങ്ങളിൽ 77 ഗോളുകൾ നേടി.)**

❖ കുടലിലെ അർബുദ ബാധയെ തുടർന്ന് ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസം പെലെ (82) അന്തരിച്ചത് ?

- **2022 ഡിസംബർ 30**

❖ പെലെയുടെ ആത്മകഥ ?

- **My Life and the Beautiful Game**

❖ വിജയമെന്നത് ആകസ്മിക സംഭവമല്ല.കഠിനാധ്വാനം, അക്ഷീണപരിശ്രമം, ജ്ഞാനം, ആലോചന,ത്യാഗം എല്ലാത്തിനുമുപരി ചെയ്യുന്ന കാര്യത്തോടുള്ള ഇഷ്ടംകൂടിയാണ്- എന്ന് പ്രസ്താവിച്ചത് ?

- **പെലെ (1940-2022)**

## DEC 31

❖ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അമ്മയ്ക്ക് അന്ത്യാഞ്ജലി. പേര് ?

- **ഹീരാബെൻ മോദി (100)**
- **വെള്ളിയാഴ്ച പുലർച്ചെ മൂന്നരയോടെ യു.എൻ. മേത്ത ആശുപത്രിയിലായിരുന്നു അന്ത്യം.**

❖ അടുത്തിടെ ഇന്ത്യയൊട്ടാകെയുള്ള റെയിൽവേ സ്റ്റേഷനുകളുടെ സമഗ്ര നവീകരണത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി ?

- **അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി**

❖ ഇന്ത്യയുടെ ഭാഷാ വൈവിധ്യം മാപ്പ് ചെയ്യുന്നതിനായി ഗൂഗിൾ ധനസഹായം നൽകുന്ന ഡിജിറ്റൽ പദ്ധതിയുടെ പേര് ?

- **പ്രോജക്ട് വാണി**

❖ പശ്ചിമ ബംഗാളിലെ ആദ്യ വന്ദേ ഭാരത് എക്സ്പ്രസ് (രാജ്യത്തെ ഏഴാമത്തെ) പ്രധാനമന്ത്രി മോദി ഫ്ലാഗ് ഓഫ് ചെയ്തു. റൂട്ട്, ദൈർഘ്യം ?

   - **ഹൗറ-ന്യൂ ജൽപായ്ഗുരി റൂട്ട്,**
   - **564 കിലോമീറ്റർ ദൂരം 7.45 മണിക്കൂർ കൊണ്ട് പിന്നിടും.**
- ഗോവയിലെ പുതിയ സുവാരി പാലം ഉദ്ഘാടനം ചെയ്തത് ?
   - **കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി**
- ഗ്രീൻ മെഥനോൾ പദ്ധതിക്കായി നാഷണൽ തെർമൽ പവർ കോർപ്പറേഷൻ(NTPC) ഏത് വിദേശരാജ്യവുമായാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത് ?
   - **ഇറ്റലി**
- ആറാം തവണയും ഇസ്രായേലിന്റെ പുതിയ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത് ?
   - **ബെഞ്ചമിൻ നെതന്യാഹു**
- അമേരിക്കൻ വൈസ് പ്രസിഡന്റ് കമലാ ഹാരിസ് നാഷണൽ സ്പേസ് കൗൺസിലിന്റെ അഡ്വൈസറി ഗ്രൂപ്പിലേക്ക് (യുഎജി) നിയമിച്ച ഇന്ത്യൻ-അമേരിക്കൻ വംശജൻ ?
   - **രാജീവ് ബദ്യാൽ**
- അഴിമതിക്കേസിൽ മ്യാൻമാർ മുൻ സ്റ്റേറ്റ് കൗൺസിലറും ജനാധിപത്യ വിപ്ലവനായികയ്ക്ക് മ്യാൻമാർ കോടതി ഏഴുവർഷം തടവുശിക്ഷ വിധിച്ചു. പേര് ?
   - **ആങ് സാൻ സ്യൂചി (തടവുകാലം 33 കൊല്ലമായി ഉയർന്നു.)**
- ഇറ്റാലിയൻ സിനിമകളുടെ സുവർണ കാലഘട്ടത്തിലെ വിവാദ ചലച്ചിത്ര സംവിധായകൻ അന്തരിച്ചു. പേര് ?
   - **റുജെറോ ഡിയോഡാറ്റോ**
   - **അദ്ദേഹത്തിന്റെ വിവാദ ചലച്ചിത്രം - 'കാനിബാൽ ഹോളോകോസ്റ്റ്'**

- ലോകപ്രശസ്ത ജാപ്പനീസ് വാസ്തുശിൽപിയും 'ആർകിടെക്ട് നൊബേൽ' എന്നറിയപ്പെടുന്ന പ്രിറ്റ്സ്കർ പുരസ്കാര ജേതാവുമായ വ്യക്തി അന്തരിച്ചു. പേര് ?
   - **അരാറ്റ ഇസോസാകി (91)**
- ഫാഷൻ ലോകത്ത് തരംഗമായ പങ്ക് സ്റ്റൈലിന്റെ ഉപജ്ഞാതാവും ബ്രിട്ടീഷ് ഫാഷൻ ഡിസൈനറുമായ വ്യക്തി അന്തരിച്ചു. പേര് ?
   - **വിവിയൻ വെസ്റ്റ് വുഡ് (81)**
- 2022ലെ FIDE World Rapid Chess Championship ൽ പുരുഷ വിഭാഗത്തിൽ ജേതാവായത് മാഗ്നസ് കാൾസൻ. എന്നാൽ വനിതാ വിഭാഗം ജേതാവ് ആരാണ് ?

- **ടാൻ സോങ്‌യി (ചൈന)**

❖ ഉത്തരാഖണ്ഡ് ഹരിദ്വാറിലെ മംഗളൗരിയിൽ അപകടത്തിൽപ്പെട്ട കാറിൽ നിന്നും അദ്ഭുതകരമായി രക്ഷപ്പെട്ട ഇന്ത്യൻ ക്രിക്കറ്റ് താരം ?

- **ഋഷഭ് പന്ത്**

❖ 145 വർഷത്തെ പുരുഷ ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ മത്സരത്തിലെ ആദ്യ രണ്ട് വിക്കറ്റുകളും സ്റ്റംപിങ്ങിലൂടെ നേടുന്ന ആദ്യ വിക്കറ്റ് കീപ്പർ എന്ന അപൂർവ്വ റെക്കോഡ് നേടിയ ന്യൂസിലാന്റ് താരം ?

- **ടോം ബ്ലണ്ടൽ**

❖ സൗദി പ്രഫഷണൽ ലീഗിൽ അൽ നസ്ർ ക്ലബ് പ്രതിവർഷം 1950 കോടി ₹ യ്ക്ക് കരാർ ഒപ്പിട്ട ഫുട്ബോൾ താരം ?

- **ക്രിസ്റ്റ്യാനോ റൊണാൾഡോ**

❖ 2022 ലെ മയിലമ്മ പുരസ്കാരം ലഭിച്ചത് ?

- **സോണിയ ജോർജ്**

❖ ദേശീയ മെഡിക്കൽ കമ്മിഷൻ അംഗമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം തിരഞ്ഞെടുത്തത് ?

- **ഡോ. മോഹനൻ കുന്നുമ്മൽ**
- **ആരോഗ്യശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ**

❖ നഗരങ്ങൾക്കുള്ളിൽ ചെറുകിട ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേരള ഐ.ടി. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി ?

- **വർക്ക് നിയർ ഹോം**

❖ KSEB ക്ക് കീഴിലുള്ള 13 ഡാമുകൾ പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി അനെർട്ടുമായി ധാരണാപത്രത്തിലൊപ്പുവച്ച പൊതുമേഖലാ സ്ഥാപനം ?

- **ടി.എച്ച്.ഡി.സി. ഇന്ത്യ ലിമിറ്റഡ്**

****************************************

01 10th Main Full Syllabus Mock Test

02 5 - 10 SCERT Complete Mock Test

03 Daily Current Affair Updates

04 Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in